Reg. No C. 101, M. 2293

ഒററപ്രതിക്കു 2ണ.

St. Mary's Conv. H-S
Ernakulam

# സത്യദീപം

“ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല.”

പുസ്തകം 25 | 1127 തുലാം 7—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1951 ഒക്ടോബർ 24 | ലക്കം 11

## നിന്റെ രാജ്യം വരണം

(റവ. ഫാദർ തോമസ് മൂത്തേടൻ എം. എ., ഡി. ഡി.)

ക്രിസ്തുരാജൻ ശ്ലീഹന്മാരെ പഠിപ്പിച്ച പ്രാർത്ഥനയിലെ പ്രധാനമായ ഒരപേക്ഷയാണു “നിന്റെ രാജ്യം വരണം” എന്നതു്. ആ രാജ്യത്തെ അവിടുന്നു സ്ഥാപിച്ചു. പന്ത്രണ്ടുശിഷ്യന്മാരെ മന്ത്രിമാരായി നാമകരണംചെയ്തു. അവർക്കു നിയമങ്ങളുണ്ടാക്കുവാനും പഠിപ്പിക്കുവാനും നിയമങ്ങൾ ലംഘിക്കുന്നവരെ ശിക്ഷിക്കുവാനും അനുവാദം നല്കി. അങ്ങനെ പരിപൂർണ്ണമായ ഒരു രാജ്യം സംസ്ഥാപിതമായി. ആ രാജ്യത്തിന്റെ അനുസ്യൂതമായ അഭ്യുന്നതിക്കുവേണ്ടി പ്രാർത്ഥിക്കുവാൻ അവിടുന്നു് ആജ്ഞാപിക്കുകയുംചെയ്തു.

നന്മയൊന്നും ദർശിച്ചിട്ടില്ലാത്ത നസറത്തിലെ ഒരു എളിയഭവനം. കളങ്കപങ്കിലമായ പ്രകൃതിയുടെ ഏകസ്തുതിപാത്രമായ കന്യകാമറിയം ധ്യാനനിരതയായി അവിടെ മുട്ടുകുത്തിനില്ക്കുന്നുണ്ടു്. പെട്ടെന്നു് ഒരു വാനവദൂതൻ പ്രഭാപൂരം ചൊരിഞ്ഞുകൊണ്ടു് ആ മുറിയിൽ പാഞ്ഞെത്തി. ഭൂവാസിയെന്നതിനെക്കാൾ സ്വർഗ്ഗവാസിയെന്ന സംബോധനയ്ക്കു കൂടുതൽ അർഹയായ ആ കന്യക കണ്ണുയർത്തിനോക്കിയപ്പോൾ സ്വർഗ്ഗീയഭാഷയിൽ ചില വാക്യശകലങ്ങൾ ആ വാനവദൂതനിൽനിന്നു് അടർന്നുവീണു: “നീ ഗർഭംധരിച്ചു് ഒരു പുത്രനെ പ്രസവിക്കും. അവനെ ഈശോ എന്നു പേർവിളിക്കണം. അവൻ വലിയവനായിരിക്കും. അത്യുന്നതന്റെ പുത്രൻ എന്നു വിളിക്കപ്പെടും. അവന്റെ പിതാവായ ദാവീദിന്റെ സിംഹാസനം കർത്താവായ ദൈവം അവനു കൊടുക്കും. യാക്കോബിന്റെ ഭവനത്തിന്മേൽ അവൻ എന്നേക്കും ഭരണം നടത്തും. അവന്റെ രാജ്യത്തിനു് അതിർത്തിയുണ്ടായിരിക്കയില്ല.”

ക്ഷീരവും മധുവും പ്രവഹിക്കുന്ന പലസ്തീനാരാജ്യത്തിന്റെ തിലകമായി വർത്തിക്കുന്ന ഓറശ്ലേം നഗരത്തിലെ കമനീയമായ ഒരു കൊട്ടാരം! റോമൻ ഗവർണ്ണരായ പീലാത്തോസിന്റെ ന്യായാസനത്തിൽ രാജാധിരാജനായ ക്രിസ്തുനാഥൻ കുററവാളിയായി നിലകൊള്ളുന്നു. സീസറല്ലാതെ ഞങ്ങൾക്കു രാജാവില്ലെന്നു ജനങ്ങൾ മുറവിളികൂട്ടുന്നു. തൽസമയം ഒരു റോമനുദ്യോഗസ്ഥന്റെ ഗാംഭീര്യത്തോടെ പീലാത്തോസു ന്യായാസനത്തിലിരുന്നു ചോദിച്ചു, നീ രാജാവാകുന്നുവോയെന്നു്. ഈശോ അവനോടു പറഞ്ഞു. “ഞാൻ രാജാവാകുന്നുവെന്നു നീ പറഞ്ഞുവല്ലോ. ഇതിനായിട്ടു ഞാൻ ജനിച്ചിരിക്കുന്നു. ഇതിനായിട്ടു്—സത്യത്തെപ്പററി സാക്ഷ്യം നല്കുവാനായിട്ടു്—ഞാൻ ഈ ലോകത്തിലേക്കു വരികയും ചെയ്തിരിക്കുന്നു.”

നസറത്തിൽവച്ചു വാനവദൂതൻ ഈശോയ്ക്കു് അന്തമില്ലാത്ത രാജ്യം വാഗ്ദാനം ചെയ്തപ്പോഴും പരസ്യജീവിതത്തിൽ “നിന്റെ രാജ്യം വരണ”മെന്നു് അപേക്ഷിക്കുവാൻ ശ്ലീഹന്മാരോടു് ആജ്ഞാപിച്ചപ്പോഴും പീലാത്തോസിന്റെ ന്യായാസനത്തിൽവച്ചു താൻ രാജാവാണെന്നു പ്രസ്താവിച്ചപ്പോഴും ഒരേ ഒരു രാജ്യമാണു് ഈശോ ഭാവനംചെയ്തതു—ദൈവരാജ്യം. ആ മഹാരാജ്യത്തിലെ അതുല്യരാജാവാണു ക്രിസ്തുനാഥൻ.

രാജാക്കന്മാരെ ബഹിഷ്കരിച്ചു പ്രജാധിപത്യഭരണം നടപ്പിൽ വരുത്തുന്ന ആധുനികലോകം രാജാധിരാജനായ ക്രിസ്തുനാഥനേയും അവഗണിച്ചു ഭരണം നടത്തുവാൻ വെമ്പൽകൊള്ളുന്നു. രാജ്യങ്ങളും ജനതകളും ചെയ്യുന്ന ഈ പരിശ്രമത്തിന്റെ മദ്ധ്യേ ക്രിസ്തുരാജന്റെ നേർക്കു കത്തോലിക്കാലോകത്തിനുള്ള ബഹുമാനാദരങ്ങളും അവിടുത്തെ ഭരണത്തിലുള്ള വിശ്വാസവും പ്രകടിപ്പിക്കുവാനായി സ്ഥാപിതമായിരിക്കുന്ന തിരുനാളാണു ക്രിസ്തുവിന്റെ രാജത്വം. തിരുനാൾ സ്ഥാപിച്ചകാലത്തു പരിശുദ്ധപിതാവു് പതിനൊന്നാംപീയൂസു മാർപ്പാപ്പാ ഇപ്രകാരമെഴുതി: “ദുഷ്ടജനങ്ങളുടെ സംഘാതപരിശ്രമങ്ങൾവഴി സമാപ്തമായിരിക്കുന്ന ശതാബ്ദത്തിലും സമാരംഭിച്ചിരിക്കുന്ന ഈ ശതാബ്ദത്തിലും കാര്യങ്ങൾ വളരെ കുഴപ്പത്തിലായിട്ടുണ്ടു്. മനുഷ്യർ മിശിഹായുടെ ഭരണത്തെ തിരസ്കരിക്കുകയും സ്വാഭാവികവും ദൈവികവുമായ തത്വങ്ങൾക്കെതിരായ നിയമങ്ങളും ചട്ടങ്ങളുമുണ്ടാക്കി അവിടുത്തെ ഭരണത്തിനെതിരായി പോർവിളിക്കുകയും ചെയ്യുന്നു.” വ്യക്തികൾ വഴിതെററിപ്പോകുന്നതും കുടുംബജീവിതം ശിഥിലമാകുന്നതും രാഷ്ട്രങ്ങൾ മതവിരുദ്ധമാകുന്നതും പലസ്ഥലങ്ങളിൽ തിരുസഭ പീഡിപ്പിക്കപ്പെടുന്നതും കണ്ടു പതിനൊന്നാംപീയൂസു മാർപ്പാപ്പയുടെ ഹൃദയം തകർന്നു. എന്നാൽ തിരുമനസ്സിലെ പ്രശസ്തപിൻഗാമിയായ പന്ത്രണ്ടാംപീയൂസു മാർപ്പാപ്പയുടെ മൃദുലഹൃദയം ഇക്കാലത്തു കൂടുതൽ വേദന അനുഭവിക്കുന്നുണ്ടു്. ഇരിമ്പുമറയ്ക്കുള്ളിൽ അമർന്നുപോയിരിക്കുന്ന രാജ്യങ്ങളിൽ തിരുസഭ അനുഭവിക്കുന്ന പീഡനം അവിടുത്തെ പൈതൃകഹൃദയത്തെ ഭേദിച്ചിരിക്കുന്നു. ഇരുപത്തഞ്ചുകൊല്ലം മുമ്പുണ്ടായിരുന്ന കാട്ടാളത്തവും ഇന്നത്തേതുംകൂടി തട്ടിച്ചുനോക്കിയാൽ അജഗജാന്തരമുണ്ടെന്നു് ആരും സമ്മതിക്കും. നീതിയിലും സ്നേഹത്തിലും അധിഷ്ഠിതമായ സമാധാനം ഈശോയുടെ രാജത്വത്തിൻ കീഴല്ലാതെ ഉണ്ടാകാൻപോകുന്നില്ല. വ്യക്തികളുടെയും കുടുംബങ്ങളുടെയും സമുദായങ്ങളുടെയും രാജാവു് ഈശോയാകണം. പ്രഥമകാര്യങ്ങൾക്കു പ്രഥമസ്ഥാനം നല്കണം.

സമുദായം മോശമാകുന്നതു ഭൂരിപക്ഷം മോശമാകുമ്പോഴാണല്ലോ. ഹൃദയാന്തർഗ്ഗതങ്ങളിൽ സ്ഥായിയായി നിലകൊള്ളുന്ന ആശയങ്ങളാണു യഥാസമയം ബഹിർഗ്ഗമിക്കുന്നതു. അതിനാൽ മനുഷ്യഹൃദയം ക്രിസ്തുരാജന്റെ ഭരണം പരിപൂർണ്ണമായി സ്വീകരിക്കാത്തിടത്തോളം കാലം അവിടുത്തേക്കു് എതിരായ ആശയങ്ങളും പ്രവർത്തനങ്ങളും പ്രസ്ഫുരിക്കും. സമാധാനചിന്ത ഹൃദയത്തിലും സമാധാനവചസ്സുകൾ അധരത്തിലും നിറുത്തിക്കൊണ്ടു സമാധാനരാജനായ ക്രിസ്തുനാഥനോടു പരിശുദ്ധപിതാവു് ആഗ്രഹിക്കുന്നവിധത്തിലുള്ള സമാധാനം നമുക്കു് അഭ്യർത്ഥിക്കാം.

1950 ആഗസ്റ്റുമാസത്തിൽ സമാധാനത്തിനായി പ്രാർത്ഥിക്കണമെന്നു് ഉൽബോധിപ്പിച്ചുകൊണ്ടു പരിശുദ്ധപിതാവു് എഴുതിയ ചാക്രികലേഖനത്തിൽ നാം ഇപ്രകാരം വായിക്കുന്നു: “മിശിഹാ നല്കിയിട്ടുള്ള തത്വങ്ങളിൽനിന്നും നിയമങ്ങളിൽനിന്നുമല്ലാതെ സമാധാനം സംപ്രാപ്തമാകയില്ലെന്നു നിങ്ങൾക്കു് അറിയാമല്ലോ. ഹൃദയംഗമമായ ഭക്തിയോടെ അവയെ പ്രവൃത്തിയിലാക്കണം. അവിടുത്തെ തത്വങ്ങളും നിയമങ്ങളും മനുഷ്യനെ സത്യത്തിലേക്കും സ്നേഹത്തിലേക്കും നീതിയിലേക്കും ആനയിക്കുന്നു. ബുദ്ധിശക്തിയെ അനുസരിക്കുവാൻ ഇന്ദ്രിയങ്ങളേയും ദൈവത്തെ അനുസരിക്കുവാൻ ബുദ്ധിശക്തിയേയും അവ നിർബന്ധിക്കുന്നു. മതസ്വാതന്ത്ര്യം അംഗീകരിക്കുന്നതിനു ഭരണകർത്താക്കളെക്കൂടി അവ പ്രേരിപ്പിക്കും. നിത്യരക്ഷ നേടുവാൻ ആത്മാക്കളെ സഹായിക്കമാത്രമല്ല മതം ചെയ്യുന്നതു; രാജ്യത്തിന്റെ നിലനില്പിനു് ആവശ്യമായ മൗലികതത്വങ്ങളെ സംരക്ഷിക്കുന്നതും മതംതന്നെയാണു്. ക്രൈസ്തവപ്രമാണങ്ങൾ പരസ്യവും രഹസ്യവുമായ ജീവിതത്തെ നിയന്ത്രിക്കുമ്പോൾമാത്രമേ വിവിധപൗരന്മാരും, വർഗ്ഗക്കാരും, ജനങ്ങളും സഹോദരബുദ്ധിയോടെ ഐക്യത്തിൽ ജീവിക്കുകയുള്ളു.”

“നമ്മുടെ തീവ്രമായ ആഗ്രഹങ്ങൾ സഫലമാകുന്നതിനു് പുതിയ പ്രാർത്ഥനകൾ ദൈവത്തിന്റെ പക്കലേക്കു് ഉയരണം. പ്രസാദവരത്തിന്റെ സഹായത്തോടെ സാന്മാർഗ്ഗികബോധം നവീകൃതമാകണം. ക്രിസ്തീയപുണ്യങ്ങൾ ജനങ്ങളിൽ പ്രകടമാകണം. അന്യരെ അടിമപ്പെടുത്തുവാനുള്ള അന്ധമായ അഭിലാഷത്തെ ക്രിസ്തീയനടപടികൊണ്ടു് നിയന്ത്രിക്കണം. ദിവ്യവും മാനുഷികവുമായ പ്രമാണങ്ങൾക്കു് അനുസൃതമായി എല്ലാ രാജ്യങ്ങളിലും തിരുസ്സഭയ്ക്കും അതിന്റെ സന്താനങ്ങൾക്കും ആവശ്യമായ സ്വാതന്ത്ര്യം കരഗതമാകുകയും ചെയ്യണം.

പരിശുദ്ധ പിതാവിന്റെ ഈ വാക്കുകളുടെ രത്നച്ചുരുക്കം ഒന്നുമാത്രമാണു്: മനുഷ്യർ ക്രിസ്തുവിലേക്കു് പിന്തിരിയാതെ ലോകസമാധാനം സാദ്ധ്യമല്ല. ആകയാൽ ക്രിസ്തുരാജന്റെ തിരുനാൾ അവിടുത്തെ അവകാശങ്ങൾ സ്ഥാപിച്ചുകിട്ടുവാൻ അവിടുത്തോടുചേർന്നു് പോരാടുന്നതിനു് അവിടുത്തെ പാർശ്വത്തിങ്കലേക്കുള്ള ഒരാഹ്വാനമാണു്. നമ്മൾ കത്തോലിക്കരായി വീട്ടിലിരുന്നാൽ പോരാ; നമ്മുടെ കത്തോലിക്കാ ചൈതന്യം ബാഹ്യരംഗങ്ങളിൽ പ്രകടമാകണം. നിഷ്പക്ഷതയ്ക്കു് ഇന്നു സ്ഥാനമില്ല. മറേറതു കാലത്തെക്കാളും കൂടുതൽ അർത്ഥപുഷ്ടമാണു് എന്റെകൂടെ നില്ക്കാത്തവൻ എനിക്കെതിരാണെന്നുള്ള ക്രിസ്തുനാഥ



“സീസറിന്റേതു സീസറിനും ദൈവത്തിന്റേതു ദൈവത്തിനും കൊടുക്കുക.”
(ആൻറൺ ഡോർഫ് അവർകളാൽ ആലേഖനം ചെയ്യപ്പെട്ട ചിത്രം)

ചെറുകഥ

# വിദ്യാർത്ഥികളുടെ സത്യഗ്രഹം

[ജി. സി. ടീലർ]

ആ സ്കൂളിൻെറ വജ്രജൂബിലിയായിരുന്നു അക്കൊല്ലം. വലിയ വലിയ ഉദ്യോഗങ്ങളിലിരിക്കുന്ന പലരും ഒരുകാലത്ത് ആ സ്കൂളിലെ വിദ്യാർത്ഥികളായിരുന്നിട്ടുണ്ട്. അനേകം മധുരസ്മരണകളോടുകൂടി പല മഹാന്മാരും ആ സ്കൂളിൻെറ വജ്രജൂബിലിയാഘോഷത്തിൽ പങ്കുകൊള്ളുവാൻ വന്നിരുന്നു. ഉന്നതസ്ഥാനങ്ങളിൽ എത്തിയിരുന്ന അതിൻെറ പൂർവ്വവിദ്യാർത്ഥികൾതന്നെ ആയിരുന്നു അദ്ധ്യക്ഷനും പ്രസംഗകന്മാരും.



മന്ത്രിസത്തമൻ അദ്ധ്യക്ഷസ്ഥാനത്ത് എഴുന്നേററുനിന്നുകൊണ്ടു പറഞ്ഞു: "മാന്യമഹാജനങ്ങളേ, ഈ മഹായോഗത്തിൻെറ അദ്ധ്യക്ഷപീഠം അലങ്കരിക്കുവാനുള്ള എൻെറ യോഗ്യത ഞാൻ വിദ്യാഭ്യാസമന്ത്രി ആയിരിക്കുന്നതാണെന്നു പലക്കും തോന്നിയേക്കാം. എന്നാൽ എൻെറ യോഗ്യതയായി എനിക്ക തോന്നുന്നത് ഞാൻ ഒരുകാലത്ത് ഈ സ്കൂളിൽ ഒരു വിദ്യാർത്ഥിയായിരുന്നു എന്നുള്ളതാണ്. അത്യുത്തമന്മാരായ അന്നത്തെ എൻെറ ഗുരുഭൂതന്മാരെ ഇപ്പോഴും ഞാൻ കൃതജ്ഞതയോടുകൂടി സ്മരിക്കുന്നു. നിസ്സ്വാർത്ഥമായി സമുദായസേവനം നിർവ്വഹിച്ചിരുന്ന അവരുടെ വൈശിഷ്ട്യം എന്താണെന്നു അന്നു കേവലം ബാലനായിരുന്ന എനിക്ക മനസ്സിലായിരുന്നില്ല. പക്ഷേ വർഷങ്ങൾ എൻെറ മുമ്പിൽ വികസിച്ചതോടുകൂടി എനിക്ക സുഗ്രാഹ്യമായിത്തീന്നു ഈ സ്കൂളിലെ അദ്ധ്യാപകന്മാർ എത്ര ഉൽകൃഷ്ടമാനസന്മാരായിരുന്നു എന്ന്. ചരിത്രവും ഭാഷയും കണക്കും ഭൂമിശാസ്ത്രവും പ്രകൃതിശാസ്ത്രവും അവർ ഞങ്ങളെ പാഠിപ്പിച്ചിട്ടുണ്ട്. എന്നാൽ അവിടംകൊണ്ടവസാനിച്ചില്ല ഞങ്ങളുടെ വിദ്യാഭ്യാസം. സത്യവും നീതിയും പാലിക്കയാണ് ഒരു ജീവിതത്തിൻെറ ഏററം വലിയ വിജയമെന്നും സേവനവും ത്യാഗവും പരിശ്രമശീലവുമാണ് ഒരു മഹാത്മാവിൻെറ ലക്ഷണങ്ങളെന്നും അവർ സ്വമാതൃകകൾകൊണ്ടു ഞങ്ങളെ പാഠിപ്പിക്കുകൂടിച്ചെയ്തു. ഈ സ്കൂളിൻെറ കവാടം കടന്നു പുറത്തിറങ്ങിയവരിൽ ആരുംതന്നെ സമുദായത്തിനു ഒരു ഭാരമോ, പരജനദ്രോഹിയോ, ചൂഷകനോ, വഞ്ചകനോ ആയിത്തീന്നിട്ടില്ല എന്ന് അനല്പമായ അഭിമാനത്തോടുകൂടി ഞാൻ പറഞ്ഞുകൊള്ളട്ടെ.

"ഈ നാട്ടിലെ പൗരസഞ്ചയത്തിനു ആകമാനം ആഹ്ലാദജനകമായ ദിവസങ്ങളാണ് ഈ മഹനീയസ്ഥാപനത്തിൻെറ ജൂബിലിയാഘോഷങ്ങൾ നൽകുന്നതെന്നു ഞാൻ വിശ്വസിക്കുന്നു. ഇന്നത്തെ ഉത്തമന്മാരായ അനേകം രാഷ്ട്രീയനേതാക്കന്മാർ, നിസ്സ്വാർത്ഥന്മാരായ ഒട്ടുവളരെ സമുദായസേവകന്മാർ, പരിപാവനമായ ജീവിതം നയിക്കുന്ന വളരെ പുരോഹിതശ്രേഷ്ഠന്മാർ എന്നിവരെല്ലാം ഈ സ്കൂളിലെ ശിക്ഷണത്തിനു വിധേയരായിരുന്നിട്ടുള്ളവരാണ്. അദ്ധ്യാപകന്മാരെക്കൂടാതെ ഒരു സ്കൂളും അതിൻെറ ജീവൻ പ്രാപിക്കയില്ലെന്നു നമുക്കറിയാം. ഈ സ്ഥാപനത്തിൻെറ മേന്മയ്ക്ക് പ്രധാന കാരണക്കാർ ദൈവവിശ്വാസത്തിലും സന്മാർഗ്ഗബോധത്തിലും അടിയുറച്ച ഒരു ഗണം അദ്ധ്യാപകന്മാരാണെന്നുള്ളതു മറക്കത്തക്കതല്ല. അത്തരം ഉത്തമന്മാരും പണ്ഡിതന്മാരും സുകൃതസമ്പന്നരുമായ അദ്ധ്യാപകരെ തെരഞ്ഞെടുത്തു നിയമിക്കുന്നതിൽ ഇക്കാലമത്രയും ഇവിടത്തെ മാനേജ്മെൻറ് പ്രദശിപ്പിച്ചിട്ടുള്ള വൈദഗ്ദ്ധ്യം പ്രശംസാർഹംതന്നെ. മററു സ്കൂളുകൾക്കും ഇതൊരു മാതൃകയായിത്തീരട്ടെ എന്നു ഞാൻ സവ്വാത്മനാ ആശംസിച്ചുകൊള്ളുന്നു."

മന്ത്രിസത്തമൻെറ അദ്ധ്യക്ഷപ്രസംഗം ആ സ്കൂൾഹാളിൽ മാറെറാലികൊണ്ടിട്ട് കൊല്ലം പത്തുകഴിഞ്ഞു. പുതിയ ആശയങ്ങൾ ഉൾക്കൊണ്ടിട്ടുള്ള ഒരു ഗവൺമെൻറ് ഭരണഭാരം കൈയേൽക്കുകയുണ്ടായി. വ്യക്തികൾ രാഷ്ട്രത്തിനുവേണ്ടി ജീവിക്കണമെന്നുള്ള തത്വം അവർ ഉണ്ടാക്കിയ നിയമസംഹിതയുടെ നാരായവേരായി പരിണമിച്ചു. സ്കൂളുകളെല്ലാം ഒരു പുതിയ മോഡലിൽ വാത്തെടുക്കണമെന്നായിരുന്നു വിദ്യാഭ്യാസമന്ത്രിയുടെ നിശ്ചയം. സകലത്തെയും രാഷ്ട്രത്തിൻെറ പിടിയിൽ കൊണ്ടുവരുന്നതിനു അതിവിദഗ്ദ്ധമായ ചില അടവുകൾ അദ്ദേഹം പ്രയോഗിക്കയുണ്ടായി. സ്കൂളുകളുടെമേൽ മാനേജരന്മാക്കുള്ള നിയന്ത്രണങ്ങൾ ഓരോന്നോരോന്നായി അയഞ്ഞു. മാനേജ്മെൻറ് സ്കൂളിൽ ഗവമ്മെൻറുതന്നെ നേരിട്ട് അദ്ധ്യാപകന്മാരെ നിയമിച്ചുതുടങ്ങി. സെൻറ് സോഫിയാം സ്കൂളിൽ അദ്ധ്യാപകന്മാരായി പ്രവേശിച്ചവരിൽ ചിലർ നിരീശ്വരന്മാരായിരുന്നു, ചിലർ കമ്മ്യൂണിസ്റ്റുകാരായിരുന്നു, ചിലരോ സോഷ്യലിസ്റ്റുകാരും.

"ടോം, സ്റ്റാൻറ് അപ്"— മി. ഗോപാലപിള്ള ആജ്ഞാപിച്ചു, കേവലം പത്തുപന്ത്രണ്ടു വയസ്സുമാത്രം പ്രായമുള്ള സുമുഖനായ ഒരു ബാലൻെറ നേരെ നോക്കി. അല്പം പരുങ്ങലുണ്ടായി അവന് അപ്പോൾ. ക്ലാസ്സിൽ അല്പം താമസിച്ചാണവന്നതു്. എങ്കിലും ആകർഷകമായ ഒരു പുഞ്ചിരി അവൻെറ അധരങ്ങളിൽ പടന്നു.

"എന്താണ് നീ ഇന്നിത്ര താമസിച്ചതു്?"

"ഇന്നു പള്ളിയിൽ ആരാധനയുണ്ടായിരുന്നു."

"അതിനു നിനക്കെന്തു്?"

"ഞാനും പള്ളിയിൽ പോയി."

"ആരാധിക്കാനോ?"

"അതെ"

"ആരെ ആരാധിക്കാൻ?"

"ദൈവത്തെ ആരാധിക്കാൻ."

"ദൈവം! നീ അയാളെ എവിടെ കണ്ടിട്ടുണ്ട്?"

"എൻെറ കണ്ണുകൊണ്ടു ഞാൻ കണ്ടിട്ടില്ല."

"വിഡ്ഢിത്തം! കാണാത്ത ഒരു വസ്തു ഉണ്ടെന്നു വല്ലവരും വിശ്വസിക്കുമോ?"

"ഉവ്വ് സാർ. സാറിനു ബുദ്ധിയുണ്ടെന്നു ഞാൻ വിശ്വസിച്ചിരിക്കയായിരുന്നു."

"വിശ്വസിച്ചിരിക്കയായിരുന്നു! ഇപ്പോൾ അങ്ങനെ വിശ്വസിക്കുന്നില്ലേ?"

"ഇല്ല."

"ഇല്ലേ, ഫൂൾ: എന്തുകൊണ്ട്?" മി. ഗോപാലപിള്ളയ്ക്കു ദേഷ്യംവന്നു.

"ഞാൻ കാണാത്തതുകൊണ്ട്." കുട്ടികളെല്ലാംകൂടി ഒരു കൂട്ടച്ചിരി. ഇളിഭ്യനായി അദ്ധ്യാപകൻ. ജ്വലിക്കുന്ന കണ്ണുകൾ അയാൾ ആ കുട്ടിയുടെമേൽ എറിഞ്ഞിട്ട് അലറി: "ഗെററ് ഔട്ട് ഓഫ് ദി ക്ലാസ്സ് ഫൂൾ!"

ടോമിൻെറ കണ്ണുകൾ നിറഞ്ഞു. അവൻ അദ്ധ്യാപകൻെറ ആജ്ഞയനുസരിച്ചു പുറത്തേക്കിറങ്ങി.

മനോഹരമായ ആ കെട്ടിടത്തിനു നടുക്ക് വിശാലമായ ഒരു ഹാൾ. കണ്ണാടിച്ചില്ലിട്ട ജനലുകളാണതിനുള്ളതു്. ഹാളിനു നടുവിൽ ചതുരാകൃതിയിലുള്ള ഒരു പുത്തൻമേശ കിടക്കുന്നു. അതിനുമുകളിൽ കുന്നുകുന്നായി ഫയലുകൾ. മേശയ്ക്കു ചുററിലും കുറേ നല്ല കസേരകളുണ്ട്. ഫാദർ മാത്യു ഒരു റബ്ബർകുഷ്യൻെറ മുകളിലിരുന്നു ഞെളിപിരികൊള്ളുകയായിരുന്നു. എഴുതിയെഴുതി ക്ഷീണിച്ചിരുന്ന അദ്ദേഹം ടോമിനെ കണ്ടപ്പോൾ ഒന്നു പുഞ്ചിരികൊണ്ടു. പക്ഷേ ടോമിൻെറ കണ്ണുകളിൽനിന്നും ബാഷ്പകണങ്ങളാണ് പുറപ്പെട്ടതു്. അവൻ ചില കാര്യങ്ങൾ അദ്ദേഹത്തെ അറിയിച്ചു. വിശാലമായ അദ്ദേഹത്തിൻെറ മുഖം കോപംകൊണ്ട് അപ്പോൾ ചുളുങ്ങിപ്പോയി. ഉടൻ എഴുന്നേററ് മറെറാരു ചെറിയ മേശയുടെ അടുത്തുചെന്നിരുന്നു. ഒരു യന്ത്രത്തിനുമുകളിൽക്കൂടി അദ്ദേഹത്തിൻെറ കരങ്ങൾ അതിവേഗം പാഞ്ഞുതുടങ്ങി. അരമണിക്കൂർ നിണ്ടുനിന്ന "ടിററ്, ടിററ്, ടിററ്" എന്ന ആ ശബ്ദം. ഒരു പെററിഷൻ തയാറായി.

"സർ, എൻെറ മാനേജുമെൻറിലുള്ള സെൻറ് സോഫിയാം സ്കൂളിൽ മി. ഗോപാലപിള്ള എന്നൊരദ്ധ്യാപകനെ അവിടെനിന്നും നിയമിച്ചിട്ടുണ്ടല്ലോ. അയാൾ ഒരു നിരീശ്വരനും കമ്മ്യൂണിസ്റ്റുകാരനുമാണെന്ന് ഞാൻ അറിഞ്ഞിരുന്നതുകൊണ്ടാണ് അയാളുടെ നിയമനകാര്യത്തിൽ ഞാൻ ചില തടസ്സങ്ങൾ ഉന്നയിച്ചതു്. എന്നാൽ അതെല്ലാം അവഗണിച്ച് അയാളെ ഈ സ്കൂളിൽ താങ്കൾ നിയമിച്ചു. അയാൾ ഇവിടെ വന്നു ചേന്നതുമുതൽ നിരീശ്വരത്വത്തിൻെറയും കമ്മ്യൂണിസത്തിൻെറയും ഒരു പ്രചാരകനായിത്തീന്നിരിക്കയാണ്. പിഞ്ചുകുഞ്ഞുങ്ങളുടെ ഹൃദയത്തിൽ അയാൾ വിഷം കുത്തിവച്ചുകൊണ്ടിരിക്കുന്നു. ധാരാളം തെളിവുകൾ എൻെറ കൈവശമുണ്ട്. ആകയാൽ ഞങ്ങളുടെ സ്കൂളിൻെറ മേന്മയെ കരുതി മി. ഗോപാലപിള്ളയുടെ അദ്ധ്യാപനരീതിയെ നിയന്ത്രിക്കയോ അയാളെ ഇവിടെനിന്നു സ്ഥലംമാററുകയോ ചെയ്യണമെന്നപേക്ഷ."

രണ്ടാംദിവസം സ്കൂൾഇൻസ്പെക്ടർക്ക ലഭിച്ചു ഫാദർ മാത്യുവിൻെറ പെററിഷൻ. മി. ശങ്കരപ്പിള്ള അതു വായിച്ചിട്ട് ഒരു മറുപടി തയാറാക്കി. "താങ്കളുടെ പെററിഷൻ കണ്ടു. ഈശ്വരൻ എന്നോ കമ്മ്യൂണിസമെന്നോ പറയുന്നതു് ഓരോരുത്തരുടെ അഭിപ്രായങ്ങളാണ്. ഒരാൾ അദ്ധ്യാപകനായി എന്ന കാരണത്താൽ അയാളുടെ അഭിപ്രായസ്വാതന്ത്ര്യത്തെ നിഷേധിക്കണമെന്നു പറയുന്നതു് ശരിയല്ല. കുട്ടികൾ എല്ലാത്തരം അഭിപ്രായങ്ങളും അറിഞ്ഞ് ശരിയെന്നു തോന്നുന്നതിനെ യഥേഷ്ടം സ്വീകരിക്കുവാൻ അനുവദിക്കുന്നതാണ് ഏററം ഉത്തമമായ വിദ്യാഭ്യാസം. അതിനാൽ മി. ഗോപാലപിള്ളയെ നിയന്ത്രിക്കയോ സ്ഥലംമാററുകയോ ചെയ്യേണ്ട ആവശ്യമില്ല."

വാർഷികപരീക്ഷ സമീപിച്ചു. എന്നിട്ടും ജോസും രാജനും പുസ്തകം തുറന്നു നോക്കിയില്ല. ചീട്ടുകളി, ചായകുടി, ബീഡിവലി—മൂന്നും അവരുടെ പ്രധാന തൊഴിലുകൾ. ഒരു കൈയിൽ പുസ്തകങ്ങളും മറേറ കൈയിൽ കുടയുമായി ടോം അവരുടെ അടുക്കലേക്കുവന്നു. ചീട്ടുകളിയിൽ വ്യാപൃതരായിരിക്കയായിരുന്നു ജോസും രാജനും മററു രണ്ടുകൂട്ടുകാരും. ടോം ചോദിച്ചു: "നാളെ പരീക്ഷയല്ലേ?"

"അതിനു ഞങ്ങൾക്കെന്തു്?"

"പഠിച്ചില്ലെങ്കിൽ തോററുപോകും."

"ഓഹോ, ഒരു പഠിത്തക്കാരൻ! ഞങ്ങളുടെ കാര്യം ഞങ്ങൾ നോക്കിക്കൊള്ളാം. പൂച്ചന്യാസസി അങ്ങു നടക്കണം."— ജോസിൻെറ ഭർത്സനം. നേരേ സ്കൂളിലേക്ക പോയി ടോം.

പരീക്ഷാഫലം പുറത്താകുന്നദിവസം. അനേകം വിദ്യാർത്ഥികൾ സ്കൂളിൻെറ വരാന്തയിൽ വന്നുകൂടി. ഒന്നാംക്ലാസ്സിൽ ഒന്നാമതായി ജയിച്ച ടോമിനെ എല്ലാവരും അഭിനന്ദിച്ചു. ജോസിൻെറയും രാജൻെറയും ഹൃദയത്തിനു് അതു കണ്ടപ്പോൾ ഒരു നീററൽ. എല്ലാവിഷയത്തിനും അവക്ക കിട്ടിയതു് പൂജ്യമാണ്. എങ്കിലും അവർ ജയിക്കുവാൻതന്നെ തീരുമാനിച്ചു. "നമ്മളിനി എന്തുചെയ്യും? രണ്ടുപേരും തോററുപോയല്ലോ."— നിസ്സഹായത വെളിപ്പെടുത്തി ജോസ്. പക്ഷേ രാജൻ പറഞ്ഞു: "ജയം, തോൽവി, ഇതിനൊന്നിനും വലിയ അത്ഥമൊന്നുമില്ല. മനുഷ്യനും കുരങ്ങും തമ്മിൽ ഒരു വ്യത്യാസവുമില്ലെന്നല്ലേ സാറു നമ്മളെ പഠിപ്പിച്ചിരിക്കുന്നതു്. എത്ര കുരങ്ങന്മാരാണ് പഠിക്കുവാനും ജയിക്കുവാനും പോകുന്നതു്? നമുക്കല്ലസിച്ചു ചാടിക്കളിച്ചുനടക്കാം."

"അതു പോരാ. ആ ടോമിനെ എല്ലാവരും അഭിനന്ദിക്കുന്നതു് നാം കണ്ടില്ലേ. നമുക്കും അവനെപ്പോലെ ജയിക്കണം."

"അവനെപ്പോലെ ജയിക്കുവാൻ നമ്മള് വല്ലതും പഠിച്ചോ?"

"പഠിച്ചുജയിക്കുന്നതിലെന്താണൊരു മാഹാത്മ്യം? പഠിക്കാതെ ജയിക്കണം. അതാണു ചുണ."

"അതെങ്ങനെ?"

"ഹെഡ്മാസ്റ്ററൊന്നു ഭയപ്പെടണം. അപ്പോൾ നമ്മളെ ജയിപ്പിച്ചുകൊള്ളും."

"എങ്ങനെ ഭയപ്പെടുത്തും? അയാൾക്ക് ഒരു ചൈത്താനെയും പേടിയില്ല."

"അതിനൊരു വഴിയുണ്ട്. നീ എൻെറകൂടെ നിന്നുകൊള്ളാമോ?"

"സംശയമോ! ഏതുപാതാളത്തിലേക്കും ഞാൻകൂടി വന്നേക്കാം."

"എന്നാൽ സ്കൂൾ തുറക്കുമ്പോൾ ഒരു സത്യഗ്രഹം. തോററ കുറേപ്പേരെക്കൂടി കൂട്ടുപിടിക്കണം. നമ്മളെ അങ്ങു ജയി

(ശേഷം 11-ാം പേജിൽ)

ൻെറ വാക്യം. അതിനാൽ നാം അവിടുത്തോടു ചേന്നു നിൽക്കണം. എല്ലാ തുറകളിലും കത്തോലിക്കാചൈതന്യം പ്രത്യക്ഷപ്പെടണം. തൊഴിലാളികളിലും മുതലാളികളിലും വിൽക്കുന്നവരിലും വാങ്ങിക്കുന്നവരിലും, ഉദ്യോഗസ്ഥരിലും അവരുടെ സേവനം പ്രാപിക്കുന്ന ബഹുജനങ്ങളിലും ഭരണകത്താക്കളിലും ഭരണീയരിലും നിയമസഭാസാമാജികന്മാരിലും അവരെ തിരിഞ്ഞെടുത്തയക്കുന്ന സമ്മതിദായകരിലും ക്രിസ്തുരാജനോടുള്ള ബഹുമാനം ബാഹ്യമായിത്തന്നെ പ്രകടമാകണം. ക്രിസ്തുവിൻെറ സമാധാനം ക്രിസ്തുവിൻെറ വാഴ്ചയിൽമാത്രം.

ക്രിസ്തുവിൻെറ വാഴ്ച സ്വർഗ്ഗത്തിൽ പരിപൂർണ്ണമാകുമെന്ന് പക്ഷാന്തരമില്ല. എന്നാൽ ഒരു ചോദ്യം വീണ്ടും വീണ്ടും ഉയന്നുവരുന്നു: അവിടുത്തെ ഭരണം ഭൂമിയിൽ സ്ഥാപിതമാകുമോയെന്ന്. പ്രഥമദൃഷ്ടിയിൽ നിഷേധകമറുപടി നൽകുവാനാണ് എവരും പ്രേരിതരാകുന്നതു്. സങ്കീത്തകൻ പറഞ്ഞിട്ടുള്ള വാക്കുകൾ ഇന്നും വാസ്തവമാണ്: "ഭൂമിയിലെ രാജാക്കന്മാർ എഴുന്നേററുനിന്നു. കത്താവിനും അവിടുത്തെ മിശിഹായ്ക്കുമെതിരായി പ്രധാനികൾ സംഘംകൂടി." അതെ, അന്തിക്രിസ്തുവിൻെറ വീര്യത്തോടെതന്നെ പൈശാചികശക്തികൾ തിരുസഭയ്ക്കെതിരായി പടവെട്ടുന്നുണ്ട്. പതിനൊന്നാംപീയൂസു മാർപ്പാപ്പ പറയുകയുണ്ടായി, ജലപ്രളയം കഴിഞ്ഞ് ഇത്രയും അന്ധകാരമയമായ കാലസന്ധിയിൽ നമ്മൾ ജീവിച്ചിട്ടില്ലെന്ന്. എന്നാൽ അവിടുന്നുതന്നെ മന്ദഹാസസമന്വിതം ചേത്തു പറഞ്ഞു: "എന്നു വരികിലും തിരുസഭയ്ക്കു ശുഭപ്രതീക്ഷയാണുള്ളതു്; കാരണം ഈശോയുടെ തിരുഹൃദയത്തിൻെറ വിജയമണിക്കൂറിലാണ് നാം ജീവിക്കുന്നതു്. രാജാംബികയായ കന്യകാമറിയത്തിൻെറ വിമലഹൃദയത്തിൻെറ വിജയനാഴികയാണെന്നുകൂടി നമുക്ക് പറയാവുന്നതാണ്. ഈശോ മർഗ്ഗരീത്താമറിയത്തോട് പറഞ്ഞിട്ടുണ്ട്: "ഒന്നും ഭയപ്പെടേണ്ട. എന്നെ എതിക്കുന്ന എൻെറ ശക്തികളെ അവഗണിച്ചു ഞാൻ ഭരണം നടത്തും." ലൂസിയോട് ഫാത്തിമായിൽ രാജാംബികയും പ്രസ്താവിച്ചിട്ടുണ്ട്: "അവസാനം എൻെറ വിമലഹൃദയം ജയിക്കും."

ഭാരതഹൃദയവും ക്രിസ്തുരാജൻെറ ഹൃദയത്തിലേക്ക പിന്തിരിയാതെ പൂർണ്ണസമാധാനമുണ്ടാകയില്ല. ഇൻഡ്യയുടെ അനിഷേദ്ധ്യനേതാവായ മഹാത്മജി ഇപ്രകാരം എഴുതിയിരിക്കുന്നു: "ശൈശവവിവാഹത്തെപ്പററിയുള്ള എൻെറ എതിപ്പിൻെറ കാരണം ക്രിസ്തുവിൻെറ സ്വാധീനശക്തിയാണെന്ന് ഞാൻ സമ്മതിക്കുന്നു.... അസ്പൃശ്യതയാകുന്ന തിന്മയോട് ക്രൈസ്തവരിൽനിന്നുണ്ടായ ആക്രമണം എൻെറ ചിന്തകൾക്ക വേഗതകൂട്ടി... ഇന്ത്യയിലെ യുവജനങ്ങളേ, ഗിരിപ്രഭാഷണത്തിലെ ഉറവകളെ മുഴുവനായി നിങ്ങൾ പഠനംചെയ്യുവിൻ." 1934 ഡിസംബർ 25-ാംനു രവീന്ദ്രനാഥടാഗോർ ശാന്തിനികേതനത്തിൽ ചെയ്ത ഒരു പ്രസംഗത്തിൽ അദ്ദേഹം ഇപ്രകാരം പ്രസ്താവിച്ചു: "സ്നേഹത്തിൻെറ ദിവ്യത്വത്തെ മനുഷ്യനു വെളിപ്പെടുത്തിക്കൊടുത്ത ക്രിസ്തുവിനെ നമുക്കു വന്ദിക്കാം." കേശവചന്ദ്രസേനൻെറ വാക്കുകൾ എത്രയും സ്പഷ്ടമാണ്: "യേശുക്രിസ്തുവിനെയും അവിടുത്തെ ദൃഷ്ടാന്തരൂപേണയുള്ള ഉപദേശങ്ങളെയും ഞാൻ സർവ്വദാ ബഹുമാനിക്കുന്നു. യേശുക്രിസ്തു ദൈവമാണെന്ന് ഇന്ത്യാരാജ്യം വിശ്വസിച്ചേ മതിയാവൂ. പോരാ, യേശുക്രിസ്തു നരകുലപരിത്രാതാവാണെന്ന് ഭാരതവർഷം ഒരിക്കൽ സമ്മതിക്കേണ്ടിവരുമെന്നുകൂടി ദീർഘദർശനംചെയ്യുവാൻ ശങ്കിക്കുന്നില്ല." ഈ വാക്കുകൾ ഇന്ത്യൻ ഭാവനാശക്തിയുടെ കടിഞ്ഞാണില്ലാത്ത ഒരു കുതിച്ചുചാട്ടമായി കരുതാനില്ല. ഓരോ ഇന്ത്യൻ ക്രൈസ്തവനും ക്രിസ്തുരാജൻെറ വിശ്വസ്തപ്രജയായി വത്തിക്കുകയാണെങ്കിൽ ഭാരതവും ക്രിസ്തുരാജൻെറ ഹൃദയത്തിനു പ്രതിഷ്ഠിതമാകും. പ്രജകൾക്കവേണ്ടി മരണത്തോളം കഷ്ടതകൾ സഹിച്ച ക്രിസ്തുരാജനെ ഇന്ത്യൻ ഹൃദയത്തിനു തിരസ്കരിക്കുവാൻ കഴിയുമോ?

# അസ്സീസിയിൽ

(കെ. സി. ചാക്കൊ എം എ, ബി. ഈ., എ. എം. ഐ. ഈ.,
നോട്ടർഡാം ഇൻഡ്യാനാ, അമേരിക്ക)

അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസിനെപ്പോലെ എൻെറ ചിന്താഗതിയെ നിയന്ത്രിച്ചിട്ടുള്ള മറെറാരു വിശുദ്ധൻ ഉണ്ടോ എന്നു ഞാൻ ചിലപ്പോൾ സംശയിച്ചിട്ടുണ്ടു്. വിശുദ്ധന്മാരെ താരതമ്യവിവേചനംചെയ്യുന്നതു് ഒരുവിധം ഔദ്ധത്യവും വിവേകമില്ലായ്മയുമാണു് എന്നു് എനിക്കറിയാം. എങ്കിലും പരിമിതമായ നമ്മുടെ ബുദ്ധിയേയും ആലോചനകളേയും ചില പ്രത്യേകജീവിതരീതികൾ കൂടുതൽ ആകർഷിക്കുന്നതായി നമുക്കു് അനുഭവപ്പെടുന്നതു് അസാധാരണവും അനുചിതവും അല്ലല്ലോ.



വി. ഫ്രാൻസിസിൻെറ നാടകീയമായ ജീവിതം ഞാൻ പഠിച്ചുതുടങ്ങിയിട്ടു് മൂന്നുനാലു കൊല്ലങ്ങളിൽ കൂടുതലായിട്ടില്ല. അദ്ദേഹത്തിൻെറ പല ജീവചരിത്രങ്ങളും വായിക്കുവാൻ ഞാൻ ഇതിനകം ശ്രമിച്ചിട്ടുണ്ടു്. വി. ഫ്രാൻസിസിനെപ്പോലെ ഒരു പത്തുപേരെ ഈ ലോകത്തിനു് നല്കാൻ കഴിഞ്ഞെങ്കിൽ ഇവിടെ സമാധാനവും ഐശ്വര്യവും നിറയുമായിരുന്നു എന്നു ലെനിൻ തൻെറ മരണസമയത്തു് പറഞ്ഞതായി ഒരു വൈദികൻ പ്രസിദ്ധപ്പെടുത്തിയിരുന്ന ഒരു ലേഖനം എത്ര സ്വീകാര്യമായ ഒരു അഭിപ്രായമാണു് ഉൾക്കൊള്ളുന്നതു് എന്നു് എനിക്കു് തോന്നിയിട്ടുള്ള അവസരങ്ങൾ കുറവല്ല. എന്നെങ്കിലും ദൈവം അനുവദിക്കുന്ന ഒരു കാലത്തു് ആ അന്യാദൃശനായ പുണ്യപുരുഷൻെറ ജന്മഭൂമിയും പ്രവർത്തനരംഗങ്ങളും കാണണമെന്നും ഞാൻ ആശിച്ചിരുന്നു.

ഉന്നതസാങ്കേതിക പരിശീലനത്തിനായി ബദ്ധപ്പെട്ടു് അമേരിക്കയിലേക്കു് പറക്കുന്നതിനിടയിൽ രണ്ടുമൂന്നു ദിവസം നിത്യനഗരമായ റോമ്മയിൽ താമസിക്കുവാൻ എനിക്കു് ഭാഗ്യം ലഭിച്ചു. അതിനിടയിൽ ഒരു രാത്രിയിൽ ഞാൻ അസ്സീസിയിലേക്കു തിരിച്ചു. ദരിദ്രരിൽ ദരിദ്രനായ വി. ഫ്രാൻസിസിൻെറ ഭവനത്തിലേക്കു് മൂന്നാംക്ലാസ്സു് വണ്ടിയിൽ യാത്രചെയ്യണമെന്നു കരുതി അതിനുള്ള ടിക്കററു് മാത്രമേ എടുത്തിരുന്നുള്ളു. ആൾത്തിരക്കുകൊണ്ടു് അവിടെ എങ്ങും സ്ഥലം ഇല്ലായിരുന്നു. അതുകൊണ്ടു് വണ്ടിയിൽക്കൂടി മനുഷ്യർ നടക്കുന്ന ഒരു ഇടനാഴിയിൽ കയറിനിന്നു യാത്രയാരംഭിച്ചു. അല്പസമയത്തിനകം യാത്രയുടെ ക്ഷീണക്കൂടുതൽകൊണ്ടു് ഞാൻ അവിടെ വെറുംതറയിൽ ഇരുന്നു് ഉറങ്ങിത്തുടങ്ങി. എത്രസമയം ഞാൻ അങ്ങനെ ഉറങ്ങി എന്നു നിശ്ചയമില്ല. ആരോ ഒരാൾവന്നു് എന്നെ ഉണർത്തി. വരു, നമുക്കു് അകത്തുകയറി ഒരുവിധത്തിൽ ഇരുന്നു്, കഴിയുന്നതും സുഖമായി പോകാൻ ശ്രമിക്കാം എന്നു പറഞ്ഞു. ഇററാലിയൻ ഭാഷയിൽ അയാൾ പറഞ്ഞതു് അതായിരിക്കാം എന്നു ഞാൻ ഊഹിക്കുന്നു. വി. ഫ്രാൻസിസിൻെറ സാഹോദര്യം എനിക്കു് അയാൾ ആദ്യമായി ദാനംചെയ്യുകയായിരുന്നില്ലേ എന്നു ഞാൻ സംശയിച്ചു.

രാവിലെ അഞ്ചുമണിയോടുകൂടി ഞാൻ അസ്സീസിയിൽ എത്തി. തീവണ്ടിയാപ്പീസിനടുത്താണു്, വി. ഫ്രാൻസിസിൻെറ പ്രഥമപ്രവർത്തനരംഗമായിരുന്ന പോർസ്യൂങ്കുല കപ്പേളയും അതിനെ ചുററി ഉയർന്നുനില്ക്കുന്ന ബ്രഹ്മാണ്ഡമായ ദേവാലയവും. നാലഞ്ചുമൈൽ അകലെയായി ഒരു കുന്നിൻെറ മുകളിൽ, അസ്സീസിഗ്രാമവും വി. ഫ്രാൻസിസിൻെറ ശവകുടീരവും, വിശുദ്ധ ക്ലാരയുടെ ആശ്രമവും നിത്യവിശ്രമസ്ഥാനങ്ങളും എല്ലാം കാണാമായിരുന്നു.

ആദ്യമായി ഞാൻ പോർസ്യൂങ്കുലയിലേക്കുപോയി. ആകാശത്തിലേക്കു് ഉയർന്നുനില്ക്കുന്ന ആ മഹാദേവാലയം ലോകം വി. ഫ്രാൻസിസിനു് നല്കുന്ന അംഗീകരണത്തിൻെറ പ്രത്യക്ഷലക്ഷ്യമാണെങ്കിലും വി. ഫ്രാൻസിസിൻെറ ദാരിദ്ര്യത്തിൻെറ ചൈതന്യവും ആ മഹാസൗധവും ആയി എത്രമാത്രം ചേർച്ചയുണ്ടു് എന്നു ചിലർ സംശയിച്ചേക്കാം. മനുഷ്യൻ അധികമായി സ്നേഹിക്കുന്ന വസ്തുക്കളെ അധികം ആകർഷകമായി പ്രദർശിപ്പിക്കുന്നതു് ത്യാഗത്തിൻെറയും സ്നേഹത്തിൻെറയും ഒരു ബാഹ്യരൂപമാണെന്നു് മനസ്സിലാക്കി, ആ ധാരാളതയെ നാം ബഹുമാനിക്കേണ്ടതാണു്. കുരിശിൻെറ ആകൃതിയിൽ നോക്കെത്താത്തവിധം ഉയർന്നുനില്ക്കുന്ന ആ ദേവാലയത്തിൻെറ മദ്ധ്യഭാഗത്തു്, വി. ഫ്രാൻസിസിൻെറ ആലയവും ആലംബവുമായിരുന്ന ആ ചെറിയകപ്പേള ഇന്നും അന്നത്തേതുപോലെ സംരക്ഷിക്കപ്പെടുന്നു. അതിരാവിലെതന്നെ ഞാൻ അവിടെ ചെന്നതുകൊണ്ടു് ആ കപ്പേളയിൽ ഉണ്ടായിരുന്ന ദിവ്യബലിയിൽ സംബന്ധിക്കുവാൻ എനിക്കു സൗകര്യം കിട്ടി. അനേകം പേർ രാവിലെ ആ തിരുകർമ്മത്തിൽ സംബന്ധിക്കുകയും ദിവ്യകാരുണ്യം സ്വീകരിക്കുകയും ചെയ്തു. ഫ്രാൻസിസ്കൻ ചൈതന്യം എന്നറിയപ്പെടുന്ന ദാരിദ്ര്യത്തിൻെറയും വിനയത്തിൻെറയും പരസ്നേഹത്തിൻെറയും അരൂപി ലോകത്തിൽ വർദ്ധിക്കുവാൻ ആ ചെറിയ ദേവാലയത്തിൽനിന്നും ആരംഭിച്ചു് ലോകത്തിൻെറ നാനാഭാഗങ്ങളിലേക്കും പ്രചരിച്ചിട്ടുള്ള അദൃശ്യമായ ആ ശക്തിയെ ഞാൻ ഓർമ്മിച്ചു. വിദേശങ്ങളിൽനിന്നും എന്നെപ്പോലെയുള്ളവരെ അവിടേക്കു് ആകർഷിച്ച ആ മഹാപുരുഷനെ അനുസ്മരിച്ചും, അദ്ദേഹത്തിൻെറ പ്രത്യേകമാദ്ധ്യസ്ഥം നമുക്കു് ഉണ്ടാകട്ടെ എന്നു പ്രാർത്ഥിച്ചുംകൊണ്ടു് ഞാൻ അവിടെനിന്നും യാത്രയായി. ആ ദേവാലയത്തോടു് അനുബന്ധിച്ചുള്ള സന്യാസാശ്രമത്തിലേക്കു് ഒരു വൈദികൻ എന്നെ കൂട്ടിക്കൊണ്ടുപോയി. നിർഭാഗ്യവശാൽ ഇംഗ്ലീഷ് അറിയാവുന്ന ആരെയും അവിടെ കണ്ടില്ല. ആംഗ്യഭാഷയിൽ ചിലതെല്ലാം മനസ്സിലാക്കുവാൻ അവർ ശ്രമിച്ചുനോക്കി. അതു് തികച്ചും ശ്രമാവഹമായിരുന്നു. ആരെയും കൂടുതൽ ബുദ്ധിമുട്ടിക്കാതെ ഞാൻ അവിടെനിന്നും കുന്നിൻമുകളിലുള്ള ആശ്രമങ്ങളിലേക്കും ദേവാലയത്തിലേക്കും തിരിച്ചു.

ചരിവുകളിൽക്കൂടി വളഞ്ഞുതിരിഞ്ഞുപോകുന്ന ഒരു ബസ്സിൽ കയറി ഉദ്ദേശം ഇരുപതുമിനിട്ടുകൊണ്ടു ഞങ്ങൾ കുന്നിൻെറ മുകളിൽ എത്തി. ഭാഷയുടെ വിഷമംകൊണ്ടു് ആരോടും ഒന്നും ചോദിക്കാതെ അങ്ങും ഇങ്ങും നടന്നു് കാണാവുന്നതു കാണുന്നതിനു് ഞാൻ തീരുമാനിച്ചു. വി. ഫ്രാൻസിസിൻെറ ശവകുടീരമായ ഇരുളടഞ്ഞ ഒരു ദേവാലയമാണു് ആദ്യം കണ്ടതു്. അവിടെ വിശുദ്ധ ഫ്രാൻസിസിൻെറ ശവകുടീരം എന്നു പ്രത്യക്ഷത്തിൽ തോന്നാവുന്നിടത്തു് ഒരു അൾത്താരയിൽ ദിവ്യബലി അർപ്പിക്കപ്പെടുന്നുണ്ടായിരുന്നു. അതിൽ കുറച്ചുസമയം സംബന്ധിച്ചിട്ടു് ആ കെട്ടിടം മുഴുവൻ ചുററിനടന്നു കണ്ടു. പിന്നീടു് പുറത്തിറങ്ങി വി. ക്ലാരയുടെ ആശ്രമം അന്വേഷിച്ചു. പല സ്ഥലങ്ങളിലും ചുററിത്തിരിഞ്ഞു് ഒടുവിൽ ഒരു വലിയ പള്ളിയിൽ ചെന്നുചേർന്നു. അതിൽ ഒരു പ്രത്യേകസ്ഥലത്തു് അടിയിലുള്ള ഒരു നിലയിൽ, വി. ക്ലാരയുടെ തിരുശരീരം ഇപ്പോഴും ലയിക്കാതെ വിശ്രമിക്കുന്ന ഒരു സ്ഥലത്തു് ഞാൻ എങ്ങനെയോ എത്തി. സന്യാസവസ്ത്രങ്ങൾ ധരിച്ചു്, സ്വർണ്ണാഭവിതറുന്ന ഒരു ശവമഞ്ചത്തിൽ വിശ്രമിക്കുന്ന ആ ശരീരം ഞാൻ പ്രതീക്ഷിച്ചിരുന്നതല്ല. വി. ക്ലാരയുടെ ശരീരം ഇന്നും വിലയംവരാതെ സ്ഥിതിചെയ്യുന്നതും ഞാൻ അറിഞ്ഞിരുന്നില്ല. റോമ്മയിൽവച്ചാണു് ഇതുപോലെ പഴക്കംകൂടിയ ഒരു ശരീരം ആദ്യമായി ഞാൻ കണ്ടതു്. യൂറോപ്പിലെ ജനങ്ങളുടെ സ്വാഭാവികമായ വെളുത്തനിറത്തോടുകൂടിയാണു് ഞാൻ വിശുദ്ധന്മാരെ മനസാ കണ്ടിരുന്നതു്. എന്നാൽ വിലയംവരാത്ത അവരുടെ ശരീരം, എൻേറതുപോലെയോ അതിലും അധികമായോ കറുത്തിരിക്കും എന്നു് അതുകണ്ടപ്പോൾമാത്രമേ മനസ്സിലായുള്ളു. അതുപോലെ സൗന്ദര്യധാമമെന്നു് പരക്കെ അറിയപ്പെട്ടിരുന്ന വിശുദ്ധ ക്ലാര വാർദ്ധക്യം പ്രാപിച്ചശേഷം മരിക്കുകയും, മരണശേഷം ലയിക്കാത്ത ശരീരം കൃഷ്ണവർണ്ണമായിത്തീരുകയും ചെയ്തകഥ ഞാൻ അറിഞ്ഞിരിക്കേണ്ടതായിരുന്നെങ്കിലും അപ്പോൾമാത്രമേ അതെല്ലാം ഓർമ്മിച്ചുള്ളു. സ്വിഫിപ്രഭുകുടുംബത്തിലെ ആ ഓമനകുമാരി, ഇരുളിൻെറ ഒളിവിൽ, അരമനയിൽനിന്നും ഒളിച്ചോടി, വനാന്തർഭാഗത്തുവെച്ചു്, വി. ഫ്രാൻസിസിൻെറ കരങ്ങളിൽനിന്നും സന്യാസവസ്ത്രം സ്വീകരിച്ചു് അടുത്തുള്ള സന്യാസിനീസംഘത്തിൽ ചേർന്നതുമുതൽ, ദാരിദ്ര്യത്തിൻെറ സഹോദരികളെ സംഘടിപ്പിച്ചു് ലോകത്തിനു് സംഭാവനചെയ്തിട്ടു് മരിച്ചതുവരെയുള്ള പുണ്യവതിയുടെ ചരിത്രത്തിലെ പല ഭാഗങ്ങൾ ഞാൻ അവിടെനിന്നു് ഓർമ്മിച്ചു. മരിച്ചാലും മരിക്കാത്തതും മായാത്തതുമായ മനുഷ്യരെ സൃഷ്ടിക്കുന്ന ദൈവവും, ആ ദൈവത്തെ സ്നേഹിക്കേണ്ട മനുഷ്യരും നിറഞ്ഞ ഈ ലോകത്തെ ശരിയായി മനസ്സിലാക്കിയ പുണ്യാത്മാക്കളിൽ ഒന്നല്ലേ എൻെറ മുമ്പിൽ കാലങ്ങളുടെ പരിധിയെ അതിലംഘിച്ചു്, സ്വാഭാവിക നിയമങ്ങളെ കൂട്ടാക്കാതെ അവിടെ കിടക്കുന്നതു് എന്നു് ഞാൻ ആലോചിച്ചു. നൂററാണ്ടുകൾക്കിപ്പുറം, നമ്മുടെ നാട്ടിൽനിന്നും ഒരു ബ. അൽഫോൻസാമ്മയെ അഖിലലോകപ്രസിദ്ധയാക്കിത്തീർത്ത ക്ലാരസഭയുടെ ജനയിത്രിയുടെ മുമ്പിൽ ഞാൻ ബഹുമാനപൂർവ്വം ആചാരംചെയ്തു. വി. ക്ലാരയുടെ ദരിദ്രസഹോദരികളെപ്പോലെയും, വി. ഫ്രാൻസിസിൻെറ ദരിദ്രസഹോദരങ്ങളെപ്പോലെയും, ജീവിതത്തിലെ കഷ്ടപ്പാടുകളേയും ഇല്ലായ്മയേയും സമചിത്തതയോടെ വീക്ഷിക്കുവാനും സഹിക്കുവാനും മനുഷ്യർ തയാറാകുന്ന ഒരുകാലം ഉണ്ടാകണേ എന്നു ഞാൻ പ്രാർത്ഥിച്ചു.

വി. ക്ലാരയുടെ ആ ശവമഞ്ചത്തിനുമുമ്പിൽ ഒരു അൾത്താരയിൽ ദിവ്യബലി അർപ്പിക്കുവാൻ ഒരു പുരോഹിതൻ അപ്പോൾ തയാറാകുന്നുണ്ടായിരുന്നു. അതിൽ സംബന്ധിച്ചശേഷം ഞാൻ അവിടെനിന്നും ഇറങ്ങി, കുന്നിൻെറ മുകളിൽ നിന്നുകൊണ്ടു് ആ ദേശത്തെ ആകപ്പാടെ ഒന്നുനോക്കി. നേരത്തെ വിമാനത്തിലിരുന്നുകൊണ്ടു് യൂറോപ്പിലെ പല ഭാഗങ്ങളും കണ്ടതുപോലെ, വിശാലമായ ഒരു വീക്ഷണം അവിടെനിന്നും കിട്ടുമായിരുന്നു. അസ്സീസിഗ്രാമം, വണിക്പ്രവരനായ പീററർ ബെർണ്ണാർഡിൻെറ പ്രഥമപുത്രൻ പിച്ചച്ചിരട്ടയുമായി തെണ്ടിനടന്ന തെരുവുകൾ—ആ ഭ്രാന്തഭിക്ഷുവിനെ അനുഗമിച്ചിറങ്ങിയ അനേകായിരം യുവതിയുവാക്കന്മാരെ ദൈവത്തിങ്കലേക്കു് നയിച്ച ആ മഹാഗ്രാമം—അസ്സീസി—അവർണ്ണനീയമായ ചില മനോവ്യാപാരങ്ങളോടുകൂടി, ഞാൻ അവിടെനിന്നും ബസ്സിൽ കയറി. ഫ്രാൻസിസും ക്ലാരയും—അഭേദ്യരായി ബന്ധിക്കപ്പെട്ട രണ്ടു് വിശുദ്ധാത്മാക്കൾ—അവരുടെ സംയുക്തപ്രവർത്തനങ്ങൾക്കാധാരമായിരുന്ന അനുഗൃഹീതമായ അസ്സീസിഗ്രാമം—അവിടെ കാണേണ്ടതും അറിയേണ്ടതും ആയി മററു പലതും ഉണ്ടായിരുന്നു. ലോകത്തോടുള്ള ബന്ധവും സ്നേഹവും ആ ദാരിദ്ര്യത്തിൻെറ സ്മാരകങ്ങളെ തലോടിക്കൊണ്ടു് അവിടെ ജീവിക്കുവാൻ പലരേയും സമ്മതിക്കുന്നില്ലല്ലോ എന്നോർമ്മിച്ചുകൊണ്ടാണു് ഞാൻ തിരിച്ചു് റോമ്മയിലേക്കു പോയതു്.

---

Church Distribution Pictures
ഭക്തിപരമായ ചെറിയ പടങ്ങൾ, ചരമവാർഷിക പടങ്ങൾ എല്ലാതരങ്ങളും—കട്ടിയുള്ള ആർട്ടുപേപ്പറിൽ ഭംഗിയുള്ള നിറങ്ങളിൽ അച്ചടിച്ചിട്ടുള്ളതു്.
പ്രഥമദിവ്യകാരുണ്യസ്വീകരണ സ്മാരകങ്ങൾ, വിവിധവലിപ്പത്തിലുള്ള ഫാത്തിമാചിത്രങ്ങൾ — കുറഞ്ഞ വിലനിരക്കു്.
1952-ലെ ഫാത്തിമാകലണ്ടറുകൾ—വില 100 ക്കു് 40 ക. യും 16 ക. യും.
65തരം ചെറിയചിത്രങ്ങളുടെ സൗജന്യക്യാററ്ലോഗിനു് 1 ക. 4 ണ. യ്ക്കു് തപാൽ സ്റ്റാമ്പയക്കുക.
എഴുത്തുകൾ ഇംഗ്ലീഷിൽമാത്രം
Fatima Publications,
58/3 Dubash Chambers,
Kumpta Street, Ballard Estate,
Bombay 1

ഡെപ്പോസിററുകൾ
2 കൊല്ലം കാലാവധി, മാസത്തിൽ
100 ക്കു് 6 ണ. പലിശയും
ബാങ്ക് ഓഫ് കൊച്ചിൻ
ക്ലിപ്തം. എറണാകുളം
ബ്രാഞ്ചുകൾ:
മട്ടാഞ്ചേരി, വില്ലിംഗ്ഡൺ
ഐലൻറു്, ചാലക്കുടി, തൃശ്ശൂർ

വിജയരഹസ്യം:




തല ഉപയോഗിക്കുക; ശരിയായ വഴിക്കു തിരിയുക.

(Drawn by Bill Bien)

---

സൗജന്യവിതരണഫണ്ടു്

ഗേൾസ് സൊഡാലിററി,
കൊരട്ടി ക. 6—0—0

# എന്ത്! പാപപ്പൊറുതിച്ചീട്ടോ?

(ചരിത്രപ്രിയൻ)

നാലാം ഫാറത്തിലെ പുതിയ ചരിത്രപാഠപദ്ധതിയനുസരിച്ച് ശ്രീ കെ. എം. ജോസഫ് എം. എ. അവർകൾ തയാറാക്കി തിരുവനന്തപുരം എഡ്യുക്കേഷൻ ബുക്ക്ഡിപ്പോയിൽനിന്നു് പ്രസിദ്ധപ്പെടുത്തിയിട്ടുള്ള "അഭിനവ മൈസൂർ ഭൂലോക ചരിത്രം" എന്ന പാഠ്യപുസ്തകത്തിന്റെ 156, 157 എന്നീ പേജുകളിൽ ഇങ്ങനെ കാണുന്നു:- "വിശുദ്ധ പത്രോസിന്റെ പള്ളിയും മററു വിശിഷ്ടസ്ഥാപനങ്ങളും വമ്പിച്ച ചെലവിൽ പണിചെയ്യിക്കുന്നതിനു് (മാർപ്പാപ്പാമാർ) ബദ്ധശ്രദ്ധരായിരുന്നു. ഇതു സംബന്ധമായി നിരവധി ദ്രവ്യം കരസ്ഥമാക്കുന്നതിനു് ഇവർ പാപപ്പൊറുതിച്ചീട്ട് (Indulgences) വിററു പണം വാങ്ങിയിരുന്നു........ 1517-ൽ ഒരു സന്യാസപ്പട്ടക്കാരനും വിററൻബർഗ്ഗ് സർവ്വകലാശാലയിലെ പ്രൊഫസറുമായ മാർട്ടിൻ ലൂഥർ പാപപ്പൊറുതിച്ചീട്ടുവില്പനയുടെ അർത്ഥശൂന്യതയെ വെളിപ്പെടുത്തുകയും, അതിനെ എതിർക്കുകയും ചെയ്തു......... ബൈബിൾ സൂക്ഷ്മമായി പാരായണം ചെയ്തതോടുകൂടി, ശ്രീയേശുക്രിസ്തുവിന്റെ ഉപദേശങ്ങളും മാർപ്പാപ്പായുടെയും ഇതരസഭാനേതാക്കളുടേയും ഉപദേശങ്ങളും തമ്മിലുള്ള വലിയ വ്യത്യാസം ലൂഥറിനു ബോദ്ധ്യമായി."

ശ്രീ കെ. എം. ജോസഫിന്റെ യോഗ്യതകൾ സ്വന്തം പുസ്തകത്തിന്റെ കവർപേജിൽ രേഖപ്പെടുത്തിയിട്ടുള്ളതിൽനിന്നും അദ്ദേഹം കൊളംബിയാ സർവ്വകലാശാലയിലെ എം.എ. ബിരുദധാരിയും ഒരു ലണ്ടൻ എഫ്. ആർ. ജി. എസ്-ഉം ചരിത്രത്തിലും ഭൂമിശാസ്ത്രത്തിലും സ്പെഷ്യലിസ്റ്റും തിരുവിതാംകൂർ യൂണിവേഴ്സിററി സെനററ് മെമ്പറും ഒരു സർക്കാർ ഹൈസ്കൂൾ ഹെഡ്മാസ്റ്ററും ആണെന്നു കാണാം. എന്നാൽ ഈ വിശിഷ്ടയോഗ്യതകളെല്ലാം മേൽപ്പറഞ്ഞ "പാപപ്പൊറുതിച്ചീട്ട്"ഴുതിയ പേനയുടെ മുൻപിൽ കേവലം നിഷ്പ്രഭമായിപ്പോകുകയാണു് ചെയ്യുന്നതു്.

"Indulgence" എന്ന ഇംഗ്ലീഷ് പദത്തിന്റെ അർത്ഥമായി മലയാളഭാഷയിൽ പരക്കെ ഉപയോഗിച്ചുവരുന്നതു് ദണ്ഡവിമോചനം എന്ന പദമാണു്. അതിനു് ഇംഗ്ലീഷുഭാഷയിലുള്ള അർത്ഥവിവരണം ഏതിംഗ്ലീഷുനിഘണ്ടുവിൽനിന്നും ആർക്കും മനസ്സിലാക്കുവാൻ സാധിക്കും. ചേംബേഴ്സിന്റെ ഇരുപതാംശതകനിഘണ്ടുവിൽ ഇങ്ങനെ കാണുന്നു:— 'Indulgence: A remission to a repentent sinner, of the temporal punishment which remains due after the sin and its eternal punishment have been remitted.'

ഒരു പാപി പശ്ചാത്താപംമൂലം പാപത്തിൽനിന്നും അതിനുള്ള നിത്യശിക്ഷയിൽനിന്നും മോചിതനായശേഷം, അവൻ അനുഭവിച്ചുതീരേണ്ട "കാലത്തിനടുത്ത" ശിക്ഷയുടെ ഇളവു്, എന്നു് ഈ വിവരണത്തെ ഭാഷാന്തരപ്പെടുത്താം. Temporal punishment എന്ന പദങ്ങളുടെ അർത്ഥത്തെയാണു് ഇവിടെ കാലത്തിനടുത്ത ശിക്ഷയെന്നു വിവർത്തനംചെയ്തിരിക്കുന്നതു്. ഗുരുതരമായ പാപങ്ങൾക്കുള്ള നിത്യശിക്ഷ, മനസ്താപവും പാപപ്പൊറുതിയുംകൊണ്ടു് ക്ഷമിക്കപ്പെടും; പക്ഷേ അനിത്യമായ ഒരു ശിക്ഷ അതിനു ശേഷിക്കുമെന്നുള്ളതിലേക്കു വേദഗ്രന്ഥത്തിൽ പല തെളിവുകളുമുണ്ടു്. ഈ ശിക്ഷയുടെ പരിഹാരത്തിനുവേണ്ടിയുള്ള നിശ്ചിത സൽപ്രവൃത്തികൾ ചെയ്യുമ്പോഴാണു് Indulgence അഥവാ ദണ്ഡവിമോചനം സഭയിൽനിന്നു പ്രദാനംചെയ്യുന്നതു്. അതുപോലെ ലഘുവായ പാപങ്ങൾക്കുള്ള അനിത്യശിക്ഷകളും ദണ്ഡവിമോചനത്തിനു വിഷയമാകാവുന്നതാണു്. ഈ ദണ്ഡവിമോചനദാനവും ശ്രീ കെ. എം. ജോസഫിന്റെ "പാപപ്പൊറുതിച്ചീട്ടും" തമ്മിൽ എത്രകണ്ടു വ്യത്യാസമുണ്ടെന്നു് മാന്യവായനക്കാർതന്നെ വിധിക്കട്ടെ.

ഈ ദണ്ഡവിമോചനകാര്യത്തെപ്പററി Carter and Mears എന്ന ഗ്രന്ഥകാരന്മാർ അടുത്തകാലത്തു് രചിച്ചിട്ടുള്ളതും ഇപ്പോൾ തിരുവിതാംകൂർ സർവ്വകലാശാലയിൽ ഇൻറർമീഡിയററു ചരിത്രപാഠ്യപുസ്തകമായിരിക്കുന്നതുമായ "ബ്രിട്ടീഷുചരിത്ര"ത്തിൽ ഇങ്ങനെ കാണുന്നു:-

"The Pope Leo X was in need of money for the rebuilding of St. Peter's—a laudable enough object. Collections were made for the purpose in Germany; and a Dominican Frier named Tetzel was commissioned to raise money by the grant of indulgences. Indulgences were the granting of the remission of the punishment due for sin committed, to such as, having confessed their guilt were truely sorry for what they had done, and fulfilled certain specified conditions for obtaining an indulgence............ The practice of indulgence is a very old custom connected with the Catholic sacrament of penance, and Luther like other churchmen believed that at its basis there was a great truth. But in the hands of Tetzel, the sale of indulgences became an open scandal, for he offered them to all who paid, without stressing sufficiently the need for penitence."

ഈ ഉദ്ധൃതവാക്യങ്ങളുടെ അർത്ഥം ഇതാണു്: "പത്രോസിന്റെ ദേവാലയം പുതുക്കിപ്പണിയുന്നതിനു് പത്താം ലിയോൻ പാപ്പായ്ക്കു പണം വേണ്ടിയിരുന്നു. പണപ്പിരിവിനുള്ള ഉപാധി ദണ്ഡവിമോചനദാനമായിരുന്നു. ജർമ്മനിയിൽ ഈ ചുമതല ഏല്പിച്ചതു് ടെററ്സൽ എന്ന ഒരു ഡൊമിനിക്കൻ സന്യാസിയെ ആയിരുന്നു. ദണ്ഡവിമോചനം എന്നതു് സ്വന്തപാപങ്ങളെപ്പററി യഥാർത്ഥമായി പശ്ചാത്തപിക്കുകയും പാപനിവേദനം ചെയ്യുകയും ചെയ്തശേഷം നിശ്ചിതസുകൃതകൃത്യങ്ങൾ നിർവ്വഹിക്കുന്നവർക്കു, പാപത്തിന്റെ ശിക്ഷയിൽനിന്നു ലഭിക്കുന്ന മോചനമാകുന്നു. ദണ്ഡവിമോചനമെന്നതു് കത്തോലിക്കാസഭയിലെ കുമ്പസാരമെന്ന കൂദാശയോടു ബന്ധിക്കപ്പെട്ടതും അതിപ്രാചീനവുമായ ഒരു നടപടിയത്രെ. അതിന്റെ അടിസ്ഥാനത്തിൽ ഒരു പരമസത്യമുണ്ടെന്നു് മററു വൈദികരെപ്പോലെ ലൂഥറും വിശ്വസിച്ചിരുന്നു. പക്ഷേ ടെററ്സലിന്റെ അധീനത്തിൽ ദണ്ഡവിമോചനവില്പന പരസ്യമായ ഒരു ദുർന്നിമിത്തമായിത്തീർന്നു. അയാൾ പശ്ചാത്താപത്തെപ്പററി വേണ്ടവണ്ണം ഊന്നിപ്പറയാതെ പണം കൊടുത്തവർക്കെല്ലാം ദണ്ഡവിമോചനം നൽകുകയുണ്ടായി." ടെററ്സലിന്റെ ഈദൃശദുഷ്പ്രവർത്തനങ്ങൾ മാർപ്പാപ്പാ അറിഞ്ഞ അവസരത്തിൽ, അയാൾക്കു് കഠിനമായ താക്കീതു നൽകുകയുണ്ടായി എന്നു് ചരിത്രം ഘോഷിക്കുന്നുണ്ടു്. പക്ഷേ ശ്രീ കെ. എം. ജോസഫ് അവർകൾ "ചരിത്രത്തിൽ ഒരു വിദഗ്ദ്ധൻ"(Specialist) ആണെന്നു സ്വയം അവകാശപ്പെടുന്നുണ്ടെങ്കിലും അദ്ദേഹം ഈവക സംഗതികളൊന്നും അറിയുന്നില്ല. ഇതെത്രയോ ശോചനീയമാണു്!

പക്ഷേ എട്ടും പൊട്ടും തിരിയാത്ത നാലാം ഫാറം വിദ്യാർത്ഥികളുടെ ഇടയിൽ അത്യന്തം വിവാദപരവും (Controversial) ദുർഗ്രഹവും ആയ ഈദൃശകാര്യങ്ങൾ എടുത്തു വിളമ്പേണ്ട ആവശ്യമുണ്ടോ എന്നാണു് എന്റെ സംശയം. ഹൈസ്കൂൾ ക്ലാസ്സുകളിലെ ലോകചരിത്രപാഠപദ്ധതിയിൽ Renaissance അഥവാ "വിജ്ഞാനാഭ്യുദയ"ത്തിനും Reformation അഥവാ മതനവീകരണത്തിനുംകൂടി ഒരദ്ധ്യായമേ കൊടുത്തിട്ടുള്ളു. ലോകാരംഭംമുതൽ 18-ാം നൂററാണ്ടുവരെയുള്ള കാര്യങ്ങളാണു് നാലാം ഫാറത്തിൽ പഠിപ്പിക്കേണ്ട [illegible] അതിനാൽത്തന്നെ വിവാദപരമ[illegible] വിശദാംശങ്ങൾ ഈ പുസ്തകത്തിൽ വിട്ടുകളയാതെ തരമില്ലെന്നു് ആർക്കും നിഷ്പ്രയാസം ഗ്രഹിക്കാവുന്നതാണു്. പോരെങ്കിൽ ലോകചരിത്രപാഠപദ്ധതിയുടെ മുഖവുരയായി കമ്മിററിക്കാർ ആ വിവരം ഊന്നി പറഞ്ഞിട്ടുമുണ്ടു്. "A brief survey of the main currents and movements with an intelligent understanding of outstanding personalities, and the part played by them—this is to be aimed at rather than a chronological study of world events." ഏററം പ്രധാനപ്പെട്ട പ്രസ്ഥാനങ്ങളെയും ആശയഗതികളെയുംപററിയുള്ള ഹ്രസ്വമായ വിവരണങ്ങളും ഏററം മുൻപിട്ടുനില്ക്കുന്ന ചരിത്രപുരുഷന്മാരേയും അവരുടെ പ്രവർത്തനങ്ങളേയും പററിയുള്ള ബുദ്ധിപൂർവ്വമായ അറിവുമാണു് ഈ വിഷയത്തിൽ ലക്ഷ്യമാക്കേണ്ടതെന്നു് കമ്മിററിക്കാർ പ്രകടമായി പ്രസ്താവിച്ചിട്ടുണ്ടു്. പക്ഷേ ഈ നിർദ്ദേശങ്ങളൊന്നും കൂട്ടാക്കാതെയാണു് ചില ഗ്രന്ഥകാരന്മാർ പാഠപുസ്തകങ്ങൾ രചിച്ചുവിടുന്നതും, ടെക്സ്റ്റ്ബുക്ക് കമ്മിററിക്കാർ പലതവണയായി അവയെ അംഗീകരിച്ചുവിടുന്നതും. അതിനെക്കാൾ കുററകരമായിട്ടുള്ളതു് പബ്ലിക്ക് പരീക്ഷാചോദ്യങ്ങളുടെ കാര്യമാണു്. അതതുതവണകളിലെ പ്രധാനപരീക്ഷകന്മാരെ പ്രസാദിപ്പിക്കുന്നതിനു സ്വാധീനമുള്ള ഗ്രന്ഥകർത്താക്കളും പ്രസാധകന്മാരുമുണ്ടു്. അങ്ങനെയുള്ളവരുടെ പരിശ്രമംമൂലം പാഠപദ്ധതിയിലുള്ള നിർദ്ദേശങ്ങൾക്കു കടകവിരുദ്ധമായി ചില ഗ്രന്ഥകാരന്മാർ തങ്ങളുടെ കൃതികളിൽ ചേർത്തിട്ടുള്ള വിശദവിവരങ്ങൾ അവർ തിരഞ്ഞെടുത്തു ചോദ്യമിടും അഥവാ ഇടുവിപ്പിക്കും. അതു കാണുമ്പോൾ അടുത്ത കൊല്ലം വാങ്ങിക്കേണ്ട പുസ്തകം ഇന്നതാണെന്നു് അദ്ധ്യാപകരും വിദ്യാർത്ഥികളും മനസ്സിലാക്കിക്കൊള്ളുമെന്നാണു് വയ്പു്!! ഇങ്ങനെയുള്ള ദുരനുഭവങ്ങൾ മേലാലെങ്കിലും സംഭവിക്കാതിരിക്കാൻ വേണ്ട മുൻകരുതലുകൾ, നമ്മുടെ വിദ്യാലയപ്രവർത്തകന്മാർ ഉണർന്നു സ്വീകരിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. അല്ലെങ്കിൽ ഈ "പാപപ്പൊറുതിച്ചീട്ടു" പോലെയുള്ള കാര്യങ്ങൾ താമസിയാതെ നിർബന്ധപാഠ്യവിഷയമായിത്തീർന്നെന്നു വരാം.

ശ്രീ കെ. എം. ജോസഫിന്റെ പുസ്തകത്തിൽ കാണുന്ന തെററുകൾ ഇതുമാത്രമല്ല. കത്തോലിക്കാസഭയെപ്പററിയുള്ള അദ്ദേഹത്തിന്റെ പരാമർശങ്ങൾ പലസ്ഥലത്തും പുഴുക്കുത്തുവീണതാണു്. ഉദാഹരണങ്ങൾകൊണ്ടു പത്രസ്ഥലം മിനക്കെടുത്തണമെന്നു തല്ക്കാലം ഉദ്ദേശിക്കുന്നില്ല. അയഥാർത്ഥവും അശാസ്ത്രീയവുമായ പാഠ്യപുസ്തകങ്ങൾ ഈ നാട്ടിലെ വിദ്യാലയങ്ങളിൽ പഠിപ്പിച്ചുകൂടാത്തതാണെന്നാണു് ഈയുള്ളവന്റെ അഭിപ്രായം. ആകയാൽ ആവക കാര്യങ്ങളിലേക്കു് പൊതുജനങ്ങളുടെയും വിദ്യാഭ്യാസമേധാവികളുടേയും ശ്രദ്ധയെ ആകർഷിക്കണമെന്നു് എനിക്കു തീക്ഷ്ണമായ ആഗ്രഹമുണ്ടു്. കത്തോലിക്കാ വിദ്യാലയാധികൃതന്മാർ ഈ വിഷയത്തിൽ ജാഗ്രതയോടുകൂടിയിരിക്കുമെന്നു് പ്രതീക്ഷിക്കുകയും ചെയ്യുന്നു.

# ആററംബോംബിനിരയായി മൃതിയടഞ്ഞ ഭുവനപ്രസിദ്ധനായ ജാപ്പനീസ് ഡോക്ടർ

(ഡോക്ടർ ജോസഫ് ഏററുമാന്നൂർക്കാരൻ)

ആററംബോംബിനിരയായിത്തീർന്ന ഹതഭാഗ്യയായ ജപ്പാനിലെ ഹിരോഷിമാനഗരത്തിൽവച്ചു് ഭുവനപ്രസിദ്ധനായ ഒരു ഡോക്ടർ ഈയിടെ സഹൃദയലോകത്തെ മുഴുവൻ സന്താപസിന്ധുവിൽ നിമഗ്നമാക്കിക്കൊണ്ടു് ചരമഗതിയെ പ്രാപിച്ചു. ആ ഭിഷഗ്വരന്റെ പേർ ഡോക്ടർ പോൾ തഗാഷി നഗായി എന്നാണു്. അദ്ദേഹം കവിയും ചിത്രമെഴുത്തുകാരനും സർവ്വോപരി ഒരു മാതൃകാകത്തോലിക്കനും ആയിരുന്നു. രണ്ടാംമഹായുദ്ധകാലത്തു് അദ്ദേഹം നടത്തിയ അതുല്യസേവനങ്ങൾക്കായി പലപ്രാവശ്യം അദ്ദേഹത്തിനു് ജപ്പാനീസ് ഗവമ്മെൻറ് സമ്മാനങ്ങൾ നൽകിയിട്ടുണ്ടു്.

1908-ലാണു് നമ്മുടെ കഥാപുരുഷൻ ഭൂജാതനായതു്. 1934-ൽ അദ്ദേഹം കത്തോലിക്കനായിത്തീർന്നു. 1945 ആഗസ്റ്റ് 9-ാംനു അമേരിക്കൻ വൈമാനികർ ഹിരോഷിമായിൽ ആററംബോംബുകൾ വർഷിച്ചപ്പോൾ ഡോക്ടർ നഗായി ഒരാശുപത്രിയിൽ രോഗികളെ സംരക്ഷിച്ചുകൊണ്ടിരിക്കുകയായിരുന്നു. അന്നു് ആററംബോംബുകൾ ഹിരോഷിമായിൽ വർഷിക്കപ്പെടുമെന്നു് എല്ലാവർക്കും മുന്നറിവു ലഭിച്ചിരുന്നു. എങ്കിലും തന്റെ സംരക്ഷണത്തിലുണ്ടായിരുന്ന രോഗികളെ പരിത്യജിച്ചിട്ടു് തന്റെ ജീവൻ രക്ഷിക്കുന്നതിനു് ആ ദയാശീലൻ സന്നദ്ധനായില്ല. ആററംബോംബുകളിൽനിന്നു് പുറപ്പെട്ട രശ്മികളുടെ ഭയങ്കരശക്തി ഡോക്ടർ നഗായിയുടെ ശരീരത്തിൽ വ്യാപിച്ചു. എങ്കിലും ആ മാരകശക്തിക്കു വിധേയരായവരിൽ മരണമടയാതെ അവശേഷിച്ച രോഗികൾക്കു വേണ്ട പരിചരണങ്ങൾ നടത്തിയതിനുശേഷം മാത്രമേ നമ്മുടെ ഡോക്ടർ സ്വഗൃഹത്തിലേക്കു് മടങ്ങിയുള്ളു.

ഡോക്ടർ നഗായി സ്വഭവനത്തിലെത്തിയപ്പോൾ അദ്ദേഹത്തിന്റെ വസതി നിലംപതിച്ചു് ചാമ്പലായിക്കിടക്കുന്ന കാഴ്ചയാണു് ദർശിച്ചതു്. അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളെല്ലാവരും മരണമടഞ്ഞിരുന്നു. മൃതരായവരുടെ അവശിഷ്ടങ്ങൾപോലും ഭസ്മമായിപ്പരിണമിച്ചിരുന്നു. സ്വകളത്രത്തിന്റെ ജപമാലമാത്രം കേടുകൂടാതെ കിടക്കുന്നതു് ഡോക്ടർ നഗായി കണ്ടു. ഹൃദയഭേദകമായ ഈ കാഴ്ച സാധാരണമനുഷ്യരെ സാഹസകൃത്യങ്ങൾ നടത്തുന്നതിനു് പ്രേരിപ്പിക്കുമായിരുന്നു. പക്ഷേ നമ്മുടെ കഥാനായകൻ പഴയനിയമത്തിലെ ജോബിനെപ്പോലെ "ദൈവം തന്നു ദൈവം എടുത്തു" എന്നു പറഞ്ഞു് സമാശ്വസിച്ചു. അപ്പോൾമുതൽ ആററംബോംബിന്റെ മാരകശക്തി അദ്ദേഹത്തിന്റെ ശരീരത്തെ കരണ്ടുകൊണ്ടിരുന്നു. നശിച്ചുപോയ അദ്ദേഹത്തിന്റെ വീടിന്റെ സ്ഥാനത്തു് ഒററമുറിയുള്ള ഒരു വീടു് അദ്ദേഹത്തിന്റെ സ്നേഹിതന്മാർ പണിയിച്ചുകൊടുത്തു. അതിനുള്ളിൽ കഴിഞ്ഞ ആറു സംവത്സരക്കാലം അദ്ദേഹം കഴിച്ചുകൂട്ടി. തന്റെ അന്ത്യം ആസന്നമാണെന്നു് അദ്ദേഹത്തിനറിയാമായിരുന്നു. ഇക്കാലമെല്ലാം സ്വന്തം ശരീരത്തിൽത്തന്നെ ആററംശക്തിയുടെ നശീകരണപ്രവർത്തനങ്ങളെപ്പററി അദ്ദേഹം ഗവേഷണം നടത്തിക്കൊണ്ടിരുന്നു. ആററംശക്തിമൂലമുണ്ടാകുന്ന രോഗങ്ങളെപ്പററി ഇന്നു് ലോകത്തിനു് ലഭിച്ചിട്ടുള്ള അറിവുകൾക്കു് പ്രധാനകാരണക്കാരൻ ഡോക്ടർ നഗായി ആണു്. തദ്വിഷയകമായി അദ്ദേഹം പല ഗ്രന്ഥങ്ങളും പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

രോഗാവലംബിയായിരുന്ന ഡോക്ടർ നഗായിയെ സമാശ്വസിപ്പിച്ചുകൊണ്ടു് പ. പിതാവുതന്നെ സന്ദേശമയച്ചിട്ടുണ്ടു്. വി. ഫ്രാൻസിസ് സേവ്യരുടെ ശതവർഷാഘോഷം പ്രമാണിച്ചു് മാർപ്പാപ്പായുടെ പ്രതിനിധിയായി ജപ്പാൻ സന്ദർശിച്ച അത്യുന്നത കർദ്ദിനാൾ നോർമൻ ഗിൽറോയി പ. പിതാവയച്ചുകൊടുത്ത ഒരു തിരുശേഷിപ്പു് നമ്മുടെ ഡോക്ടർക്കു് സമ്മാനിച്ച വസ്തുതയും പ്രസ്താവ്യമാണു്.

മരണാനന്തരം തന്റെ ശരീരംപോലും മാനവവംശത്തിനുപകരിക്കത്തക്ക വിധത്തിൽ ശാസ്ത്രജ്ഞന്മാരുടെ ഗവേഷണങ്ങൾക്കു വിധേയമാക്കുന്നതിനു് നമ്മുടെ കഥാപുരുഷൻ സമ്മതിച്ചിട്ടുണ്ടു്.

ഡോക്ടർ നഗായിയോടുള്ള കൃതജ്ഞതയും ബഹുമാനവും സൂചിപ്പിക്കുന്നതായ ഒരു പ്രമേയം 1949 ഡിസംബർ 21-ാംനു ജാപ്പനീസ് പാർലിമെൻറ് പാസ്സാക്കുകയുണ്ടായി.

ആറു സംവത്സരക്കാലത്തേക്കു് സന്തോഷത്തോടുകൂടി താൻ സഹിച്ചിരുന്ന പീഡകളുടെ ഫലമെന്നപോലെ അത്യന്തം ആശ്വാസപ്രദമായ ഒരു സംഭവം നടന്ന വിവരം മരണത്തിനുമുൻപു് ഗ്രഹിക്കുന്നതിനുള്ള ഭാഗ്യം ഡോ. നഗായിക്കു ലഭിച്ചു. ഹിരോഷിമായിൽ ആദ്യമായി ആററംബോംബെറിഞ്ഞതു് ക്യാപ്ററൻ റോബർട്ട് ലൂയീസ് എന്ന അമേരിക്കൻ വൈമാനികനാണു്. ഒരുലക്ഷംപേരുടെ മരണത്തിനിടയാക്കിയ ഈ സംഭവത്തിനു് താൻ കാരണക്കാരനായിത്തീർന്നല്ലോ എന്ന വസ്തുത ഈ

## ലനിൻെറ ചരമവാർഷികം

# നീക്കംചെയ്തു

* [വാൾട്ടർകൊലാർസ്]

അടുത്തവർഷംമുതൽ ജനുവരി 22-ാംനു—ലനിൻദിനം— ഒരു പൊതു ഒഴിവു ദിവസമായിരിക്കുന്നതല്ലെന്നു് യു.എസ്സ്. എസ്സ്. ആർ-ലെ "സുപ്രീം സോവ്യററു പ്രിസീഡിയം" തീരുമാനിച്ചിരിക്കുന്നു. ആ ദിനം ലനിൻെറ ചരമവാർഷിക ദിനം മാത്രമല്ല 1905-ലെ വിപ്ലവത്തിൻെറ സ്മരണയെക്കുറിക്കുന്നതുകൂടിയായിരുന്നു. കഴിഞ്ഞ കാൽശതാബ്ദകാലത്തേക്കു് "ലനിൻദിനം", മെയ്ദിനവും ഒക്ടോബർ വിപ്ലവദിനവുംപോലെ സോവ്യററുയൂണിയനിൽ ആചരിച്ചുവന്ന ഒരു പൊതു ഒഴിവുദിവസമാണു്.

ഈ നടപടി സംബന്ധിച്ച സുപ്രീം സോവ്യററു പറയുന്നതു് അനേകം ട്രേഡുയൂണിയനുകളുടെ അപേക്ഷയും അഭിപ്രായവും ആദരിച്ചു അങ്ങനെ ചെയ്തതാണെന്നാണു് ഈ സംഘടനകളുടെ അഭിപ്രായത്തിൽ, ലനിൻെറ ചരമവാർഷികം സ്വസ്ഥമായിരുന്നു വിശ്രമിക്കേണ്ട ഒരു ദിവസമല്ല. ഈ ദിവസത്തിനു കാരണമാക്കിയ സംഭവഗതികൾ അതാണു് സൂചിപ്പിക്കുന്നതത്രെ.

ഈ പ്രസ്താവനയുടെ ആന്തരാർത്ഥം ഒരു സ്മാരകദിനം ഒരുത്തരും വിശ്രമമെടുക്കാൻ പാടില്ലെന്നാണെന്നു തോന്നുന്നു. ഇതു വാസ്തവമായിരിക്കാം. പക്ഷേ ഈ തത്വം കണ്ടുപിടിക്കാൻ എങ്ങനെയാണു് 27 വർഷങ്ങൾ വേണ്ടിവന്നതു്?

ലനിൻദിനം നിറുത്തലാക്കിയതിൽ രണ്ടു വസ്തുതകളുണ്ടു്. ഒന്നാമതായി സോവ്യററുയൂണിയനിലെ ജനങ്ങൾക്കു ഒരു ദിവസം കൂടുതൽ ജോലിചെയ്യുവാൻ സാധിക്കുന്നു. ലനിൻദിനം കഴിഞ്ഞ നാലു വർഷത്തിനിടയ്ക്കു് നിറുത്തലാക്കിയ മൂന്നാമത്തെ പൊതു ഒഴിവുദിവസമാണു്.

### വിജയസ്മരണ നിറുത്തി

യുദ്ധാനന്തരം മെയ് 8-ാംനു- ജർമ്മൻ വിജയസ്മരണയേയും സെപ്തംബർ 2-ാംനു- ജപ്പാൻ വിജയസ്മരണയേയും കുറിക്കുന്ന പൊതു ഒഴിവുദിവസങ്ങളായി കുറെക്കാലത്തേക്കു് ആദരിച്ചുപോന്നു. 1947-ൽ സുപ്രീം സോവ്യററു് അവ രണ്ടും നിറുത്തലാക്കി.

അതിനു പകരമെന്നോണം വർഷത്തിൻെറ ആദ്യദിനം ഒരു പൊതു ഒഴിവുദിവസമാക്കി. എന്നാൽ ഈ ഇളവു വെറും ഒരു പടമായിരുന്നു. ജനുവരി ഒന്നാംതിയതി പുതുവത്സരാഘോഷശേഷം ആരും പണി എടുക്കാറില്ല. അതിനാൽ ആ ദിവസം ഒരു അവധിദിവസമായി പ്രഖ്യാപിച്ചാലും ഉൽപാദനം കുറയുന്നില്ല.

ലനിൻദിനത്തെ സംബന്ധിച്ചിടത്തോളം തലേ ഞായറാഴ്ചയോ ഈ അവധികഴിഞ്ഞുവരുന്ന ഞായറാഴ്ചയോ ജോലിചെയ്യാത്തപക്ഷം നഷ്ടപ്പെട്ട ജോലി ചെയ്തുതീർക്കുവാൻ സാധിക്കുകയില്ല. ഇനി ഇത്തരം അടവൊന്നും പ്രയോഗിക്കേണ്ട; എല്ലാവരും ലനിൻദിനത്തിൽ ജോലിചെയ്യേണ്ടിയിരിക്കുന്നു.

പൂർവ്വാചാരത്തെ വാക്കുകൊണ്ടുമാത്രം കാത്തുവന്ന ഈ റഷ്യൻ അധികാരികൾക്കു കൂടുതൽ ദിവസങ്ങൾ ജോലിചെയ്യിക്കണമെന്നുണ്ടെങ്കിൽ അന്തർദ്ദേശീയ തൊഴിലാളിദിനമായ മെയ് 1-ാംനു-യും ഒക്ടോബർ വിപ്ലവദിനമായ നവംബർ 7-ാംനു-യും നിറുത്തേണ്ടിയിരിക്കുന്നു.

ആദർശത്തിൻെറപേരിലും ലനിൻദിനം നിറുത്തുവാൻ ശ്രമിച്ചേക്കാം. "സുപ്രീം സോവ്യററു പ്രിസീഡിയം" ലനിൻെറ സ്മരണയെ തീർത്തും പ്രത്യക്ഷമായി ബഹുമാനിക്കാതിരിക്കണമെന്നു വിചാരിക്കുന്നില്ല എന്നാൽ ഈ പുതിയ നടപടി ചില പ്രധാനപ്പെട്ട സംഗതികളെ സൂചിപ്പിക്കുന്നുണ്ടു്. ലനിൻെറ മരണാനന്തരം 27 വർഷങ്ങൾകൊണ്ടു് സ്റ്റാലിൻ അടിക്കടിയായി ലനിൻെറ പ്രാധാന്യം മറച്ചുവയ്ക്കാൻ ശ്രമിക്കുന്നുണ്ടെന്നുള്ളതു് പൊതുവേ സമ്മതിക്കുന്ന വസ്തുതയാണു്.

### ഗുരുവിനെക്കാൾ വലിയ ശിഷ്യൻ

ഇരുപതാംകാലത്തു് (1920—1930) സ്റ്റാലിൻ അറിയപ്പെട്ടിരുന്നതു് ലനിൻെറ ശിഷ്യനായിട്ടായിരുന്നു. മുപ്പതാംകാലത്തു് രണ്ടുപേരും ഒരേനിലയിലുള്ള രണ്ടു ഭീകരവ്യക്തികളായിരുന്നു. നാല്പതാമാണ്ടോടുകൂടി സ്റ്റാലിനെ പ്രത്യേകമായി പരിഗണിച്ചുതുടങ്ങുകയും ലനിനെ കമ്മ്യൂണിസ്റ്റു ശാസ്ത്രജ്ഞരായി അറിയപ്പെടുന്ന മാർക്സിനോടും ഏൻജൽസിനോടുംകൂടി എണ്ണുവാനാരംഭിക്കുകയും ചെയ്തു.

സ്റ്റാലിൻസംസ്കാരം ലനിൻെറ കാലത്തേതിൽനിന്നും വളരെ ഭിന്നമായിരുന്നു. ലനിൻെറ 50-ാം ജന്മദിനം 1920-ൽ വളരെ പരിമിതമായ രീതിയിൽ കൊണ്ടാടിയപ്പോൾ സ്റ്റാലിൻെറ 50-ാം 60-ാം 70-ാം ജന്മദിനങ്ങൾ ഒരു ദേശീയാഘോഷദിനമായി കൊണ്ടാടി. സ്റ്റാലിൻെറ സാഹിത്യശ്രമങ്ങൾ ലനിൻെറ ഗ്രന്ഥങ്ങൾക്കുള്ളതിനെക്കാൾ പ്രാമാണ്യം കല്പിച്ചു പരസ്യപ്പെടുത്തിവരുന്നു എന്നതും ഒരു വെറും പരമാർത്ഥം മാത്രമാണു്. സ്റ്റാലിൻെറ മുഴുവൻകൃതികളും ലനിൻെറ കൃതികളെക്കാൾ കൂടുതൽ ഭാഷകളിലേക്കു തർജ്ജമചെയ്തിട്ടുണ്ടു്.


ലനിൻദിനംപോലും സ്റ്റാലിൻെറ സ്തുതിഗീതങ്ങൾക്കായിട്ടാണു ചെലവഴിക്കുന്നതു്. പ്രത്യേകിച്ചും അടുത്തുകഴിഞ്ഞ വർഷങ്ങളിൽ ജനുവരി 22-ാം തിയതിയിലെ ലനിൻജന്മദിനാഘോഷപ്രസംഗങ്ങൾ ലനിൻെറ പിൻഗാമിയെ പൊക്കിക്കാണിക്കുന്നതും അതേസമയം തന്നെ ലനിനെ പിന്നണിയിലേക്കു തള്ളുന്നതുമായിരുന്നു.

ഇങ്ങനെ ലനിൻെറ വാർഷികാചരണം നിറുത്തലാക്കിയതു് തികച്ചും സ്വാഭാവികമായ ഒരു കൃത്യംമാത്രമായിരുന്നു. കാലാന്തരത്തിൽ സുപ്രീംസോവ്യററു പ്രിസീഡിയം ഡിസംബർ 21-ൽ ആഘോഷിക്കുന്ന സ്റ്റാലിൻദിനവും നിറുത്തലാക്കുമൊ എന്നു കണ്ടറിയണം. ആ ദിനം ആഘോഷിക്കുന്നതുനിമിത്തം ഉൽപാദനത്തിൽ വന്നുകൊണ്ടിരിക്കുന്ന നഷ്ടം അടുത്ത ഞായറാഴ്ച പരിഹരിച്ചുവരുന്നു.

* "സ്റ്റ...രം—നിത്യറഷ്യയും", "പരസ്യയൂറോപ്പിലെ കെട്ടുകഥയും സത്യാവസ്ഥയും" എന്നീ കൃതികളുടെ കർത്താവാണു് കൊലാർസു്.

---

### Thanksgiving




*For relief of my Asthma*
Miss Lilly Mathew, Poonooly
Kaippattoor, Kalady.

---

വൈമാനികനെ ആകുലചിത്തനാക്കിത്തീർത്തു. ഹൃദയസമാധാനം ലഭിക്കുന്നതിനായി തൻെറ ജീവിതശിഷ്ടം ഒരു സന്യാസിയായി കഴിച്ചുകൂട്ടുന്നതിനു് ക്യാപ്റ്റൻ റോബർട്ടു് തീരുമാനിക്കുകയും തദനുസരണം അദ്ദേഹം ട്രാപ്പിസ്റ്റു് സന്യാസസഭയിൽ പ്രവേശിക്കുകയുംചെയ്തു. ഈ വിവരം ഡോക്ടർ നഗായിക്കു് വലിയ സമാശ്വാസം നൽകിയിരിക്കണം. അദ്ദേഹത്തിൻെറ പ്രാർത്ഥനകളും സസന്തോഷം അദ്ദേഹം സഹിച്ച പീഡകളുമായിരിക്കാം ക്യാപ്റ്റൻ റോബർട്ടിൻെറ മാനസാന്തരത്തിനു കാരണം.

---

ആരോഗ്യപംക്തി

## പാമ്പുവിഷം

പാമ്പുകടിമൂലം വർഷംതോറും അനേകായിരം ജനങ്ങൾ നമ്മുടെ നാട്ടിൽ മൃതിയടയുന്നതായി കണക്കാക്കപ്പെട്ടിരിക്കുന്നു. ഇപ്രകാരം സംഭവിക്കുന്നതിനു മുഖ്യകാരണം വിഷമേൽക്കുന്ന ആളുകൾക്കു വേണ്ട പ്രഥമശുശ്രൂഷ നൽകുന്നതു സംബന്ധിച്ചുള്ള ജനങ്ങളുടെ അജ്ഞതയാണെന്നു് വിചാരിക്കുന്നതിൽ തെററില്ല. ഇൻഡ്യാഗവമ്മെൻറിൻെറ ഹെൽത്തുസർവ്വീസ് ഡയറക്ടർ ജനറൽ പുറപ്പെടുവിച്ചിരിക്കുന്ന പാമ്പുകടിസംബന്ധിച്ചുള്ള ഫീൽഡു് സർവ്വീസ് നോട്ട്സിലെ താഴെപ്പറയുന്ന വസ്തുതകൾ സാമാന്യജനങ്ങൾക്കു് ഉപയോഗപ്രദമായിരിക്കുമെന്നു വിശ്വസിക്കുന്നു.

സർപ്പദംശനമേററാൽ അതിനുവേണ്ട പ്രതിവിധിചെയ്യുവാൻ ഒട്ടുംതന്നെ അമാന്തിക്കരുതു്. കടിയേററ ആൾ ഓടുവാൻപാടില്ല. എന്തെന്നാൽ ഓടുന്നതുകൊണ്ടു് രക്തപരിവാഹം ദ്രുതതരമാകുന്നതിനും തന്മൂലം വിഷം ശരീരത്തിൽ വേഗത്തിൽ വ്യാപിക്കുന്നതിനും ഇടയാകുന്നതാണു്. ആരെയെങ്കിലും സഹായാർത്ഥം വിളിക്കുകയോ അല്ലാത്തപക്ഷം സഹായംകിട്ടുന്ന സ്ഥലത്തേക്കു് സാവധാനം നടന്നുപോകയോ ചെയ്യണം. നിവൃത്തിയുള്ളപക്ഷം പാമ്പിനെ കൊല്ലുന്നതുകൊള്ളാം. അങ്ങനെ ചെയ്യുന്നതു പാമ്പു വിഷമുള്ളതാണോ അല്ലയോ എന്നു് നിർണ്ണയിക്കുന്നതിനു സഹായകമായിരിക്കും. ദേഹത്തു് ഏതുഭാഗത്താണോ പാമ്പുകടി ഏററിരിക്കുന്നതു് അതിനെ ആശ്രയിച്ചായിരിക്കും അതിനുള്ള ചികിത്സയും.

### ഒരാളിനെ പാമ്പുകടിച്ചാൽ

(എ) കൈകാലുകളിൽ — സർപ്പദംശനം സാധാരണയായി കൈകാലുകളിലാണു് ഉണ്ടാകാറുള്ളതു്.

i അരിഷ്ടബന്ധനം (മുറുകെകെട്ടുക)

കടിപററിയ സ്ഥലത്തിനു മുകളിലായി ഉടൻതന്നെ മുറുകെ ഒരു കെട്ടുകെട്ടുക. ഇതിലേക്കു് കട്ടികൂടിയ ഒരു തുണ്ടു ചരടോ, കയറോ, തുണിക്കഷണമോ അതുപോലുള്ള മറേറതെങ്കിലും സാധനമോ ഉപയോഗിക്കാവുന്നതാണു്. ചോരയോട്ടം നിൽക്കത്തക്കവണ്ണം (to stop arterial circulation) വരിഞ്ഞുകെട്ടി ഒരു ചെറിയ കമ്പുകൊണ്ടു് മുറുക്കുന്നതു കൊള്ളാം. എന്നാൽ 20 മിനിട്ടു് ഇടവിട്ടു് അല്പനിമിഷത്തേക്കു് ഈ കെട്ടു് അല്പം അയയ്ക്കേണ്ടതും ആവശ്യമാണു്. കൈവിരലുകളിലോ കാൽവിരലുകളിലോ ആണു് ദംശനമേററിട്ടുള്ളതെങ്കിൽ അതിനു് അല്പം മുകളിലായി ഒരു കെട്ടുകൂടി കെട്ടുന്നതു് ഉത്തമം.

ii കോൾവാ കഴുകുക

കടിയേററ സ്ഥലം വെള്ളംകൊണ്ടോ ലോഷൻകൊണ്ടോ വൃത്തിയായി കഴുകണം. ഇപ്രകാരം ചെയ്യുന്നതുകൊണ്ടു് തൊലിയിലോ കോൾവായിലോ പററിയിരിക്കുന്ന വിഷം കളയാവുന്നതാണു്. തൊലി കീറുന്നതിനുമുമ്പു് ഇങ്ങനെ കഴുകേണ്ടതു് അത്യാവശ്യമാണു്. വെള്ളം കിട്ടുന്നതിനു് അസൗകര്യമുള്ളപക്ഷം മൂത്രം ഒഴിച്ചു് കഴുകാവുന്നതാണു്.

iii ഉൽകൃത്തനം (കീറുക)

കോൾവാ അരയിഞ്ചു നീളം കാലിഞ്ചു താഴ്ചയിൽ കീറുക. വലിയ രക്തധമനികൾ (large veins) മുറിയാതിരിക്കത്തക്കവണ്ണം താഴോട്ടും മുകളിലോട്ടും ആയി ഒന്നിലധികം കീറലുകൾ ഉണ്ടാക്കുക. വിഷപ്പല്ലു് ഒടിഞ്ഞു് മുറിവിൽ കാണപ്പെട്ടാൽ അതു് എടുത്തുമാററണം. രക്തപരിവാഹം പരിപൂർണ്ണമായി നിൽക്കത്തക്കവണ്ണം കെട്ടിയിട്ടുള്ളപക്ഷം മുറിവിൽക്കൂടി രക്തം പ്രവഹിക്കയില്ല. അപ്രകാരം രക്തം ഒഴുകാത്തപക്ഷം കെട്ടു് അല്പം അയച്ചു് രക്തക്കുഴലുകൾവഴിയുള്ള പ്രവാഹം (Arterial blood) അനുവദിക്കുക. മുറിവിൽക്കൂടി രക്തം പുറത്തേക്കു പോകുമ്പോൾ വിഷവും അതിൽ കലന്നു് പുറത്തേക്കു പോകുന്നതാണു്. അല്പനേരത്തെ തടസ്സമില്ലാത്ത രക്തപ്രവാഹത്തിൻശേഷം കെട്ടു് വീണ്ടും മുറുക്കി രക്തപ്രവാഹം നിർത്തേണ്ടതാണു്.

iv വിഷം വലിച്ചെടുക്കുക

വായിലോ ചുണ്ടിലോ മുറിവുകൾ ഇല്ലാത്തപക്ഷം വായകൊണ്ടു് വിഷംവലിച്ചെടുക്കുന്നതു് ഒരു ഉത്തമമാർഗ്ഗമാണു്. ബ്രസ്റ്റുപമ്പുപോലെ ഏതെങ്കിലും ഉപകരണം ലഭിക്കുന്നപക്ഷം അതുപയോഗിച്ചു് വിഷം വലിച്ചെടുക്കാവുന്നതാണു്. ഒരു കുപ്പിയിലോ തംബ്ലറിലോ കടലാസോ തുണിക്കഷണമോ ഇട്ടു് കത്തിച്ചു് ചൂടുപിടിപ്പിച്ചതിനുശേഷം മുറിവിനു മീതെ പിടിച്ചു് വിഷം വലിച്ചെടുക്കാവുന്നതുമാണു്. സർപ്പദംശനമേററു് മൂന്നുമണിക്കൂറിനുമേൽ എട്ടുമണിക്കൂറിനകം ആയാൽത്തന്നെയും വിഷത്തിൽ ഭൂരിഭാഗം വിഷവും വലിച്ചെടുക്കുവാൻ കഴിയും. മുറിവിനുമീതെ വിക്കമുള്ളപക്ഷം വിലങ്ങനെ കീറിയതിനുശേഷം വിഷം വലിച്ചെടുക്കാവുന്നതാണു്.

### (ബി) ശരീരത്തിലോ മുഖത്തുമാണെങ്കിൽ

ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ വരിഞ്ഞുകെട്ടുക സാദ്ധ്യമല്ല. താഴെപറയുന്ന പ്രതിവിധികൾ ചെയ്യാവുന്നതാണു്—

i കോൾവാ കഴുകുക

കോൾവായും തൊട്ടുള്ള ഭാഗങ്ങളും വൃത്തിയായി കഴുകുക. തന്മൂലം മുറിവിലും തൊലിയിലുമുള്ള വിഷം കളയാവുന്നതാണു്. വെള്ളം കിട്ടുന്നതിനു വിഷമമുണ്ടെങ്കിൽ മൂത്രംകൊണ്ടു കഴുകാവുന്നതാണു്.

ii കോൾവാ കീറൽ

അരയിഞ്ചുനീളം കാലിഞ്ചു താഴ്ചയിൽ കോൾവായിൽനിന്നു് കീഴ്മേലായി കീറി രക്തവും, രക്തനീരും ഞെക്കി പുറത്തുകളയുക.

iii വിഷം വലിച്ചെടുക്കുക

മേൽപ്രസ്താവിച്ചതുപോലെ ചൂടുപിടിപ്പിച്ച കുപ്പിയോ തംബ്ലറോ അതുപോലെയുള്ള മററു യാന്ത്രികോപകരണങ്ങളോ വായോ ഉപയോഗിച്ചു് വിഷം വലിച്ചെടുക്കുക.

### (സി) മററു പ്രധാന നടപടികൾ

രോഗിക്കു വേണ്ട മനസ്സാന്നിദ്ധ്യം നൽകുക:- രോഗിക്കു് സമാധാനവും ആശ്വാസവും ഉണ്ടാകത്തക്കവിധം ധൈര്യം കൊടുക്കുക. പാമ്പുകൾ അധികവും വിഷമില്ലാത്തവയാണു്. വിഷമുള്ള

---

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ എൻെറ സുഖക്കേടു് സൗഖ്യമായതിനു് ഉപകാരസ്മരണ.

മാത്യു പറമ്പലോത്തു്
വളഞ്ഞമ്പലം, എറണാകുളം

---

റീത്താ പുണ്യവതിയുടേയും അൽഫോൻസാമ്മയുടേയും സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.

മദർ സുപ്പീരിയർ
സെൻറു് മേരീസ് കോൺവെൻറു്
എറണാകുളം

---

പാമ്പു കടിച്ചാൽത്തന്നെയുംമരണഹേതുകമാംവിധത്തിലുള്ള വിഷം അധികം പേർക്കും ഏൽക്കാറില്ല. കട്ടിയുള്ള വസ്ത്രങ്ങളിൽക്കൂടിയുള്ള കടി തൊലിപ്പുറത്തു മാത്രമേ ഏൽക്കുകയുള്ളു. തന്മൂലം രക്തത്തിൽ വിഷബാധ ഉളേളാം കുറഞ്ഞിരിക്കാനേ തരമുള്ളു.

ii രോഗിക്കു് ലഹരിപദാർത്ഥങ്ങൾ കൊടുക്കരുതു്. രക്തഓട്ടം ത്വരിതപ്പെടുത്തുന്നതിനും വിഷം വ്യാപിക്കുന്നതിനും ഇതു് ഇടനൽകുന്നു.

iii മുറിവിൽ പൊട്ടാസിയം പെർമാംഗനേററു് ഇടരുതു്. ഇതു പാമ്പുകടിയെക്കാൾ കൂടുതൽ ദൂഷ്യമുണ്ടാക്കും.

iv കടിച്ച പാമ്പിനെ കാണാത്തപക്ഷം അതു് ഏതു വർഗ്ഗത്തിൽ പെട്ടതാണെന്നറിയുന്നതിനു് കോൾവാ പരിശോധിച്ചാൽ മതിയാവുന്നതാണു്. പല്ലിൻെറ പാടുകൾ അടുത്തടുത്തു കാണപ്പെട്ടാൽ വിഷമില്ലാത്തതാണെന്നു് അനുമാനിക്കാം. രണ്ടു പല്ലുകളുടെ പാടുകൾ കാണപ്പെട്ടാൽ കടി വിഷമുള്ള പാമ്പിൻെറതാണെന്നും പല്ലുകൾ തമ്മിലുള്ള അകലങ്ങൾ അനുസരിച്ചു് പാമ്പു് വലുതോ ചെറുതോ എന്നും തീരുമാനിക്കാവുന്നതാണു്. ഒരു പാടു് മാത്രമേ ഉള്ളു എങ്കിൽ ഒരുപല്ലും, മൂന്നോ നാലോ പാടുകളുണ്ടെങ്കിൽ ഒന്നൊഴിച്ചു് ബാക്കിയുള്ളവ സംവൃത വിഷദന്തങ്ങൾ (Reserve fangs) മൂലം ഉണ്ടായവയാണെന്നും ഊഹിക്കുന്നതിൽ അബദ്ധമില്ല.

(Travancore-Cochin News)

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ബി. എ., ഡി. ഡി.

Vol. 25 || ERNAKULAM, OCTOBER 24, 1951 || No 11


# നാലുതരം മിഷൻ പ്രവർത്തനങ്ങൾ

"എവൻജേലിയി പ്രെക്കോണെസ്" എന്ന വിശ്വലേഖനത്തിൽ 12-ാം പിയൂസ്സുമാർപ്പാപ്പാ നാലുതരം മിഷൻപ്രവർത്തനങ്ങളെപ്പററി പ്രതിപാദിക്കുന്നുണ്ട്. അവയിൽ വിദ്യാഭ്യാസമാണ് ആദ്യമായി തിരുമേനിയുടെ ശ്രദ്ധയ്ക്കു വിഷയമാകുന്നത്.

## വിദ്യാഭ്യാസം

യുവജനങ്ങൾ, പ്രത്യേകിച്ചും ക്ലാസ്സിക്കലും ലിബറലുമായ വിദ്യാഭ്യാസം സിദ്ധിച്ചവർ ആണ് ഭാവിയെ നിയന്ത്രിക്കുവാൻ പോകുന്നത്. ആകയാൽ പ്രാഥമികവിദ്യാലയങ്ങളുടേയും ഹൈസ്കൂളുകളുടേയും കോളെജുകളുടേയും കാര്യത്തിൽ ററവും വലിയ ശ്രദ്ധപതിക്കേണ്ടതത്രെ. ഇതിന്റെ പരമപ്രാധാന്യം ഒരുത്തർക്കും വിസ്മരിക്കാവുന്നതല്ല. തൽക്കാരണത്താൽ ഈവിധമായ മിഷൻപ്രവർത്തനം ഊർജ്ജിതപ്പെടുത്തുവാൻവേണ്ടി തങ്ങളുടെ കഴിവനുസരിച്ചുള്ള എല്ലാവിധയത്നവും ധനവ്യയവും ചെയ്യേണ്ടതാണെന്നു പരിശുദ്ധപിതാവ് മിഷൻ അധികൃതരെ ശക്തിയുക്തം ഉദ്ബോധിപ്പിക്കുന്നു.

വിദ്യാലയങ്ങളുടെ പ്രയോജനം അടങ്ങിയിരിക്കുന്നത് മിഷനറിമാരും അക്രൈസ്തവരുംതമ്മിൽ സൗഹാർദ്ദബന്ധം പുലർത്തുന്നതിന് അവ സഹായകമായി ഭവിക്കുമെന്നതിലത്രെ. മാത്രമല്ല. കത്തോലിക്കാതത്വങ്ങൾ ഗ്രഹിക്കുവാനും അഭിനന്ദിക്കുവാനും സ്വീകരിപ്പാനും വേണ്ട പ്രചോദനം നൽകുവാൻ നിഷ്പ്രയാസം അവയ്ക്കു കഴിയുന്നതുമാണ്. അഭ്യസ്തവിദ്യരായ ഇന്നത്തെ യുവാക്കളാണു നാളത്തെ ഭരണമേധാവികൾ എന്നു നമുക്കറിയാം. സാധാരണജനങ്ങൾ അവരുടെ നേതൃത്വമാണു സ്വീകരിപ്പാൻ പോകുന്നത്. വി. പൗലോസ്ശ്ലീഹാ ആഥൻസിലെ പണ്ഡിതസദസ്സിന്റെ മുമ്പിൽ സുവിശേഷപ്രബോധനങ്ങളിൽ അടങ്ങിയിരിക്കുന്ന മഹത്തായ വിജ്ഞാനത്തെ അവതരിപ്പിക്കുകയുണ്ടായി. അവർക്ക് "അജ്ഞാതനായിരുന്ന ദൈവ"ത്തെപ്പററി അദ്ദേഹം അവരോടു പ്രസംഗിച്ചു. വിദ്യാലയമാർഗ്ഗേണ മററുള്ളവരെ മനസ്സുതിരിക്കാൻ തൽക്ഷണം സാധിക്കാതെ വന്നാലും, ക്രിസ്തുമതത്തിന്റെ പ്രകൃത്യതീതമായ മനോഹാരിതയെപ്പററിയും തദനുയായികളുടെ പരസ്നേഹത്തെപ്പററിയും ചിന്തിക്കുവാൻ അതു് അവസരം നൽകുന്നതായിരിക്കും. തൽഫലമായി ക്രിസ്തുമതത്തിന്റെ ദയാമസൃണമായ പ്രേരണാശക്തിക്ക് പലരും അധീനരാകാതിരിക്കയില്ല.

മാത്രമല്ല, സ്കൂളുകളും കോളെജുകളും അബദ്ധസിദ്ധാന്തങ്ങളെ ഖണ്ഡിക്കുന്നതിൽ വളരെ പ്രയോജകീഭവിക്കുന്നതാണ്. അത്തരം സിദ്ധാന്തങ്ങൾ ഇക്കാലത്തു പ്രത്യേകിച്ചും അനുദിനമെന്നോണം അകത്തോലിക്കരുടേയും കമ്മ്യൂണിസ്റ്റുകാരുടേയും ഇടയിൽ അടിക്കടി പടർന്നുപിടിച്ചുകൊണ്ടിരിക്കുന്നു. അവ മനുഷ്യമനസ്സുകളിലേക്കു, പ്രത്യേകിച്ചും യുവാക്കന്മാരുടെ മനസ്സുകളിലേക്ക്, പരസ്യമായും രഹസ്യമായും കുത്തിവയ്ക്കപ്പെടുകയാണു ചെയ്യുന്നത്.

## പ്രസിദ്ധീകരണങ്ങൾ

വിദ്യാഭ്യാസംപോലെതന്നെ പ്രയോജനകരമാണു കാലോചിതമായ പ്രസിദ്ധീകരണങ്ങളുടെ പ്രചാരണവും. ഇതു സംബന്ധിച്ച് സവിസ്തരം പ്രതിപാദിക്കേണ്ട ആവശ്യമില്ല. കാരണം, ഏവർക്കുമറിയാം, വർത്തമാനപ്പത്രങ്ങളുടേയും മാസികകളുടേയും നിരൂപണഗ്രന്ഥങ്ങളുടേയും പ്രേരണാശക്തി എത്ര വലുതാണെന്നു്. സത്യത്തേയും സുകൃതത്തേയും അവയുടെ ശരിയായ വെളിച്ചത്തിൽ പ്രകാശിപ്പിക്കുകയും അവയെ മനുഷ്യമനസ്സിൽ ആഴമായി പതിക്കുകയും ചെയ്യുവാൻ അവയ്ക്കു കഴിയും; സത്യത്തിന്റെ കപടവേഷമണിഞ്ഞിരിക്കുന്ന അബദ്ധസിദ്ധാന്തങ്ങളുടെ തനിനിറം തുറന്നുകാണിക്കുവാനും, മതത്തിനു് എതിരായവയോ വിവാദവിഷയമായ സാമൂഹികപ്രശ്നങ്ങളെ കുഴച്ചുമറിച്ചു ചർച്ചചെയ്യുകനിമിത്തം ആദ്ധ്യാത്മികനാശം വരുത്തിവയ്ക്കുന്നവയോ ആയ അബദ്ധാഭിപ്രായങ്ങളെ ഖണ്ഡിക്കുവാനും പത്രമാസികകൾ പ്രയോജകീഭവിക്കും. പരിശുദ്ധ പിതാവു് തുടരുന്നു, "ശ്രദ്ധാപൂർവ്വം പ്രസാധനം ചെയ്യപ്പെടുന്ന ഇത്തരം പ്രസിദ്ധീകരണങ്ങൾ കഴിയുന്നത്ര പ്രചരിപ്പിക്കുവാൻ താല്പര്യംവയ്ക്കുന്ന മെത്രാന്മാരെ നാം അത്യധികം അഭിനന്ദിക്കുന്നു. ഇക്കാര്യത്തിൽ വളരെയെല്ലാം ചെയ്തുകഴിഞ്ഞിട്ടുണ്ടെങ്കിലും ഇനിയും വളരെയധികം ചെയ്യേണ്ടതായിട്ടാണിരിക്കുന്നതു്."

## ആതുരശുശ്രൂഷ

അടുത്തതായി വിശ്വലേഖനത്തിൽ പ്രസ്താവിക്കുന്നതു് ആതുരശുശ്രൂഷയെപ്പററിയാണ്. രോഗികളേയും അവശരേയും ഓരോതരത്തിൽ വേദനയനുഭവിക്കുന്നവരേയും ശുശ്രൂഷിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നവരെ മാർപ്പാപ്പാ തിരുമേനി മുക്തകണ്ഠം പ്രശംസിക്കുന്നു. ആസ്പത്രികളും കുഷ്ഠരോഗകേന്ദ്രങ്ങളും ഔഷധശാലകളും സാധുവൃദ്ധമന്ദിരങ്ങളും പ്രസവാസ്പത്രികളും അനാഥശാലകളും മിഷൻപ്രവർത്തനങ്ങളുടെ മനോജ്ഞതമങ്ങളായ പുഷ്പങ്ങളത്രെ. "നന്മചെയ്തുകൊണ്ടും പീഡിതർക്കു സുഖമരുളിക്കൊണ്ടും ചുററിസഞ്ചരിച്ചിരുന്ന ദിവ്യരക്ഷകനെ ആത്മനാ ദർശിക്കുന്നതിനു മേല്പറഞ്ഞവ സഹായിക്കുന്നു.

അത്തരം ജീവകാരുണ്യപ്രവർത്തനങ്ങൾ അക്രൈസ്തവരുടെ ആത്മാക്കളെ സജ്ജമാക്കുന്നതിനും അവരെ ക്രിസ്തുമതത്തിലേക്കു് ആകർഷിക്കുന്നതിനും ശക്തിയുള്ളവയാണെന്നു നിസ്സംശയം പറയാം. നമ്മുടെ ദിവ്യരക്ഷകൻ ശ്ലീഹന്മാരോടു് അരുളിച്ചെയ്തതും ഇപ്രകാരമാണല്ലോ: "നിങ്ങൾ ഏതെങ്കിലുമൊരു നഗരത്തിൽ പ്രവേശിക്കുകയും അവർ നിങ്ങളെ സ്വീകരിക്കുകയും ചെയ്യുന്നപക്ഷം... അവിടെയുള്ള രോഗികളെ സുഖപ്പെടുത്തുകയും അവരോടു് ഇപ്രകാരം പറയുകയും ചെയ്യുവിൻ: ദൈവരാജ്യം നിങ്ങളെ സമീപിച്ചിരിക്കുന്നു."

ഇതെല്ലാമാണെങ്കിലും, ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പോകുന്ന സഹോദരന്മാർക്കും കന്യാസ്ത്രീകൾക്കും സ്വരാജ്യം വിടുന്നതിനുമുമ്പു വേണ്ടത്ര സാങ്കേതികപരിശീലനം സിദ്ധിച്ചിരിക്കേണ്ടതാണ്. തങ്ങളുടെ ജോലി നിർവഹിക്കുന്നതിനു് ആവശ്യമായ സാങ്കേതികപരിജ്ഞാനം സമ്പാദിച്ചിട്ടുള്ള കന്യാസ്ത്രീകൾ പലരുമുണ്ടു്. കുഷ്ഠം മുതലായ ഭയങ്കരവ്യാധികളെപ്പററി പ്രത്യേകപഠനങ്ങൾ നടത്തുകയും അവയ്ക്കു മരുന്നുകൾ കണ്ടുപിടിക്കുകയും ചെയ്തു യഥായോഗ്യം അവർ പ്രസിദ്ധരായി ഭവിച്ചിട്ടുള്ളതുമാണ്. "അവർക്കും കുഷ്ഠാസ്പത്രികളിൽ നിസ്സ്വാർത്ഥസേവനമനുഷ്ഠിച്ചവരും മററെല്ലാ മിഷനറിമാർക്കും നമ്മുടെ പൈതൃകമായ ആശീർവ്വാദം. അവരുടെ ഉൽകൃഷ്ടമായ പരസ്നേഹം നമ്മുടെ അഭിനന്ദനത്തിനും പ്രശംസയ്ക്കും സർവ്വഥാ അർഹമാണ്."

ചികിത്സയുടേയും ശസ്ത്രക്രിയയുടേയും കാര്യത്തിൽ അത്മേനികളുടേയും സേവനം ആവശ്യപ്പെടുന്നതു് ഏററവും ആശാസ്യമായിരിക്കും. അവർക്ക് ആവശ്യമായ ബിരുദങ്ങളും മാതൃരാജ്യം വിട്ട് മിഷനറിമാരെ അനുഗമിപ്പാനുള്ള സന്നദ്ധതയുമുണ്ടായിരിക്കണമെന്നു മാത്രമല്ല, വിശ്വാസത്തിന്റെയും സന്മാർഗ്ഗനിഷ്ഠയുടേയും കാര്യത്തിൽ യാതൊരു പോരായ്മയും അവർക്ക് ഉണ്ടായിരിക്കാൻ പാടില്ലാത്തതുമാകുന്നു.

## സാമൂഹികപ്രവർത്തനം

മിഷനറിമാരുടെ സവിശേഷമായ ശ്രദ്ധയ്ക്കു വിഷയമാകേണ്ട നാലാമത്തെ സംഗതി സാമൂഹികപ്രവർത്തനമാണ്. "കമ്മ്യൂണിസ്റ്റ് പ്രചരണം വിശ്വവ്യാപകമായിരിക്കയും സാധുക്കളേയും വിദ്യാവിഹീനരേയും നിഷ്പ്രയാസം വഞ്ചിക്കയും ചെയ്യുന്ന ഇക്കാലത്തു് ദിവ്യരക്ഷകന്റെ വചനങ്ങൾ നമ്മുടെ കർണ്ണപുടങ്ങളിൽ മാറെറാലിക്കൊള്ളുന്നതുപോലെ തോന്നുന്നു: എനിക്കു ജനക്കൂട്ടത്തിന്റെമേൽ മനസ്സലിവുണ്ടു്. ഈ വിഷയം സംബന്ധിച്ച് സഭ പഠിപ്പിക്കുന്ന ശരിയായ തത്വങ്ങൾ തീക്ഷ്ണതയോടും ഉത്സാഹത്തോടുംകൂടി പ്രയോഗത്തിൽ വരുത്തേണ്ടതു് അത്യാവശ്യമാണ്. എല്ലാ ജനപദങ്ങളേയും നാശഹേതുകമായ അബദ്ധങ്ങളിൽനിന്നു് കാത്തുസൂക്ഷിക്കണം. നേരത്തെതന്നെ അവ അവരെ ബാധിച്ചുകഴിഞ്ഞിട്ടുണ്ടെങ്കിൽ ഉപദ്രവകരങ്ങളായ അത്തരം സിദ്ധാന്തങ്ങളിൽനിന്നു അവരെ വിമുക്തരാക്കണം. മർത്ത്യജീവിതത്തിലെ ഏകലക്ഷ്യം ലോകസുഖാനുഭൂതിയായിട്ടാണ് അവ ചിത്രീകരിക്കുന്നതു്. അതേസമയംതന്നെ, സകലതും രാഷ്ട്രത്തിന്റെ ഉടമസ്ഥം നിയന്ത്രണത്തിനും വിധേയമാകുന്നതുവഴി മനുഷ്യവ്യക്തിയുടെ മാഹാത്മ്യം ഏറെക്കുറെ ശൂന്യമാക്കിത്തീർക്കുകയും ചെയ്യുന്നു. നമ്മുടെ ശാശ്വതഭവനത്തിലേക്കു് പ്രയാണംചെയ്യുന്ന പരദേശികളാണ് നാമെന്നു പരസ്യമായും രഹസ്യമായും പ്രഖ്യാപിക്കേണ്ടതു് അത്യാവശ്യമായിരിക്കുന്നു. നാം നിത്യസൗഭാഗ്യത്തിനായി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളവരാണ്. സത്യവും നീതിയും മാത്രമേ നമ്മെ അതിൽ എത്തിക്കുകയുള്ളു. ക്രിസ്തു മാത്രമാണ് യഥാർത്ഥത്തിൽ നീതിക്കായി നിലകൊണ്ടിട്ടുള്ളതു; അവിടുത്തേക്കു മാത്രമാണ് ഐഹികജീവിതത്തിലെ അനിവാര്യങ്ങളായ മാനുഷികക്ലേശങ്ങളിൽ ആശ്വാസമരുളുവാൻ സാധിക്കുന്നതു്. തന്റെ തിരുരക്തത്താൽ രക്ഷിക്കപ്പെട്ട നമ്മളെല്ലാവരും നമ്മുടെ ഭൗമികപ്രവാസത്തിനുശേഷം പ്രാപിക്കേണ്ട സമാധാനത്തിന്റെയും നീതിയുടേയും നിത്യസൗഭാഗ്യത്തിന്റേയും നികേതനത്തെ ചൂണ്ടിക്കാണിച്ചുതന്നതും അവിടുന്നുമാത്രമാണ്.

"എന്നുവരികിലും, നിവൃത്തിയുള്ളിടത്തോളം സ്വസഹോദരങ്ങളുടെ ഐഹികക്ലേശങ്ങളെ കുറയ്ക്കുകയും അവരുടെ ദുഃഖത്തെ മയപ്പെടുത്തുകയും വേദനയെ നിവാരണംചെയ്യുകയും ചെയ്യേണ്ടതു് ഏവരുടേയും കർത്തവ്യമാണ്.

"വാസ്തവത്തിൽ, നീതിവിരുദ്ധമായ പല സാമൂഹികവ്യവസ്ഥിതികളേയും കുറെയെല്ലാം ശരിപ്പെടുത്തുന്നതിനു് ഉപവിക്കു കഴിയുന്നതാണ്. എന്നാൽ അതുകൊണ്ടു മാത്രമായില്ല എന്തുകൊണ്ടെന്നാൽ ആദ്യമേതന്നെ നീതിയാണാവശ്യം. അതു പ്രബലപ്പെടുകയും പ്രയോഗത്തിൽ വരുകയും വേണം.

"ഈയവസരത്തിൽ 1942-ലെ ക്രിസ്തുമസ് പ്രമാണിച്ച് കർദ്ദിനാൾസംഘത്തോടും മെത്രാന്മാരോടുമായി പറഞ്ഞ വാക്കുകൾ നാമുദ്ധരിക്കുന്നു: മാർക്സിയൻ സോഷ്യലിസത്തിന്റെ വിവിധരൂപങ്ങളെ സഭ നിഷിദ്ധങ്ങളായി പ്രഖ്യാപിച്ചിട്ടുള്ളതാണ്. സഭ ഇന്നു വീണ്ടും അവയെ നിഷിദ്ധങ്ങളായി പ്രഖ്യാപിക്കുന്നു. എന്തുകൊണ്ടെന്നാൽ തങ്ങളുടെ നിത്യരക്ഷയ്ക്കു വിഘാതമായി ഭവിച്ചേക്കാവുന്ന അബദ്ധജടിലമായ വാദഗതികളിൽനിന്നും വിനാശകരമായ പ്രേരണാശക്തികളിൽനിന്നും മനുഷ്യരെ സംരക്ഷിക്കുവാനുള്ള അവകാശവും ചുമതലയും എല്ലാകാലത്തും സഭയ്ക്കുള്ളതാണ്. എന്നാൽ സഭയ്ക്കു അറിയാതിരിക്കുവാനോ അവഗണിക്കുവാനോ നിവൃത്തിയില്ലാത്ത ഒരു കാര്യമുണ്ടു്; അതായതു്, തൊഴിലാളിക്കു അവന്റെ സ്ഥിതി അഭിവൃദ്ധിപ്പെടുത്തുവാനുള്ള പരിയത്നത്തിൽ, പ്രകൃത്യനുസൃതമല്ലെന്നു മാത്രമല്ല, ദൈവത്തിന്റെ നിശ്ചയത്തിനും ഭൗമികവസ്തുക്കൾ സൃഷ്ടിക്കുന്നതിൽ അവിടുത്തേക്കുണ്ടായിരുന്ന ഉദ്ദേശ്യത്തിനും കടകവിരുദ്ധവുമായ ഒരു സംഘാതശക്തിയെ എതിരിടേണ്ടിവരുന്നു. അവരുടെ മാർഗ്ഗങ്ങൾ സത്യവിരുദ്ധവും നിഷിദ്ധവുമാണെന്നിരുന്നാലും ഏതു ക്രിസ്ത്യാനിക്കാണ്, വിശിഷ്യ ഏതു പുരോഹിതനാണ് നീതിക്കും സഹോദരോചിതമായ സഹകരണമനോഭാവത്തിനുമായുള്ള ഹൃദയംഗമമായ ആക്രന്ദനത്തെ ശ്രവിക്കാതിരിക്കുവാൻ സാധിക്കുക? നീതിമാനായ ഒരു ദൈവത്താൽ നിർമ്മിതമായ ഒരു ലോകത്തിലാണല്ലോ നമ്മൾ വസിക്കുന്നതു്. താദൃശമൗനം ദൈവസമക്ഷം കുററകരവും നീതീകരിക്കാൻ നിവൃത്തിയില്ലാത്തതുമായിരിക്കും. വി. ശ്ലീഹാ ദൈവനിവേശനപ്രകാരം പഠിപ്പിക്കുന്ന തത്വങ്ങൾക്കു് എതിരുമായിരിക്കുമതു്. അദ്ദേഹം അസത്യത്തിനു് എതിരായുള്ള യുദ്ധത്തിൽ ദൃഢവ്രതരായിരിക്കണമെന്നു് ഉൽബോധിപ്പിക്കുന്നതോടൊപ്പം, വഴിതെററിപ്പോകുന്നവരോടു് നാം അനുകമ്പ പ്രദർശിപ്പിക്കണമെന്നും അവരുടെ വാദമുഖങ്ങൾക്കു് ന്യായമായ പരിഗണന നൽകണമെന്നും അവരെ പ്രോത്സാഹിപ്പിക്കയും സഹായിക്കയും ചെയ്യണമെന്നുമുള്ള സംഗതികൾ അനുസ്മരിപ്പിക്കുന്നു ... ... ... ... ... ... ... ആകയാൽ സാമാന്യതത്വമനുസരിച്ച്, മനുഷ്യവ്യക്തിയുടെ മാഹാത്മ്യം, ജീവിതത്തിന്റെ സ്വാഭാവികാടിസ്ഥാനമെന്ന നിലയിൽ, ഭൂമിയിലെ വസ്തുക്കളെ ഉപയോഗിക്കാനുള്ള അവകാശത്തെ ആവശ്യപ്പെടുന്നു. ഈ അവകാശത്തിനു് അനുബന്ധമായിട്ടുള്ളതാണ്, സാധ്യമെങ്കിൽ എല്ലാവർക്കും സ്വകാര്യസ്വത്തുടമ പ്രദാനംചെയ്യുവാനുള്ള മൗലികമായ കടമയും. സ്വകാര്യസ്വത്തുടമയെ നിയന്ത്രിക്കുന്നതിനായുള്ള നിയമനിർമ്മാണം ആ ഉടമയുടെ പ്രയോഗത്തെ വ്യത്യാസപ്പെടുത്തുകയു പരിധികൾക്കുള്ളിൽ ഏറെക്കുറെ ഒതുക്കിനിർത്തുകയും ചെയ്യും. പക്ഷേ നിയമനിർമ്മാണം സമുദായത്തിനു സമാധാനം പ്രദാനംചെയ്യുന്നതിനു പര്യാപ്തമാകണമെങ്കിൽ ഒരു കാര്യം ശ്രദ്ധിക്കേണ്ടതുണ്ടു്. ഇപ്പോൾത്തന്നെ ഒരു കുടുംബത്തലവനായിരിക്കുകയോ അഥവാ ഭാവിയിൽ ഒരു കുടുംബത്തലവനാകാനിരിക്കുകയോ ചെയ്യുന്ന തൊഴിൽക്കാരൻ, പുരുഷോത്മകനായ ഒരു വ്യക്തി എന്ന നിലയിൽ അവനുള്ള അവകാശത്തിനു യോജിക്കാത്ത ഒരുതരം സാമ്പത്തികാശ്രയത്തിനും അടിമത്തത്തിനുമായി തള്ളപ്പെടാതിരിക്കണം.

"ഈ അടിമത്തം സ്വകാര്യമൂലധനത്തിന്റേതായ ചൂഷണത്തിൽനിന്നുളവായാലും, രാഷ്ട്രത്തിന്റെ സേച്ഛാധിപത്യത്തിൽനിന്നുളവായാലും ശരി, ഫലം ഒന്നുതന്നെ. യഥാർത്ഥത്തിൽ, സകലതും സ്വാധീനപ്പെടുത്തുകയും, വ്യക്തിപരങ്ങളായ അഭിപ്രായങ്ങളേയും ഏർപ്പാടുകളേയും വിശ്വാസങ്ങളെപ്പോലും ബാധിക്കുമാറു് മനുഷ്യരുടെ പരസ്യവും രഹസ്യവുമായ ജീവിതത്തെ നിയന്ത്രിക്കുകയും ചെയ്യുന്ന ഒരു രാഷ്ട്രത്തിന്റെ സമ്മർദ്ദത്തിൻകീഴ് സ്വാതന്ത്ര്യം വളരെയധികമായി നഷ്ടപ്പെടുന്നു. അനുഭവം തെളിയിച്ചിരിക്കുന്നതുപോലെ, കൂടുതൽ ഗൗരവാവഹങ്ങളായ വിനാശകഫലങ്ങളും ഉളവായേക്കാവുന്നതത്രെ."

കത്തോലിക്കാസഭയുടെ ഈ തത്വങ്ങളും ആദർശങ്ങളും പ്രയോഗത്തിൽ വരുത്തുവാനാണു മാർപ്പാപ്പാ തുടർന്നുൽബോധിപ്പിക്കുന്നതു് അതു എളുപ്പമാക്കാൻ വേണ്ടി സ്ഥലകാലാദി സാഹചര്യങ്ങൾ അനുസരിച്ച് സാമൂഹികപ്രവർത്തനസമിതികളും സംഘടനകളും രൂപവൽക്കരിക്കുവാൻ തിരുമേനി നിർദ്ദേശിക്കുന്നു. "ലോകത്തിന്റെ സന്താനങ്ങൾ പ്രകാശത്തിന്റെ മക്കളെക്കാൾ ബുദ്ധിമാന്മാരാണ്" എന്നു പറയാൻ ഇടവരാതിരിക്കട്ടെ എന്നാണു തിരുമനസ്സിലെ ആശംസ. മെത്രാന്മാരും മിഷനറിമാരും ഒത്തൊരുമിച്ചു ഇക്കാര്യം നിർവ്വഹിക്കേണ്ടതാണെങ്കിലും അവർ സ്വഭാവവൈശിഷ്ട്യവും പ്രായോഗികപരിജ്ഞാനവുമുള്ള അൽമായപ്രമുഖരുടെ അഭിപ്രായം ആരായുന്നതു പ്രായോജനപ്രദമായിരിക്കുമെന്നു് വിശ്വലേഖനത്തിൽ വ്യക്തമാക്കിയിരിക്കുന്നു.

വിദ്യാഭ്യാസം, പ്രസിദ്ധീകരണം, ആതുരശുശ്രൂഷ, സാമൂഹികപ്രവർത്തനം എന്നിതുകളിൽ ഇനിയും നിരവധി കാര്യങ്ങൾ നമ്മൾ ചെയ്യേണ്ടതായിട്ടുണ്ടെന്നുള്ളതു് അവിതർക്കിതമാണല്ലോ.

ആകയാൽ ഇവ സംബന്ധിച്ച് മാർപ്പാപ്പാ തിരുമേനി നല്കുന്ന ഉദ്ബോധനങ്ങളും പ്രായോഗികനിർദ്ദേശങ്ങളും നമുക്കേവർക്കും മാർഗ്ഗദർശകങ്ങളായി ഭവിക്കട്ടെ. അങ്ങനെ ക്രിസ്തുവിന്റെ രാജ്യം വിസ്തൃതമാകട്ടെ. ക്രിസ്തുരാജൻ വിജയിപ്പതാക.

## അടുത്തയാഴ്ചയിൽ

ഒക്ടോബർ
28 ഞാ: പന്തക്കുസ്താ 24-ാം ഞായർ
മ്ശിഹായുടെ രാജത്വം
29 തി: ഇറാനിമ്മോസ്
30 ചൊ: മക്കോസ്
31 ബു: സകലവിശുദ്ധർ തലേനാൾ
നവംബർ
1 വ്യാ: സകല വിശുദ്ധർ
2 വെ: മരിച്ചവരുടെ ഓർമ്മ
3 ശ: സകല വിശുദ്ധർ എട്ടാമിടം

## വിജ്ഞാപനം

☞ ക്രിസ്തുരാജത്തിരുനാൾ പ്രമാണിച്ച്, അടുത്തയാഴ്ച പത്രമുണ്ടായിരിക്കുന്നതല്ല.

## സത്യദീപം വരിസംഖ്യ

| | പ്രതിവർഷം |
|---|---|
| തിരു-കൊച്ചിയിൽ | 6—0—0 |
| തിരു-കൊച്ചിക്കു പുറമെ | 6—8—0 |
| ഇൻഡ്യക്കുപുറമെ | 8—0—0 |

## മരിയൻ കോൺഗ്രസ്സ് സ്മാരകഗ്രന്ഥം

[എസ്. എച്ച്. ലീഗ്, ആലുവാ. പേജ് 525 + VI. വില രൂപ 7.]

പരിശുദ്ധ കന്യകാമറിയം വി. സൈമൺ സ്റ്റോക്കിനു കർമ്മലോത്തരീയം പ്രദാനം ചെയ്തതിന്റെ ഏഴാം ശതാബ്ദജൂബിലി പ്രമാണിച്ച് ഇക്കഴിഞ്ഞ ഡിസംബർ 29, 30, 31 എന്നി തിയതികളിൽ എറണാകുളത്തുവച്ച് അതിവിപുലമായതോതിൽ ഒരു മരിയൻ കോൺഗ്രസ്സ് നടത്തുകയുണ്ടായല്ലോ. അതിന്റെ സ്മാരണ ഒരു ഗ്രന്ഥംമുഖേന നിലനിർത്തുവാൻ ഭാരവാഹികൾ തീരുമാനിച്ചതു് ഏററവും ഉചിതമായിരിക്കുന്നു. കോൺഗ്രസ്സിൽ സംബന്ധിക്കുന്നതിനും പ്രസംഗങ്ങൾ ശ്രവിക്കുന്നതിനും സാധിക്കാതെപോയവർക്കു മാത്രമല്ല, കോൺഗ്രസ്സിൽ സന്നിഹിതരായിരുന്നവർക്കും ഈ സ്മാരകഗ്രന്ഥം അത്യന്തം പ്രയോജകീഭവിക്കുമെന്നതിനു സംശയമില്ല. മാർപ്പാപ്പായുടെ തിരുവെഴുത്ത്, മലബാർ ഹയറാർക്കിയുടെ ഇടയലേഖനം, കോൺഗ്രസ്സ് ദിവസങ്ങളിലെ കാര്യപരിപാടികൾ, പ്രസംഗങ്ങൾ തുടങ്ങിയ നിരവധികാര്യങ്ങൾ ഗ്രന്ഥത്തിൽ ചേർത്തിട്ടുണ്ട്. പലവർണ്ണത്തിലുള്ള കവർപേജും ഉത്തരീയനാഥയുടെ ചിത്രവും, ഗ്രന്ഥത്തിന്റെ ഉള്ളിൽ ചേർത്തിട്ടുള്ള മററനേകം ചിത്രങ്ങളും ഈ കൃതിയെ ആദ്യന്തം സമാകർഷകമാക്കിയിരിക്കുന്നു. മരിയാഭക്തിയെ മാത്രമല്ല, വിവിധ ക്രിസ്തീയ കടമകളേയും ഭക്തസഖ്യങ്ങളേയും പരാമർശിക്കുന്ന പണ്ഡിതോചിതങ്ങളായ അനേകം ലേഖനങ്ങൾ ഇതിലുണ്ട്. ഏവരും അത്യാകാംക്ഷയോടെ പ്രതീക്ഷിച്ചിരുന്ന ഈ മഹാഗ്രന്ഥം ഇത്ര ഭംഗിയായി, ചുരുങ്ങിയ കാലയളവിൽ പ്രസിദ്ധപ്പെടുത്തുവാൻ സാധിച്ച പ്രസാധകരേയും മററു ഭാരവാഹികളേയും ഞങ്ങൾ ഹാർദ്ദമായി അനുമോദിക്കുകയും ഗ്രന്ഥത്തിനു പ്രചുരപ്രചാരമാശംസിക്കുകയും ചെയ്യുന്നു.

പത്രാധിപർ

## കഥാപ്രസംഗം

കൊളമ്പ് ടൌൺഹാളിൽ കഥാപ്രസംഗങ്ങൾ നടത്തുവാൻ എത്തിച്ചേർന്ന മി. ജോസഫ് കൈമാപറമ്പൻ ഒക്ടോ. 12-ാംനു- ഭാഷാപോഷിണി അസോസ്യേഷൻ സിക്രട്ടറി മി. എം. എൽ. ഡേവിഡുമൊരുമിച്ച് കാണ്ടി പേപ്പൽ സെമ്മിനാരിയിലെത്തി വൈദികവിദ്യാർത്ഥികൾക്കുവേണ്ടി സെമ്മിനാരി ഹാളിൽവെച്ച് ഒരു കഥാപ്രസംഗം നടത്തിയിരിക്കുന്നു. ധ്യാനപ്രസംഗങ്ങൾക്കായി സിലോണിൽ വന്നിട്ടുള്ള വെരി റവ. ഫാ. ലാസർ ടി. ഒ. സി. ഡി. തദവസരത്തിൽ ഇംഗ്ലീഷിൽ ഒരു പ്രസംഗം നടത്തുകയുണ്ടായി.




# സമാധാനം വേണമോ?

പ്രകാശത്തിൽ വിശുദ്ധന്മാരുടെ അവകാശത്തിന്റെ ഓഹരിക്കു നമ്മെ യോഗ്യരാക്കുകയും, അന്ധകാരത്തിന്റെ അധികാരത്തിൽനിന്നു് നമ്മെ രക്ഷിക്കുകയും, ആരിൽ നമുക്കു് രക്ഷയും പാപങ്ങളുടെ മോചനവും ഉണ്ടായിരിക്കുന്നുവോ, ആർ ദൈവത്തിന്റെ അദൃശ്യരൂപത്തിന്റെ സാദൃശ്യവും സകല സൃഷ്ടികളുടേയും ആദ്യജാതനും ആയിരിക്കുന്നുവോ, ആ തന്റെ പ്രിയപുത്രന്റെ രാജ്യത്തിലേക്കു് നമ്മെ കൊണ്ടുവരികയുംചെയ്ത പിതാവായ ദൈവത്തെ സന്തോഷത്തോടുകൂടി സ്തുതിക്കുവാനും വേണ്ടി, സകല ജ്ഞാനത്തിലും ആത്മീയമായ സകല വിവേകത്തിലും ദൈവേഷ്ടത്തിന്റെ അറിവുകൊണ്ടു് നിറയേണ്ടതിനു നിങ്ങളെക്കുറിച്ച് പ്രാർത്ഥിക്കുന്നതിലും അപേക്ഷിക്കുന്നതിലുംനിന്നു് ഞങ്ങൾ വിരമിക്കുന്നില്ല. സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ളതെല്ലാം അവനാൽ സൃഷ്ടിക്കപ്പെട്ടു. കാണപ്പെട്ടവയും കാണപ്പെടാത്തവയുമെല്ലാം—സിംഹാസനങ്ങളാകട്ടെ, കർതൃത്വങ്ങളാകട്ടെ, പ്രഭുത്വങ്ങളാകട്ടെ, അധികാരങ്ങളാകട്ടെ—സകലവും അവനാലും അവനിലും സൃഷ്ടിക്കപ്പെട്ടു. അവൻ സകലത്തിനും മുമ്പേയുള്ളവനാകുന്നു, സകലവും അവനിൽ നിലനില്ക്കുകയും ചെയ്യുന്നു. അവൻ സകലത്തിലും മുമ്പനായിരിക്കേണ്ടതിനു് ആരംഭവും മരിച്ചവരുടെ ഇടയിൽനിന്നുള്ള കടിഞ്ഞൂലുമായിരിക്കകൊണ്ടു് സഭയുടെ ശരീരത്തിന്റെ തലയാകുന്നു. എന്തെന്നാൽ സകല പൂർണ്ണതയും അവനിൽ വസിക്കുവാനും അവമൂലം സകലവും തന്നോടു് രമ്യപ്പെടുത്തുവാനും പിതാവു് തിരുവുള്ളമായി. ഭൂമിയിലുള്ളതിനെയാകട്ടെ സ്വർഗ്ഗത്തിലുള്ളതിനെയാകട്ടെ അവന്റെ കുരിശിലെ രക്തംകൊണ്ടു് അവൻമൂലം സമാധാനപ്പെടുത്തി. (രാജത്വത്തിരുനാൾ; ലേഖനം: കൊല. I, 12—20)


യുദ്ധത്തിൽ വിജയം വരിച്ച വി. ജോവാൻ ഓഫ് ആർക്ക് ആഹ്ലാദോന്മത്തരായിരുന്ന ചാറത്സ് രാജകുമാരന്റെയും പരിചാരകന്മാരുടേയും മുമ്പിൽ പ്രത്യക്ഷപ്പെട്ടു. അവർ അവളെ ഹർഷാരവത്തോടെ സ്വീകരിച്ചു. എന്നാൽ ജോവാനു് രാജകുമാരന്റെ മുമ്പിൽ ഒരപേക്ഷ സമർപ്പിക്കുവാനുണ്ടായിരുന്നു. "പ്രിയ ഡോഫിൻ (Dauphin—കിരീടാവകാശിയായ ഫ്രാൻസ് രാജകുമാരന്റെ ഔദ്യോഗികസ്ഥാനപ്പേർ) എനിക്കു് ഒരപേക്ഷയുള്ളതു് സാധിച്ചുതരുമോ?" "തരാം", വിജയോന്മത്തനായ ചാറത്സ് മറുപടി പറഞ്ഞു. "എന്നാൽ, എനിക്കു അങ്ങേ രാജ്യം മുഴുവനും തരണം"; അപ്രതീക്ഷിതമായ ഒരപേക്ഷ; ചാറത്സ് കയവിഹ്വലനായി അശനിപാതം ഏററവനെപ്പോലെ സ്തബ്ധനായി കുറേനേരം നിന്നുപോയി. ഒടുവിൽ, ഗത്യന്തരമില്ലാത്തതുകൊണ്ടു്, അദ്ദേഹം സമ്മതിച്ചു വെറും വാക്കുപോരെന്നും ഔദ്യോഗികമായ രേഖ വേണമെന്നും ജോവാൻ ശഠിക്കയാൽ നാലു നിയമജ്ഞന്മാർ കൂടി ഒരു രേഖാപത്രം എഴുതിയുണ്ടാക്കി. അതു മുഴുവൻ വായിച്ചുകേട്ട ശേഷം ജോവാൻ നിയമജ്ഞന്മാരോടു് ഇപ്രകാരം പറഞ്ഞു: "ഇനി നിങ്ങൾ, "ജോവാൻ ഈ രാജ്യം മുഴുവനും യേശുക്രിസ്തുവിനു് നൽകുന്നു" എന്നുകൂടി ചേർത്തെഴുതുവിൻ." അവർ അപ്രകാരം എഴുതി. വീണ്ടും അവൾ പറഞ്ഞു: 'ഇനി നിങ്ങൾ ഇതുംകൂടി ചേർക്കുവിൻ: യേശുക്രിസ്തുവാകട്ടെ ഈ രാജ്യം മുഴുവനും ചാറത്സിനുതന്നെ നൽകുന്നു." ചാറത്സിന്റെ ശ്വാസം നേരെ വീണു...... വളരെ അർത്ഥവത്തായതും മഹത്തായതുമായ ഒരു സത്യമാണു് വി. ജോവാൻ ഇപ്രകാരം ചാറത്സിനെ മനസ്സിലാക്കുവാൻ ശ്രമിച്ചതു്; അതായതു്: ഇഹത്തിലെ രാജ്യവും രാജാധികാരവുമെല്ലാം യേശുക്രിസ്തുവാണു് ഭരണാധികാരികൾക്കു നൽകുന്നതു്. അങ്ങുന്നാണു് പരമമായ അധികാരകേന്ദ്രം; സകല അധികാരങ്ങളുടേയും ഉൽപത്തിസ്ഥാനം. അതുകൊണ്ടാണു് ഇന്നത്തെ ലേഖനത്തിൽ വി. അപ്പസ്തോലൻ ഇപ്രകാരം പ്രസ്താവിക്കുന്നതു: "സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ളതെല്ലാം അവനാൽ സൃഷ്ടിക്കപ്പെട്ടു. കാണപ്പെട്ടവയും കാണപ്പെടാത്തവയുമെല്ലാം — സിംഹാസനങ്ങളാകട്ടെ, കർതൃത്വങ്ങളാകട്ടെ. പ്രഭുത്വങ്ങളാകട്ടെ, അധികാരങ്ങളാകട്ടെ—സകലവും അവനാലും അവനിലും സൃഷ്ടിക്കപ്പെട്ടു. അവൻ സകലത്തിനും മുമ്പേയുള്ളവനാകുന്നു, സകലവും അവനിൽ നിലനില്ക്കുകയും ചെയ്യുന്നു."

ക്രിസ്തു ദൈവവും മനുഷ്യനുമാണു്. ദൈവമെന്ന നിലയ്ക്കു ക്രിസ്തുവിനുള്ള പരമാധികാരം സുവിദിതമാണു്. പ്രപഞ്ചത്തെ മുഴുവനും സൃഷ്ടിക്കയും അസ്തിത്വത്തിൽ നിലനിർത്തുകയും പരിപാലിച്ചുപോരുകയുംചെയ്യുന്ന ദൈവത്തിന്റെ പരമാധിപത്യം അപരിമേയംതന്നെ. ക്രിസ്തുവിനെ വധിക്കുവാനും വിട്ടയക്കുവാനുമുള്ള അധികാരം തനിക്കുണ്ടെന്നു് പീലാത്തോസ് പ്രഘോഷിച്ചു; അതിനു് ക്രിസ്തു ഇപ്രകാരം പ്രത്യുത്തരം നൽകി: "ഉന്നതങ്ങളിൽനിന്നു് നൽകപ്പെടാതിരുന്നെങ്കിൽ നിനക്കു് എന്റെമേൽ യാതൊരധികാരവും ഉണ്ടാകയില്ലായിരുന്നു." ഭരണാധികാരികൾക്കു ലഭിക്കുന്ന അധികാരം ദൈവദത്തമാണു്: "ഏതു മനുഷ്യനും ശ്രേഷ്ഠാധികാരങ്ങൾക്കു് കീഴ്പ്പെട്ടിരിക്കട്ടെ; ദൈവത്തിൽ നിന്നുള്ളതല്ലാതെ അധികാരമില്ല; ഉള്ള അധികാരങ്ങൾ ദൈവത്താൽ ഏർപ്പെടുത്തപ്പെട്ടിരിക്കുന്നു" (Rom. XII-1). സാമുദായികജീവികളായ മനുഷ്യരിൽ ഭരണാധികാരികൾ കൂടിയേകഴിയൂ എന്നുള്ളതുകൊണ്ടു് ദൈവത്തിന്റെ പരമാധികാരത്തിൽ ഒരു പങ്കു് ആ ഭരണാധികാരികൾക്കു നൽകപ്പെട്ടിരിക്കുന്നുവെന്നേയുള്ളൂ. പരമമായ അധികാരം എല്ലായ്പോഴും ദൈവത്തിൽത്തന്നെ സ്ഥിതിചെയ്യുന്നു. എത്ര വലിയ ഭരണാധികാരിയായാലും—ട്രൂമാനോ, സ്റ്റാലിനോ, ആരുതന്നെയായാലും—അയാൾ തന്റെ അസ്തിത്വത്തിന്റെ ഓരോ നിമിഷത്തിനുപോലും ദൈവത്തോടാണു് കടപ്പെട്ടിരിക്കുന്നതെന്നും, അങ്ങേ തൃക്കരങ്ങളിലാണു് അയാൾ സമാശ്വസിക്കുന്നതെന്നും, ആ തൃക്കരങ്ങൾ പിൻവലിച്ചാൽ അയാൾ വെറും ശൂന്യതയിലേക്കു് ആണ്ടുപോകുമെന്നും മനസ്സിലാക്കി പ്രവർത്തിക്കാതിരിക്കുന്നതു് വലിയ കഷ്ടമല്ലേ?

മനുഷ്യൻ എന്നുള്ള നിലയ്ക്കും ക്രിസ്തു രാജാധിരാജൻ തന്നെയാണു്. മനുഷ്യവർഗ്ഗത്തെ മുഴുവനും തന്റെ കഷ്ടാനുഭവങ്ങളും കുരിശുമരണവും വഴിയായി പരിത്രാണം ചെയ്തുവെന്നുള്ള ഏക പരമാർത്ഥംമതി അങ്ങയെ സർവ്വാധിപത്യപീഠത്തിൽ പ്രതിഷ്ഠിക്കുവാൻ. തന്റെ ജീവരക്തം വിലയായിക്കൊടുത്തു് വീണ്ടെടുത്ത മനുഷ്യരുടെമേൽ തനിക്കുള്ള അധികാരത്തിനു് പരിധിയുണ്ടോ? മിശിഹായുടെ ഈ രാജത്വം വി. ഗ്രന്ഥങ്ങളിൽ അങ്ങോളമിങ്ങോളം പ്രകീർത്തിതമായിട്ടുണ്ടു്. അങ്ങയുടെ രാജാധികാരത്തേയും തൽസ്വഭാവത്തേയുംകുറിച്ചുള്ള വിശദരൂപങ്ങൾ ഏശയ്യാദീർഘദർശിയുടെ പ്രവചനങ്ങളിലും (ഏശ. IX 6—7) ഗബ്രിയേൽ ദൂതമുഖ്യൻ പരി. കന്യകയോടു മംഗലവാർത്തയറിയിച്ചപ്പോൾ പറഞ്ഞ വാക്കുകളിലും (ലൂക്ക I-32, 33) സുവ്യക്തമായി പ്രതിഫലിച്ചുകാണാം. പൗരസ്ത്യദേശങ്ങളിൽനിന്നു മൂന്നുജ്യോതിശ്ശാസ്ത്രജ്ഞന്മാർ യൂദന്മാരുടെ രാജാവായി പിറന്നിരിക്കുന്നവനെ അന്വേഷിച്ചുവന്നതും, "ദൈവരാജ്യം ഇതാ സമീപിച്ചിരിക്കുന്നു" എന്നു പറഞ്ഞുകൊണ്ടു് ക്രിസ്തുനാഥൻ തന്റെ പരസ്യജീവിതം ആരംഭിച്ചതും. നിയമങ്ങൾ നിർമ്മിക്കുവാനും പരിഷ്കരിക്കുവാനും ലോകമഖിലത്തേയും വിധിക്കുവാനുമുള്ള അവകാശത്തെ ക്രിസ്തു അനിഷേധ്യമായി സ്ഥാപിക്കയും സമർത്ഥിക്കയും ചെയ്തതും, "ഇയാൾ കേസറിനെതിരായി സ്വയം രാജാവാകുന്നു" എന്നു യൂദന്മാർ അങ്ങയിൽ കുററമാരോപിച്ചതും മററും ക്രിസ്തുവിന്റെ രാജത്വം സുതരാം വ്യക്തമാക്കുന്നുണ്ടു്. എന്നാൽ അവിടുത്തെ രാജ്യവും രാജത്വവും സർവ്വോപരി ആദ്ധ്യാത്മികവും പാരത്രികവുമാണെന്നു യൂദന്മാർ മനസ്സിലാക്കിയില്ല. അതേ, ഈ പരമാർത്ഥം അവർ ഗ്രഹിക്കാത്തതുകൊണ്ടുതന്നെയാണു് അങ്ങയെ പരിഹാസരാജാവായി വാഴിക്കയും "യൂദന്മാരുടെ രാജാവായ നസ്രായക്കാരൻ ഈശോ" എന്ന ശിരോലിഖിതം അങ്ങയെ ചൂടിക്കയും ചെയ്തതു്. അതേസമയം ഈ പരിഹാസം വഴിയായി വലിയൊരു പരമാർത്ഥമാണു് അവർ പ്രഖ്യാപിച്ചിരുന്നതെന്നു അവർ ഒരിക്കലും ഓർത്തിട്ടുണ്ടായിരിക്കയില്ല.

സമാധാനത്തിനുള്ള മുറവിളി ഇന്നു സർവ്വത്ര മുഴങ്ങിക്കൊണ്ടിരിക്കുന്നുണ്ടു്. ഒപ്പുശേഖരണവും കോൺഫറൻസുകളും തകൃതിയായി നടക്കുന്നു. എന്നാൽ സമാധാനരാജനെന്നു ഏശയ്യാദീർഘദർശിയാൽ പ്രകീർത്തിതനായ ക്രിസ്തുവിനെ അകററിനിർത്തിക്കൊണ്ടു് സമാധാനസൗധം കെട്ടിപ്പൊക്കുവാൻ ശ്രമിക്കുന്നവർ വെറും പാഴ്വേലയാണു് ചെയ്യുന്നതു്. ഓരോ വ്യക്തിയിലും കുടുംബത്തിലും രാഷ്ട്രത്തിലും ക്രിസ്തുവിന്റെ ഭരണം നടപ്പിലായാൽമാത്രമേ സാക്ഷാത്തായ സമാധാനം കൈവരികയുള്ളൂ. സനാതനങ്ങളും സാർവ്വജനീനങ്ങളും സാർവ്വകാലികങ്ങളുമായ ക്രിസ്തുവിന്റെ തത്വങ്ങൾ ജീവിതത്തിന്റെ എല്ലാ തുറകളിലേക്കും സംക്രമിക്കണം. എന്നാൽ ഇന്നത്തെ സ്ഥിതിയെന്താണു്? ദൈവത്തേയും ക്രിസ്തുവിനേയും അകററിനിർത്തിക്കൊണ്ടാണു് ഇന്നത്തെ ഗാർഹികവും സാമുദായികവും രാഷ്ട്രീയവുമായ എല്ലാ കാര്യങ്ങളും പ്രസ്ഥാനങ്ങളും നടത്തപ്പെടുന്നതു്. അന്ധകാരശക്തികളും അവയുടെ ഏജണ്ടുമാരും ക്രിസ്തുവിനോടും അങ്ങേ അനുയായികളോടും ഒരു സന്ധിയില്ലാസമരത്തിലേപ്പെട്ടിരിക്കുന്നതുപോലെ തോന്നുന്നു. ഓരോ ക്രൈസ്തവനും ഉറങ്ങാതേയും നിഷ്പക്ഷത കൈവെടിഞ്ഞും ജാഗ്രതയോടെ ക്രിസ്തുരാജനുവേണ്ടി പോരാടുകതന്നെവേണം. അതിന്റെ പ്രഥമപടിയായി സ്വഹൃദയത്തിലും സ്വകുടുംബത്തിലും ക്രിസ്തുവിന്റെ ഭരണം നടപ്പിലാക്കണം, അങ്ങേ പ്രമാണങ്ങൾ പ്രത്യക്ഷരം അനുസരിക്കണം. അങ്ങുന്നു് നമ്മുടെ ഹൃദയത്തിലേക്കു് എഴുന്നള്ളി തന്റെ പ്രസാദവരത്താൽ അതിനെ മുഴുവനും കൈവശപ്പെടുത്തുകയും അങ്ങേ സിംഹാസനം അതിൽ സ്ഥാപിച്ചുകൊണ്ടു് സർവ്വസ്വാതന്ത്ര്യത്തോടും എതിരുകൂടാതെയും അതിനെ ഭരിക്കയും അതിലെ വികാരവിപ്ലവങ്ങളേയും ദുരാശാവിജൃംഭണങ്ങളേയും അമർത്തി അതിന്റെ ഉള്ളറകൾപോലും സ്വന്തമാക്കിക്കൊണ്ടു് അങ്ങേ സ്നേഹാഗ്നി അതിൽ ഉജ്ജ്വലിപ്പിക്കയുംവേണം. ഇങ്ങനെ എല്ലാ വ്യക്തികളിലും ക്രിസ്തുവിന്റെ ഭരണം കൈവന്നാൽ കുടുംബവും സമുദായവും രാഷ്ട്രവും ശാന്തിയുടെ നികേതനങ്ങളായി പരിണമിക്കും. ഇതിനായി ഓരോ ക്രൈസ്തവനും പരിശ്രമിക്കയും പ്രാർത്ഥിക്കയും ചെയ്യട്ടെ....ക്രിസ്തുരാജൻ വിജയിക്കട്ടെ.

(ജെ. ചെമ്മണൂർ)



ഉദ്ദിഷ്ടകാര്യസാദ്ധ്യത്തിനു് ഉപകാരസ്മരണ.

പി. എൽ. മാത്യു, പനച്ചിക്കൽ
കാളികാവു്, കുറവിലങ്ങാട്ടു്

## ഇടവകവാർത്തകൾ

കുറവിലങ്ങാട്ട്: ലിററിൽ ഫ്ളവർ സൺഡേസ്കൂളിന്റെയും സി. വൈ. എം. എ. യുടേയും 18-ാമത്തു വാർഷികസമ്മേളനം ഒക്ടോബർ 7-ാംനു വെരി റവ. ഫാ. തോമസ് മണക്കാട്ട് അവർകളുടെ അദ്ധ്യക്ഷതയിൽ ആഘോഷിച്ചിരിക്കുന്നു. റവ. ഫാ. സെബാസ്ത്യൻ പ്ലാക്കുട്ട്, ശ്രീ എം. എ. ചാക്കോ ബി. എ. എന്നിവർ ഓരോ പ്രസംഗംചെയ്തു. യോഗാനന്തരം "മരിയാംഗൊരേത്തി" എന്ന പ്രഹസനം അഭിനയിക്കപ്പെടുകയുമുണ്ടായി.

—നെല്ലൂർ: സെന്റ് ജോൺസ് സെമ്മിനരിയുടെ രജതജൂബിലി സെപ്റ്റംബർ 26,27 എന്നി തിയതികളിൽ കൊണ്ടാടിയിരിക്കുന്നു.

—ഏഴാച്ചേരിയൂർ: ഒക്ടോബർ 5 മുതൽ 8 വരെ തിയതികളിൽ വാർഷികധ്യാനവും തുടർന്നു 9-ാംനു 13 മണിയാരാധനയും 10-ാംനു ജൂബിലിമണ്ഡ വിമോചനബന്ധിക്കായുള്ള പരിഹാരപ്രദക്ഷിണവും നടത്തിയിരിക്കുന്നു.

—കട്ടുത്തുരുത്തി: താഴത്തുപള്ളി ഇടവകയിലെ ചെറുപുഷ്പമിഷൻലീഗിന്റെ പ്രഥമവാർഷികയോഗം ഒക്ടോബർ 14-ാംനു റവ. ഫാ. ജോസഫ് പെരുമററം അവർകളുടെ അദ്ധ്യക്ഷതയിൽ കൂടി. ബ്രദർ ജോസഫ് കര്യാക്കോസ് പ്രസംഗിച്ചു. യോഗാനന്തരം "മിഷൻ സേവനരംഗങ്ങൾ" എന്ന പ്രഹസനം അഭിനയിക്കപ്പെട്ടു.

—പൂവരണി: ജൂബിലിവത്സരസമാപനത്തെ അനുസ്മരിച്ച് ഒക്ടോബർ 13-ാംനു സ്ഥലത്തെ കപ്പേളയിൽ ഫാത്തിമാമാതാവിന്റെ ഒരു രൂപം പാലാമെത്രാൻ തിരുമനസ്സുകൊണ്ട് പ്രതിഷ്ഠിച്ചിരിക്കുന്നു.

—കരുമാടി: വി. നിക്കളാവോസിന്റെ നാമത്തിൽ പുതുമായി പണിചെയ്തിരിക്കുന്ന ദേവാലയത്തിന്റെ വെഞ്ചരിപ്പുകർമ്മം ഒക്ടോബർ 7-ാംനു ചങ്ങനാശേരി മെത്രാൻ തിരുമനസ്സുകൊണ്ട് നിർവ്വഹിക്കുകയും പിറേറദിവസം ദിവ്യബലി അർപ്പിക്കപ്പെടുകയും ചെയ്തിരിക്കുന്നു.

ക്രിസ്മസ്
കാർഡുകൾ
വിളക്കുപടങ്ങൾ
മുതലായവ
സാമ്പിൾ സെററ്
ഡസൻ 1ക്ക് 2 ക.
എൽ. എഫ്. പ്രസ്, മഞ്ഞുമ്മൽ P.O.

—പുന്നത്തുറയും പരിസരങ്ങളിലുമുള്ള സെന്റ് വിൻസെന്റ് ഡി പോൾ സൊസൈററികളുടെ ആഭിമുഖ്യത്തിൽ ഒക്ടോബർ 14-ാംനു ഒരു പരിഹാരപ്രദക്ഷിണം നടത്തിയിരിക്കുന്നു.

—കല്ലൂക്കാട്ട്: എറണാകുളം മെത്രാപ്പോലീത്താതിരുമനസ്സിലെ ഗുരുപ്പട്ടാഭിഷേക ജൂബിലിപ്രമാണിച്ച് ഒക്ടോബർ 6 മുതൽ 9 വരെ തിയതികളിൽ പൊതുധ്യാനവും നാല്പതുമണിയാരാധനയും നടത്തപ്പെട്ടു.

—അരുവിത്തുറ: ഇടവകയും സമീപ ഇടവകകളും ഏകോപിച്ച് ഒക്ടോബർ 3-ാംനു ഒരു പരിഹാരപ്രദക്ഷിണം നടത്തി തിക്കോയി, പൂഞ്ഞാർ മുതലായ ദേവാലയങ്ങൾ സന്ദർശിച്ചിരിക്കുന്നു.

—എരുമേലി: ചെറുപുഷ്പമിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ ഒക്ടോബർ 13-ാംനു റവ. ഫാ. തോമസ് അയിത്തമററം അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു പൊതുയോഗം ചേർന്നിരിക്കുന്നു.

—കുഴുപ്പിള്ളി: എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സിലെ ജൂബിലി പ്രമാണിച്ച് ഒക്ടോബർ 25,26,27 എന്നി തിയതികളിൽ പൊതുധ്യാനവും 29, 30,31 എന്നി തിയതികളിൽ നാല്പതുമണിയാരാധനയും നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ധ്യാനപ്രസംഗകൻ റവ. ഫാ. ജോർജ്ജ് കൊച്ചുപറമ്പിലും ആരാധനാപ്രസംഗികൻ റവ. ഫാ. ജെനസിയൂസ് സി. ഡി. യുമായിരിക്കും.

—വലവൂർ: നാഷണൽ ലൈബ്രറി & റീഡിംഗ് ക്ലബിന്റെ ഉൽഘാടനകർമ്മം റവ. ഫാ. തോമസ് മണക്കാട്ട് നിർവ്വഹിച്ചിരിക്കുന്നു.

## തിരു. കൊച്ചിവാർത്തകൾ

### അവധി ദീർഘിപ്പിച്ചു

അസംബ്ലിയിലേക്കും പാർലമെന്റിലേക്കുമുള്ള തിരഞ്ഞെടുപ്പിനു നോമിനേഷൻ പേപ്പർ സമർപ്പിക്കേണ്ട അവസാനതിയതി ഒക്ടോബർ 27 ആക്കി ദീർഘിപ്പിച്ചിരിക്കുന്നു.

### ഒത്തുതീർപ്പ്

ഒക്ടോബർ 15-ാംനു കൊല്ലത്തുവച്ചു നടന്ന കൂടിയാലോചനയിൽവച്ച് കോൺഗ്രസ് പാർട്ടിയും ഡെമൊക്രാററിക് കോൺഗ്രസ് പാർട്ടിയും തമ്മിൽ ഒരൊത്തുതീർപ്പിലെത്തിച്ചേർന്നിരിക്കുന്നു. ഡെ. കോൺ. നേതാക്കന്മാരായ മെ. ആർ. ശങ്കരേയും കളത്തിൽ വേലായുധൻ നായരേയും കോൺ. ഇലക്ഷൻ കമ്മിററിയിൽ ഉൾപ്പെടുത്തുവാനും ഡെമൊക്രാററിക് കോൺഗ്രസ് പാർട്ടി പിരിച്ചുവിടുവാനുമാണ് തീരുമാനമുണ്ടായതു്.

### ഒത്തുതീർപ്പിൽ പ്രതിഷേധം

കോൺഗ്രസ്സും ഡെമൊക്രാററിക് കോൺഗ്രസ്സും തമ്മിൽനടന്നിരിക്കുന്ന ഒത്തുതീർപ്പ് കോൺഗ്രസിന്റെ മൗലികാദർശങ്ങൾക്കു വിരുദ്ധമാണെന്ന കാരണത്തിന്മേൽ കൊട്ടാരക്കര താലൂക്കിലെ ഒന്നും രണ്ടും മണ്ഡലങ്ങൾ പ്രതിഷേധസൂചകമായി പിരിച്ചുവിടപ്പെട്ടിരിക്കുന്നു. ഇതേകാരണം തന്നെ ഉന്നയിച്ചുകൊണ്ട് അതിരമ്പുഴ കോൺഗ്രസ് പഞ്ചായത്തു കമ്മിററിയിലെ 5 അംഗങ്ങളും, ചില കോൺഗ്രസ് എം എൽ എ മാരും രാജി സമർപ്പിച്ചിട്ടുണ്ട്.

### വളം സബ്സിഡി

കർഷകർക്ക് ഒരുപറ നെല്ലിനു നാലണപ്രകാരം ബോണസ് നൽകുന്ന സമ്പ്രദായം നിറുത്തലാക്കി പകരം വളത്തിനു $33\frac{1}{3}$ ശതമാനം വില ഇളവുചെയ്തു വിതരണംചെയ്യുവാൻ ഗവമ്മെന്റ് തീരുമാനിച്ചിരിക്കുന്നു. ഇതു് ഒക്ടോബർ 25-ാംനു മുതൽ പ്രയോഗത്തിൽ വരുന്നതാണ്.

മുതലക്കോടത്തു് വി. ഗീവറുഗീസു സഹദായുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് കൃതജ്ഞത.

ആന്റണി വി. പൂവൻ,
കാരക്കുന്നം

## ഇൻഡ്യാവാർത്തകൾ

### അക്രമം പ്രവർത്തിക്കുകയില്ലെന്ന് ഉറപ്പുപറയുകയില്ല

ജയിലുകളിലുള്ള കമ്മ്യൂണിസ്റ്റുകാരെയെല്ലാം വിട്ടയക്കുവാനും നിരോധനങ്ങൾ പിൻവലിക്കാനും അപേക്ഷിച്ചുകൊണ്ടു് കമ്മ്യൂണിസ്റ്റുപാർട്ടി ഇൻഡ്യാഗവമ്മെന്റിനു് ഒരു നിവേദനം സമർപ്പിച്ചിരുന്നുവെന്നും, തങ്ങൾ അക്രമം പ്രവർത്തിക്കയില്ലെന്നു് ഉറപ്പുപറഞ്ഞാലല്ലാതെ മേൽപ്രകാരം ചെയ്യാൻ നിവൃത്തിയില്ലെന്നു് ഗവമ്മെന്റ് മറുപടികൊടുത്തുവെന്നും ഗി. പി. എ. ഡാങ്കേ കൽക്കട്ടായിൽവച്ചു ഒക്ടോബർ 19-ാംനു ഒരു പ്രസ്കോൺഫറൻസിൽ പ്രസ്താവിക്കുകയുണ്ടായി. അങ്ങനെ ഒരുറപ്പുകൊടുക്കാൻ നിവൃത്തിയില്ലെന്നും അദ്ദേഹം തുറന്നുപ്രസ്താവിച്ചു.

### കോൺഗ്രസ് വാർഷികം

ഇൻഡ്യൻ നഷേനൽ കോൺഗ്രസിന്റെ 57-ാമത്തു വാർഷിക സമ്മേളനം ഒക്ടോബർ 18-ം 19-ം തിയതികളിൽ ന്യൂഡൽഹിയിൽ "സത്യവതി നഗറി"ൽ വച്ചു് നടത്തപ്പെട്ടിരിക്കുന്നു. ഇതിലേക്കായി പണിതീർത്തിരുന്ന ബൃഹത്തായ പന്തൽ സമ്മേളനത്തിന്റെ തലേദിവസംതന്നെ യാദൃച്ഛികമായി അഗ്നിക്കിരയായി നശിച്ചുപോയിരുന്നു. കോൺഗ്രസിന്റെ തിരഞ്ഞെടുപ്പുപ്രകടനപത്രിക, സാമ്പത്തികപരിപാടി, വർഗ്ഗീയതയ്ക്കെതിരായുള്ള പരിപാടി, വിദേശനയം എന്നിവയെപ്പററിയുള്ള പ്രവർത്തകസമിതിയുടെ പ്രമേയങ്ങൾ യാതൊരു ഭേദഗതിയും കൂടാതെ സമ്മേളനം അംഗീകരിക്കുകയുണ്ടായി.

"അറിയേണ്ടും കാര്യങ്ങൾ"
എന്ന പുസ്തകം അച്ചടിയിൽ
ക്ഷയം, ഏങ്ങൽ, മൂലക്കുരു, ശ്വാസ്ട്രബ്ൾ തുടങ്ങിയ രോഗങ്ങൾക്കു് സിദ്ധൌഷധങ്ങളായ "നിംബാസവം, ദ്രാക്ഷാഘൃതം, ശാരിബാതൈലം."
മണിമല സ്റ്റോക്കിസ്റ്റ്:—
കെ. സി. ചാക്കോ, കോളശ്ശേരിൽ, ജനറൽ മർച്ചന്റ്, മണിമല
Prop: കാളത്തു് പാവുണ്ണി ഔസേപ്പ് വൈദ്യൻ,
കാളൻ ആയുർവ്വേദിക് ഫാർമസി (റെയിൽവെസ്റ്റേഷനുസമീപം), നെല്ലായി P. O.

## അൽമായപ്രേഷിതത്വം

### മാർപ്പാപ്പായുടെ ഉദ്ബോധനം

അഖിലലോക കത്തോലിക്കാ അൽമായ നേതാക്കളുടെ ഒരാഴ്ചത്തെ കോൺഗ്രസ് ഒക്ടോബർ 15-ാംനു അവസാനിച്ചു. ലോകവ്യാപകമായ തോതിൽ ഇങ്ങനെ ഒരു കത്തോലിക്കാ അൽമായ സമ്മേളനം നടക്കുന്നതു് ആദ്യമായിട്ടാണ്. 12000-ഓളംവരുന്ന കത്തോലിക്കാ അൽമായനേതാക്കളെ വത്തിക്കാനിൽ പരിശുദ്ധപിതാവ് സ്വീകരിച്ചു ദർശനം നൽകി.

ലോകത്തിലെ 74 രാഷ്ട്രങ്ങളുടെ പ്രതിനിധികളായ പ്രസ്തുത നേതാക്കളോടു മാർപ്പാപ്പാ തിരുമനസ്സുചെയ്ത പ്രസംഗത്തിൽ, കത്തോലിക്കാജനതയെ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ വിശകലനം ചെയ്യപ്പെട്ടു. അവ ഇപ്രകാരമായിരുന്നു:—

1. ക്രൈസ്തവ വിവാഹം, കുടുംബം, ശിശുവിദ്യാഭ്യാസം, യുവതീയുവാക്കൾ ഇവയെ സംബന്ധിക്കുന്ന സേവനങ്ങൾക്കായുള്ള പ്രേഷിതത്വം. 2. ജീവകാരുണ്യത്തിന്റെയും, സഹായത്തിന്റെയും പ്രേഷിതത്വം. 3. സാമൂഹ്യവ്യവസ്ഥിതികളുടെയും, യാതനകളുടെയും പരിഹാരത്തിനായുള്ള പ്രേഷിതത്വം. 4. ബുദ്ധിപരവും സാംസ്കാരികവുമായ പ്രവർത്തനമണ്ഡലത്തിനുള്ള പ്രേഷിതത്വം. 5. വേലപ്രചാരവേലകൾക്കുംകുടിയേററക്കാരുടെ ക്ഷേമത്തിനോവേണ്ടിയുള്ള പ്രേഷിതത്വം. 6. കായികവിനോദങ്ങൾക്കും കളികൾക്കുംവേണ്ടിയുള്ള പ്രേഷിതത്വം. 7. പൊതുജനാഭിപ്രായത്തിന്റെ പ്രേഷിതത്വം.

## വിനോദവീഥി

നിരീശ്വരനായ ധനവാൻ: "കുട്ടീ, ദൈവം നിന്നെ സ്നേഹിക്കുന്നുണ്ടെങ്കിൽ നീ ഈ കീറിപ്പറിഞ്ഞ തുണിയും ഉടുത്തുകൊണ്ടു നടക്കാൻ അദ്ദേഹം അനുവദിക്കുമായിരുന്നോ? നിനക്കൊരു നല്ല തുണി വാങ്ങിത്തരാൻ വല്ലവരോടും പറയുമായിരുന്നില്ലേ?"

ബാലൻ: "ദൈവമതു പറയുന്നുണ്ടു്. ആരും അതു കേട്ടഭാവംപോലും നടിക്കുന്നില്ലെന്നുമാത്രം."

* * *

രോഗി: "കണ്ണടവച്ചാൽ എനിക്കു വായിക്കാൻ സാധിക്കുമോ, ഏമാനേ?"

ഡോക്ടർ: "തീർച്ചയായും."

രോഗി: "അങ്ങനെയെങ്കിലും എനിക്കു രണ്ടക്ഷരം വായിക്കാൻ കഴിയുമല്ലോ. ചെറുപ്പത്തിലെനിക്കു് എഴുത്തും വായനയും പഠിക്കാൻ ഭാഗ്യമുണ്ടായില്ല."

* * *

ഭാര്യ: "നിങ്ങളെ കാണുമ്പോഴൊക്കെ ഒരു ശാസ്ത്രജ്ഞന്റെ ഓർമ്മയാണു് എന്റെ മനസ്സിൽ വരുന്നതു്."

ഭർത്താവു് (ഉത്സാഹപൂർവ്വം): "ആരാണു് ആ ശാസ്ത്രജ്ഞൻ?"

ഭാര്യ: "ഡാർവിൻ."

## ചരമം

മുണ്ടൂർ: മി. എം. പി. പോൾ ബി. എ. ബി. എൽ. ന്റെ പിതാവു് ശ്രീ പൊറുഞ്ചുകുട്ടി അവർകൾ ഒക്ടോബർ 15-ാംനു ചരമം പ്രാപിച്ചിരിക്കുന്നു.

—അരിപ്പാലം: കിടങ്ങേൻ (ചക്കാലയ്ക്കൽ) ചെപ്പിമാത്തു അവർകൾ ഒക്ടോബർ 10-ാംനു നിര്യാതനായിരിക്കുന്നു.

—കാളികാവു്: ശ്രീ പി. എൽ. ജോസഫിന്റെ മാതാവു് ഒക്ടോബർ 10-ാംനു നിര്യാതയായിരിക്കുന്നു.

R. I. P.

## ക. കോൺഗ്രസ് ഭാരവാഹികൾ

അഖിലകേരള കത്തോലിക്കാ കോൺഗ്രസിന്റെ അടുത്ത രണ്ടുവർഷത്തേക്കുള്ള ഉദ്യോഗഭാരവാഹികളായി താഴെ പറയുന്നവർ എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു:

വൈസ് പ്രസിഡന്റ് ശ്രീ കെ. സി. ചാണ്ടി ബി. എ. ബി. എൽ. (കോട്ടയം), ജനറൽ സിക്രട്ടറി ശ്രീ എം. ഒ. ജോസഫ് നെടുങ്കുന്നം, ഖജാൻജി ശ്രീ ജോസഫ് മാളിയേക്കൽ ബി. എ. ബി. എൽ. (കോട്ടയം), വർക്കിംഗ് കമ്മിററിയംഗങ്ങൾ—ഷെ. ഡോമിനിക്ക് ജോസഫ് ബി. എ. ബി. എൽ. (ചങ്ങനാശേരി രൂപത), വി. സി. ജോർജ്ജ് ബി. എ. എൽ. ററി. (പാലാ രൂപത), ചാക്കോ സി കടവിൽ (എറണാകുളം അതിരൂപത), ടി. ജെ. ജോബ് എം. എ. (കൊച്ചി രൂപത).

## നിര്യാതനായി

എറണാകുളം: പുത്തരിക്കൽ ശ്രീ ഐപ്പ് ജോബ് (ഈയച്ചൻ) അവർകൾ ഒക്ടോബർ 17-ാംനു വാർദ്ധക്യസഹജമായ സുഖക്കേടുമൂലം നിര്യാതനായിരിക്കുന്നു. ശവസംസ്കാരകർമ്മം പിറേറദിവസം റൈററ് റവ. മോൺ. മാത്യു പോത്തനാമൂഴി അവർകളുടെ പ്രധാനകാർമ്മികത്വത്തിൽ നടത്തപ്പെട്ടു. എറണാകുളം മെത്രാപ്പോലീത്തൻ പള്ളിയിൽവച്ച് മെത്രാപ്പോലീത്താ തിരുമനസ്സിലെ പ്രധാനകാർമ്മികത്വത്തിൽ ഒരു ഒപ്പീസു നടത്തപ്പെട്ടതും പ്രത്യേകം പ്രസ്താവ്യമത്രെ. റവ. ഫാ. മാത്യു മങ്കുഴിക്കരി ചരമപ്രഭാഷണം നിർവ്വഹിച്ചു.

## വിദേശവാർത്തകൾ

### പാക്കിസ്ഥാൻ

പാക്കിസ്ഥാൻ പ്രധാനമന്ത്രി മി. ലിയാക്കത്തു് അലിഖാൻ ഒക്ടോബർ16-ാംനു റാവൽപിണ്ടിയിൽവച്ച് വെടിവെച്ച് വധിക്കപ്പെട്ടിരിക്കുന്നു. അദ്ദേഹം ഒരു പൊതുയോഗത്തിൽ പ്രസംഗിക്കുവാനാരംഭിക്കവെ പെട്ടെന്നു വെടിയേററു നിലംപതിക്കുകയും ഉടനെ ആശുപത്രിയിലേക്കു് നീക്കംചെയ്യെങ്കിലും അവിടെ വച്ചു മൃതിയടയുകയുമാണുണ്ടായതു്. ഘാതകൻ അഫ്ഗാനിസ്ഥാനിൽനിന്നും നാടുകടത്തപ്പെട്ട സെയ്ദ് അക്ബർ എന്നയാളാണ്. അയാളും താമസിയാതെ ജനങ്ങളുടെ പിടിയിൽ അകപ്പെട്ട വധിക്കപ്പെടുകയാണുണ്ടായതു്. ലിയാക്കത്താലിഖാന്റെ നിര്യാണത്തെത്തുടർന്നു് പാക്കിസ്ഥാനിലെ ഗവർണ്ണർജനറൽ സർ ക്വാജാ നാസിമുദ്ദിൻ പ്രധാനമന്ത്രിപദം ഏറെറടുക്കുകയും അദ്ദേഹത്തിനുപകരം പാക്കിസ്ഥാനിലെ ധനകാര്യമന്ത്രിയായിരുന്ന മി. ഗുലാം മുഹമ്മദ് ഗവർണ്ണർ ജനറലായി ചാർജ്ജെടുക്കുകയും ചെയ്തിരിക്കുന്നു.

### ഈജിപ്ത്

ബ്രിട്ടിഷുകാർ ഈജിപ്തിൽനിന്നു് പിന്മാറണമെന്ന വാദത്തിൽ ഈജിപ്ത് ഇപ്പോഴും ഉറച്ചുതന്നെ നില്ക്കുകയാണെന്നും എന്നാൽ മദ്ധ്യസ്ഥാലോചനകളെ തങ്ങൾ എതിർക്കുന്നില്ലെന്നുമാണു് ഈജിപ്ഷ്യൻ വിദേശകാര്യമന്ത്രി ഈയിടെ പ്രസ്താവിക്കുകയുണ്ടായതു്. സൂയസ്കനാൽ മേഖലയിൽ ഇടയ്ക്കിടെ സംഘട്ടനങ്ങൾ നടന്നുകൊണ്ടിരിക്കുന്നതായി റിപ്പോർട്ടുകളിൽ കാണുന്നു. സൂയസ് പ്രദേശങ്ങളിൽ കൂടുതൽ ബ്രിട്ടിഷ് പോഷകസേനകൾ എത്തിക്കൊണ്ടിരിക്കുന്നതു് കൂടുതൽ ഉൽക്കണ്ഠയ്ക്കു കാരണമാക്കിട്ടുണ്ട്.

# ക്രിസ്തീയവിവാഹം

(കെ. എം. ജോസഫ്, കരിവേലി ബി. എസ്സ്സി., ബി. എൽ.)

പഴയകഥകളെല്ലാം അവസാനിക്കുന്നതു് അവർ വിവാഹംചെയ്തു വളരെക്കാലം സുഖമായി ജീവിച്ചു എന്നു പറഞ്ഞാണു്. എന്നാൽ ഇന്നു പ്രചാരമുള്ള കഥകളിൽ മിക്കവയും അവസാനിക്കുന്നതു് അവർ വിവാഹംചെയ്തു വളരെ ബുദ്ധിമുട്ടുകൾ സഹിച്ചു്, അവസാനം, വിവാഹത്തെ വലിച്ചെറിഞ്ഞു് രക്ഷപ്പെട്ടു എന്നാണു്. മനുഷ്യസമുദായത്തോടു് ഏറിയ വാത്സല്യപൂർവ്വം പെരുമാറുന്ന കത്തോലിക്കാസഭ വിവാഹത്തെ ക്രിസ്തു സ്ഥാപിച്ച ഒരു വലിയ കൂദാശയായിട്ടാണു് സ്വീകരിക്കുന്നതു്. ഏററവും ഹൃദയോദ്ദീപകമായ ചടങ്ങുകൾ സഭ അതിലേക്കു നിർദ്ദേശിച്ചിരിക്കുന്നു. വൈദികരുടെ പട്ടം കൊടുക്കുകയും സന്യാസിനികളുടെ പാഠഞ്ഞൊപ്പു നടത്തുകയും ചെയ്യുന്നതുപോലെതന്നെ കത്തോലിക്കാസഭയിലെ വിവാഹവും ദേവാലയത്തിൽവച്ചാണു് നടത്തുന്നതു്. കത്തോലിക്കരുടെ വിവാഹത്തിൽ പ്രഥമവും പ്രധാനവും ആയ ആതിഥ്യം ക്രിസ്തുവിനുതന്നെയാണു്. ഭാര്യയും ഭർത്താവും തമ്മിലുള്ള ബന്ധത്തെ ക്രിസ്തുവും സഭയുമായുള്ള ബന്ധത്തോടാണു് വി. പൗലോസ് ഉപമാനംചെയ്തിരിക്കുന്നതു്. ക്രിസ്തുവിനു് ഒരു സഭമാത്രം ആയിരിക്കുന്നതുകൊണ്ടു് ഒരു ഭർത്താവിനു ഒരു ഭാര്യമാത്രമേ അനുവദിച്ചിട്ടുള്ളു. ക്രിസ്തുവും സഭയും തമ്മിൽ വേർപെടുകയില്ല. ലോകാവസാനത്തോളം അവിടുന്നു് സഭയോടുകൂടി ഉണ്ടായിരിക്കും. ഇതുപോലെതന്നെ ഭർത്താവിനും ഭാര്യക്കും തമ്മിൽ വേർപെടുവാൻ അവകാശമില്ല. ക്രിസ്തു എപ്പോഴും സഭയെ കാത്തുരക്ഷിക്കുന്നതുപോലെ ഭർത്താവും അയാളുടെ ഭാര്യയെ സംരക്ഷിക്കേണ്ടതാണു്. സഭ ക്രിസ്തുവിനെ അനുസരിക്കയും അവിടുത്തോടു ഉത്തരവാദിത്വം വഹിക്കുകയും ചെയ്യുന്നതുപോലെ ഭാര്യയും അവളുടെ ഭർത്താവിനെ അനുസരിക്കുകയും അയാളോടു് ഉത്തരവാദിത്വം വഹിക്കുകയും ചെയ്യേണ്ടതാണു്.

ഇങ്ങനെയൊക്കെ ആണെങ്കിലും വൈവാഹികജീവിതം ഏററവും പ്രയാസമേറിയതും പരീക്ഷകൾ നിറഞ്ഞതും ആണെന്നു് സഭ അറിയുന്നുണ്ടു്. വിവാഹത്തിൽ ഉൾപ്പെടുന്നതു അപൂർണ്ണരായ സ്ത്രീകളും പുരുഷന്മാരും ആണല്ലോ. അവരുടെ അപൂർണ്ണത വൈവാഹികജീവിതത്തിലും നിഴലിക്കാതിരിക്കയില്ല. ഏററവും സമർത്ഥനായ ചിത്രകാരൻ വരയ്ക്കുന്ന ചിത്രങ്ങൾക്കുപോലും സാക്ഷാൽ പ്രകൃതിയുടെ ഗുണം കാണുകയില്ല. ഏറിയ വാസനയുള്ള കവികൾ രചിക്കുന്ന കവിതകൾക്കുപോലും മനുഷ്യജീവിതത്തെ അന്യൂനം പ്രദർശിപ്പിക്കുവാൻ സാധിക്കുന്നില്ല. നിയമത്തിലും സംഗീതത്തിലും എന്നുവേണ്ട മനുഷ്യരെ സംബന്ധിക്കുന്ന സർവ്വതിലും മനുഷ്യരുടെ ബലഹീനതയും അപൂർണ്ണതയും നാം അനുഭവിക്കുന്നുണ്ടു്. ഈ സ്ഥിതിക്കു വിവാഹിതരായ സർവ്വരിൽനിന്നും ഒട്ടകത്തിന്റെ ക്ഷമയും മാലാഖമാരുടെ നീതിയും നാം പ്രതീക്ഷിക്കരുതു്. സഭ യാഥാർത്ഥ്യങ്ങളുടെ മുഖത്തു നോക്കിക്കൊണ്ടുതന്നെയാണു് വൈവാഹികജീവിതത്തിലും ദൈവത്തിന്റെ ഉദ്ദേശ്യത്തെ നിർവ്വഹിക്കുവാൻ മനുഷ്യരോടു് ആജ്ഞാപിക്കുന്നതു്.

വിവാഹം ചെയ്യുന്നവർ ഭാവിതലമുറകൾക്കുള്ള ഉത്തരവാദിത്വമാണു് ഭരമേൽക്കുന്നതു്. ദൈവം തന്റെ സൃഷ്ടിശക്തിയുടെ ഒരു അംശം അവരെ ഏൽപ്പിക്കുന്നു. ആദിമനുഷ്യരെ ഏതുപ്രകാരം അവിടുന്നു സൃഷ്ടിച്ചുവോ അപ്രകാരംതന്നെ ഭാവിതലമുറകളെയും ദൈവത്തിനു സൃഷ്ടിക്കാമായിരുന്നു. പക്ഷേ അപ്രകാരം ചെയ്തില്ല. സ്ത്രീപുരുഷന്മാർക്കായി പ്രസ്തുത അവകാശത്തെ അവിടുന്നു സംവരണം ചെയ്തു. ഇപ്രകാരം സംവരണം ചെയ്തതു് വിവാഹംവഴിയാണു്. അതിനാലത്രേ വിവാഹത്തെ പരിപാവനമായ ഒരു കൂദാശയായി സഭ വിചാരിക്കുന്നതു്.

പലവിധ ബുദ്ധിമുട്ടുകളുടേയും പരീക്ഷകളുടേയും മദ്ധ്യേ അതിരില്ലാത്ത ആനന്ദത്തെയാണു് വിവാഹം പ്രദാനംചെയ്യുന്നതു്. ഒന്നാമതായുള്ള ആനന്ദം കുടുംബജീവിതത്തിന്റേതാണു്. സന്തോഷങ്ങളെ ഇരട്ടിച്ചും സന്താപങ്ങളെ വിഭജിച്ചും വിവാഹം മനുഷ്യജീവിതത്തെ കൂടുതൽ ആസ്വാദ്യകരമാക്കി ചെയ്യുന്നു. തങ്ങളുടെ കുട്ടികൾ വളർന്നുവരുമ്പോൾ അഭിമാനം അവരെ പുളകംകൊള്ളിക്കുന്നു.

വിവാഹത്തിനുമുമ്പു് വഴിക്കു കാണുന്നവരിലൊക്കെ പ്രേമമർപ്പിക്കുന്നവർ വിവാഹാനന്തരവും അതുതന്നെ ചെയ്യേക്കാം. അന്തരക്കാരുടെ പ്രണയം ക്ഷയിക്കുകയും യഥാർത്ഥവിവാഹജീവിതം പരാജയപ്പെടുകയുംചെയ്യും. ഒരു കാർ വാങ്ങുന്നതിലോ ഒരു കൂട്ടുകളിക്കാരനെ തിരഞ്ഞെടുക്കുന്നതിലോ ഉണ്ടായിരിക്കേണ്ട ശ്രദ്ധപോലും ചെലുത്താതെ വൈവാഹികബന്ധത്തിൽ ഏർപ്പെടുന്നവർ മിക്കവാറും പരാജയപ്പെടും. അതുകൊണ്ടാണു് മൂന്നാഴ്ചത്തെ സമയമെങ്കിലും സഭ നിർബന്ധിതമാക്കിയിരിക്കുന്നതു്. കല്യാണഘോഷങ്ങളും വിവാഹത്തിന്റെ പുതുമയും പെട്ടെന്നു അവസാനിച്ചുപോകും. അവരുടെ മതവും വിശ്വാസവും അഭിരുചികളും ജീവിതരീതിയും മാത്രമാണു് അവരുടെ സ്നേഹത്തെ നിലനിറുത്തിക്കൊണ്ടുപോകേണ്ടതു്. വേലക്കാരെ വിവാഹംചെയ്ത കൊച്ചുജമാനന്മാരുടേയും യജമാനത്തിമാരുടേയും കഥകൾ വളരെയുണ്ടു്. പക്ഷേ വിവാഹാനന്തരം ഒരു ആറുമാസം കഴിഞ്ഞു് അവർ എങ്ങനെ പിരിഞ്ഞു എന്നു ആ കഥകൾ നമ്മോടു പറയുകയില്ല. ആ കഥ കേട്ടിരുന്നെങ്കിൽ നാമൊക്കെ ഞെട്ടിപ്പോകുമായിരുന്നു.

ആധുനികലോകത്തിൽ വിവാഹത്തിനു് ഒരു വെറും പരീക്ഷണം എന്നതിലും ഉപരിയായ വിലകല്പിക്കുന്നതു് കത്തോലിക്കാസഭമാത്രമാണു്. ആരെങ്കിലും അവന്റെ ഭാര്യയെ ഉപേക്ഷിച്ച മററാരുത്തിയെ വിവാഹംചെയ്താൽ അവൻ അവളുമായി വ്യഭിചാരംചെയ്യുന്നു എന്നുള്ള ക്രിസ്തുവിന്റെ വിജ്ഞാപനം ഓരോ കത്തോലിക്കന്റേയും കണ്ണുപുടങ്ങളിൽ മുഴങ്ങിക്കൊണ്ടാണു് ഇരിക്കുന്നതു്. ഇന്നത്തെ സാഹചര്യങ്ങളല്ല ക്രിസ്തുവിന്റെ കാലത്തു ഉണ്ടായിരുന്നതു്; അതിനാലാണു് അവിടുന്നു വിവാഹമോചനത്തെ പ്രതിരോധിച്ചതു് എന്നു് ആക്കെങ്കിലും അഭിപ്രായം ഉണ്ടായിരുന്നാൽ അവർക്കു ചരിത്രം അറിഞ്ഞുകൂടെന്നേ അതിനു അർത്ഥമുള്ളു. വിവാഹമോചനം അന്നു റോമാക്കാരുടേയും യൂദന്മാരുടേയും ഇടയിൽ സാധാരണമായിരുന്നു. വിവാഹമോചനത്തെ എതിർത്തുകൊണ്ടുള്ള അവിടുത്തെ തത്വങ്ങൾ ശ്രവിച്ചപ്പോൾ അവർ പറഞ്ഞതു് "എങ്കിൽ വിവാഹം ചെയ്യാതിരിക്കുന്നതാണു് നല്ലതു്" എന്നാണു്. അതെ, വിവാഹമോചനം കൂടാതെ വിവാഹത്തെക്കുറിച്ചു ചിന്തിക്കുവാൻകൂടി അവർക്കു കഴിഞ്ഞിരുന്നില്ല.

പാവപ്പെട്ടവർക്കു സന്താനങ്ങൾ ഒരു ഭാരമായിത്തീരുന്നതിനാലും ധനവാന്മാർക്കു കൂടുതൽ അസൗകര്യങ്ങൾക്കു ഇടവരുത്തുന്നതിനാലും റൂസ്വെൽററു പറയുന്നതുപോലെ ഒരു "വംശവിധ്വംസനപ്രസ്ഥാനം" പലരേയും ആകർഷിക്കുന്നുണ്ടു്. വിവാഹത്തിന്റെ ഏററവും ഹൃദ്യമായ ഫലത്തെ അവർ സംശയത്തോടെ വീക്ഷിക്കുന്നു. ലോകത്തിൽ ജനിച്ചുവളരുവാനുള്ള മററാളുകളുടെനേരേ അവർ വാതിലുകൾ അടയ്ക്കുന്നു. ഇതിന്റെ ഫലമായി വിവാഹത്തിന്റെ കുത്തഴിയുകയും ഭംഗി നശിക്കുകയും ചെയ്യുന്നു. ഭാര്യമാർ വെറും വേശ്യകളുടേയും ഉപകരണങ്ങളുടേയും നിലയിലേക്കു് അധഃപതിക്കുന്നു. അതുകൊണ്ടാണു് സഭ ഈ വംശവിധ്വംസനപ്രസ്ഥാനത്തെ എതിർക്കുന്നതു്.

മനുഷ്യസൃഷ്ടിയിൽ ദൈവത്തെ സഹായിക്കുന്നതിനും അവിടുത്തെ പൈതൃകമായ സ്നേഹത്തിനു പ്രത്യക്ഷലക്ഷ്യങ്ങളുണ്ടായിരിക്കുന്നതിലേക്കുംവേണ്ടി ദൈവം സ്ഥാപിച്ചിട്ടുള്ള ഒരു കൂദാശയാണു് വിവാഹം. തന്നെ സ്നേഹിക്കുന്നതിനും തനിക്കു സേവചെയ്യുന്നതിനുമായി ദൈവം ഭൂമിയിലേക്കു അയക്കുന്ന കുട്ടികളെ സംരക്ഷിക്കുന്നതാണു് വിവാഹത്തിൽ അന്തർഭവിച്ചിട്ടുള്ള പ്രഥമവും പ്രധാനവുമായ കടമ; അതുതന്നെയാണു് അതിന്റെ പ്രധാന അവകാശവും. സ്ത്രീപുരുഷബന്ധത്തിന്റെ പരിപാവനമായ ഈ രൂപം മനുഷ്യവർഗ്ഗം പാപംചെയ്യുകയാൽ ലോകത്തിൽ അപ്രത്യക്ഷമായി എന്നുതന്നെയല്ല അധമപക്ഷങ്ങൾ ഉയർന്നുവിളയാടുകയുമായി. അതിനാലാണു് വെറും മൃഗീയതയിൽനിന്നും വെറും ഉടമ്പടികളുടെ നിലയിൽനിന്നുംമററു ക്രിസ്തു സ്ത്രീപുരുഷബന്ധത്തെ ഉദ്ധരിച്ചു് വിവാഹത്തെ സ്ഥാപിച്ചു് അതിനെ "ഒരു വലിയ കൂദാശ" ആക്കിയതു്.




(ശിവറാം)

അന്നത്തെ പൊതുയോഗത്തിൽ അദ്ധ്യക്ഷതവഹിക്കാൻ മനസ്സില്ലാമനസ്സോടെയാണു് ചാക്കോച്ചൻ സമ്മതിച്ചതു്. കൃത്യം നാലുമണിക്കു സ്കൂളിൽവച്ചാണു് മീററിംഗു്. തെരഞ്ഞെടുപ്പിനായി സ്ഥാനാർത്ഥികളെ നിറുത്തുക എന്ന ചുമതലയേറിയ പല കാര്യങ്ങളും ആ മീററിംഗിൽ നിശ്ചയിക്കേണ്ടിയിരുന്നു. ആ നാട്ടിലെ പ്രമുഖവ്യക്തിയായ ചാക്കോച്ചൻകൂടാതെ അവിടങ്ങളിൽ ഒരു കാര്യവും നടക്കാറില്ല. നടത്തുകയുമില്ല. ആ ഗ്രാമവാസികൾക്കു് ഒരു മാതൃകാപുരുഷനായാണു് ചാക്കോച്ചനെ അവർ കണക്കാക്കിയിരുന്നതു്. അദ്ദേഹത്തിന്റെ ജനരഞ്ജകമനോഭാവവും ചാതുര്യവും, മാധുര്യവും കലർന്ന സംഭാഷണങ്ങളും ഒരിക്കലും മറക്കാൻ കഴിയാത്ത സ്വഭാവവിശേഷങ്ങളായിരുന്നു.

പൊതുയോഗം കൂടുവാൻ നിശ്ചയിച്ചിരുന്ന നാലുമണിക്കുമുമ്പായിത്തന്നെ സ്കൂൾനിറയെ ആഹ്ളാദഭരിതരായ ഗ്രാമീണർ വന്നുകൂടിക്കഴിഞ്ഞു. അവർ അവരുടെ ഇരിപ്പിടങ്ങളിൽ സ്ഥാനമുറപ്പിച്ചു് വ്യക്തിപരങ്ങളായ കാര്യങ്ങളെക്കുറിച്ചു് സംസാരിച്ചുകൊണ്ടു് അദ്ധ്യക്ഷന്റെ ആഗമനത്തെ അക്ഷമയോടെ ആരാഞ്ഞുകൊണ്ടിരിക്കയായിരുന്നു.

ചാക്കോച്ചന്റെ വസതിയിൽനിന്നും 10 മിനിററ് നടന്നാൽ യോഗസ്ഥലത്തു ചെന്നുചേരാമെന്നുള്ളതിനാൽ ചാക്കോച്ചനു് ഒന്നുംതന്നെ നേരത്തെ ഒരുങ്ങേണ്ടിയിരുന്നില്ല.

ഊണുകഴിഞ്ഞു അല്പം വിശ്രമിക്കാമെന്നു കരുതി കസാലയിൽ കിടന്ന ചാക്കോച്ചൻ അല്പമൊന്നു മയങ്ങിപ്പോയി—എഴുന്നേററുനോക്കുമ്പോൾ മണി നാലാകയുംചെയ്തു. അദ്ദേഹത്തെ യോഗസ്ഥലത്തേക്കു സ്വാഗതം ചെയ്യാനായി രണ്ടുപേർ വരാന്തയിലെത്തിയിരുന്നു.

"സമയം അധികമായി; ആളുകൾ അക്ഷമരായി അദ്ധ്യക്ഷനെ കാത്തിരിക്കുന്നു." ഒരാൾ ചാക്കോച്ചനോടു പറഞ്ഞു.

"ദാ വന്നുകഴിഞ്ഞു. ഉറക്കച്ചടവുപോകാൻ ഒന്നു വേഗം കുളിച്ചിട്ടു് ഷർട്ടിൽ കേറേണ്ട താമസമേയുള്ളു." —ഇതു പറഞ്ഞതിനുമുമ്പെ ചാക്കോച്ചൻ സോപ്പുപെട്ടിയും തോർത്തുമുണ്ടുമായി കുളിപ്പുരയിലേക്കു നടന്നുകഴിഞ്ഞു. സമയം അധികമായല്ലോ എന്ന വിചാരവും താൻ അന്നു പ്രസംഗിക്കേണ്ട കാര്യങ്ങളെല്ലാം ഒന്നുകൂടി ഓർമ്മിക്കണമല്ലോ എന്ന പരിഭ്രമവും പകലുറക്കത്താലുണ്ടായ ഗ്ലാനതയും എല്ലാംകൊണ്ടാണു് ചാക്കോച്ചൻ കുളിമുറിയിലേക്കോടിക്കയറിയതു്. പെട്ടെന്നു് ഒരു 300 റാത്തലുള്ള വരിക്കച്ചക്ക അറുപതടി പൊക്കത്തിൽനിന്നു് വീണതുപോലുള്ള ശബ്ദം കുളിപ്പുരയിൽനിന്നു അവിടെനിന്നവരെല്ലാംകേട്ടു. ആ അലച്ചുവീണ ശബ്ദത്തെത്തുടർന്നു് "അയ്യോ" എന്നൊരു നിലവിളിയും. വന്നവർ രണ്ടുപേരും കുളിപ്പുരയുടെ വാതുക്കൽ ചെന്നു. അവിടത്തെ കാഴ്ചകണ്ടപ്പോൾ അവർ ഉറക്കെച്ചിരിച്ചുപോയി. ചിരിക്കാനുള്ള അവസരമല്ല അതെന്നും, ചാക്കോച്ചൻ വീണു നട്ടെല്ലൊടിഞ്ഞു കിടക്കയാണെന്നും അടുത്ത നിമിഷത്തിൽ അവർക്കു മനസ്സിലായി. ... ... ...

നിലവിളിയും മാറത്തടിയും—അപ്പച്ചോ! വിളിയും എല്ലാംകൊണ്ടു് അന്തരീക്ഷം മുഖരിതമായി. ചുരുക്കം, സ്കൂളിൽവച്ചു് നടത്താനുദ്ദേശിച്ചിരുന്ന പൊതുയോഗത്തിലെ ആളുകൾ ചാക്കോച്ചന്റെ മുററത്തുവന്നുകൂടി പരിഭ്രമിച്ചു പകച്ചുനില്ക്കയാണു്. അവിടെ നടന്ന സംഭവത്തെക്കുറിച്ചു് ശരിയായി അറിഞ്ഞ ഒരു മാന്യൻ ഇങ്ങനെ പറഞ്ഞു:-

വീട്ടിലുള്ളവർ എന്നും കുളിക്കുന്ന കുളിപ്പുര വൃത്തിയാക്കിയിടാൻ കഴിയാത്തതിനാലാണിപ്പോൾ ചാക്കോച്ചനു് ഈ അത്യാഹിതം സംഭവിച്ചതു്. പല നാളായി തേച്ചുകഴുകാതിരുന്ന കുളിമുറിയിൽ എണ്ണയുടേയും സോപ്പിന്റേയും താളിയുടേയും അംശംചേർന്നു വഴുവഴുപ്പനായ ഒരു തറ സൃഷ്ടിച്ചിരിക്കയാണു്. നല്ലവണ്ണം കരുതിമാത്രമേ ആർക്കും ആ തറയിൽ നില്ക്കാൻപോലും സാധിക്കു—നേരെമറിച്ചു് ഓരോ ദിവസവും കുളിപ്പുരയിലെ അഴുക്കു കഴുകി നീക്കിയിരുന്നെങ്കിൽ ചാക്കോച്ചനെ ആശുപത്രിക്കു് കൊണ്ടുപോകേണ്ടിവരികയില്ലായിരുന്നു.

കഷ്ടം! വീട്ടപകടങ്ങൾ ഒഴിവാക്കാൻ ഓരോ വ്യക്തിയും ശ്രദ്ധിച്ചിരുന്നെങ്കിൽ നമുക്കു് എത്രയേറെ സൗഖ്യവും സമാധാനവും കിട്ടുമായിരുന്നു.

അതെ—അങ്ങനെ ആ ഗ്രാമീണർ ഒരു "സാധനപാഠം" പഠിച്ചുകൊണ്ടാണു് ഓരോരുത്തരുടേയും വീട്ടിലേക്കു് തിരിച്ചതു്. അതായതു്........

നമ്മുടെ വീടുംപരിസരങ്ങളും സദാ വൃത്തിയായി സൂക്ഷിക്കണമെന്നും അല്ലെങ്കിൽ നമുക്കു വീട്ടിൽപ്പോലും സൗകര്യമോ സമാധാനമോ ഉണ്ടാകയില്ല എന്നും........ (തുടരും)

## അറിയിപ്പു്

ആന്റണി പി. വാടയ്ക്കത്തു അവർകളെ പരിയാരത്തെ സത്യദീപം ഏജന്റായി നിയമിച്ചിരിക്കുന്നു. പത്രം ആവശ്യമുള്ളവർ ടി-യാനെ സമീപിക്കുക.

മാനേജർ, സത്യദീപം

"It is because of this failure to distinguish between sex, which we have in common with animals, and love, which we have in common with God, that marriages are so full of deception."

Bishop Fulton J. Sheen.




ആ അലച്ചുവീണ ശബ്ദത്തെത്തുടർന്നു് "അയ്യോ"ന്നൊരു വിളിയും.....

# വിശുദ്ധപദപ്രഖ്യാപനം

(വെരി റവ. ഫാ. സി. ററി. കൊട്ടാരം,
ബി. എ., എൽ. ററി., എൽ. ഡി., എഫ്. ആർ. എസ്. എ.)

ഖ്യാപകവിഭാഗത്തിൽപ്പെട്ട ഒരു ദൈവദാസനെ ധന്യനെന്നു പ്രഖ്യാപിക്കുന്നതുവരെയുള്ള നടപടിക്രമം കഴിഞ്ഞ അദ്ധ്യേഖനങ്ങളിലായി വിവരിച്ചിരുന്നു. അടുത്തതായി ധന്യനെ (Blessed) വിശുദ്ധനായി (Saint) പ്രഖ്യാപിക്കുന്നതിനെ സംബന്ധിച്ചാണ് പ്രതിപാദിക്കേണ്ടിയിരിക്കുന്നതു്. എന്നാൽ അതിനുമുമ്പ് ഒരു കാര്യം വ്യക്തമാക്കേണ്ടതു് ആവശ്യമാണെന്നു കരുതുന്നു. ധന്യപദപ്രഖ്യാപനം സംബന്ധിച്ച മേൽവിവരിച്ച നടപടിക്രമം "സാധാരണ അപ്പസ്തോലിക നടപടിക്രമം" (Ordinary Apostolic process) എന്നാണറിയപ്പെടുന്നതു്. അസാധാരണമെന്നറിയപ്പെടുന്ന (Extra-ordinary or Equivalent) ഒരു നടപടിക്രമവും നിലവിലുണ്ടു്. അതിനുള്ള സാഹചര്യങ്ങളും സൂചിപ്പിക്കണമല്ലോ.



വിശുദ്ധരുടെ നാമകരണം സംബന്ധിച്ച് ഉർബൻ അഷ്ടമൻ (Pope Urban VIII) 1634-ൽ പുറപ്പെടുവിച്ച് നടപ്പിലാക്കിയ ഒരു ഡിക്രിയെപ്പററി നേരത്തെ സൂചിപ്പിച്ചിട്ടുള്ളതാണ്. ഏതെങ്കിലും ഒരു ദൈവദാസനെ അഥവാ ദാസിയെ തിരുസിംഹാസനം ഔപചാരികമായി ധന്യപദത്തിലേക്കുയർത്തുന്നതിനു മുമ്പ് അയാൾക്ക് അഥവാ അവൾക്കു വിശുദ്ധർക്കുചേർന്ന എന്തെങ്കിലും പരസ്യവണക്കം നൽകുന്നതിനെ പ്രസ്തുത ഡിക്രി കർശനമായി നിരോധിച്ചിട്ടുണ്ടു്. പരേതനായ ദൈവദാസന്റെ ശവകുടീരത്തിൽ വിളക്കുവെയ്ക്കുക, തിരികൾ കത്തിക്കുക, നേർച്ചകൾ സമർപ്പിക്കുക, അയാളുടെ പ്രതിമകളോ ചിത്രങ്ങളോ പരസ്യമായി സ്ഥാപിക്കുക, അയാൾ വഴി നടന്നതെന്നു റിപ്പോർട്ടു് ചെയ്യപ്പെടുന്ന അത്ഭുതങ്ങൾ പ്രസിദ്ധപ്പെടുത്തുക മുതലായവ പരസ്യവണക്കത്തിന്റെ അടയാളങ്ങളാണ്. ("The Placing of lamps, lighting of candles etc at the sepulchres, the printing of alleged miracles or revelati ns, setting up of pictures or statues, votive offerings and the like…" J. Webb.) ഒരു ദൈവദാസനു് പരസ്യവണക്കം നൽകിവരുന്നതായി അറിവുകിട്ടിയാൽ അതു വേണ്ടവിധം നിയന്ത്രിക്കേണ്ടതു് സ്ഥലത്തെ വൈദികാധികാരികളുടെ ചുമതലയാണ്. രൂപതക്കോടതി മുഖേന നടത്തുന്ന പ്രാരംഭാന്വേഷണവേളയിൽ ദൈവദാസനു പരസ്യവണക്കം നൽകപ്പെടുന്നതായ ലക്ഷണങ്ങൾ എന്തെങ്കിലുമുണ്ടോ എന്നു് വേണ്ടവിധം അന്വേഷിച്ച് തെളിവുസഹിതം റിപ്പോർട്ടുചെയ്യുവാൻ കോടതിയംഗങ്ങൾ ബാദ്ധ്യസ്ഥരാണ്.

എന്നാൽ ഉർബൻ അഷ്ടമന്റെ ഡിക്രിയുടെ പരിധിയിൽനിന്നു് ചില കേസുകൾ ഒഴിവാക്കപ്പെട്ടിട്ടുണ്ടു്. പ്രസ്തുത ഡിക്രി പുറപ്പെടുവിക്കുന്നതിനുമുമ്പ്, പരസ്യവണക്കനിരോധനങ്ങളൊന്നും നിലവിലില്ലാതിരുന്ന കാലത്തു്, ഇടമുറിയാതെ ദീർഘകാലമായി പരസ്യവണക്കം നൽകപ്പെട്ടിട്ടുള്ള ദൈവദാസന്മാരുടെ കേസുകളാണവ. 1634-നു് ഒരു ശതാബ്ദകാലത്തിനുമുമ്പു മുതൽ (1534) പരസ്യവണക്കത്തിനു് വിധേയമായ കേസുകൾ മാത്രമേ ഈ ഗണത്തിൽ ഉൾപ്പെടുന്നുള്ളു. ഈവക കേസുകളെ സംബന്ധിച്ചാണു് അസാധാരണ നടപടിക്രമം അവലംബിക്കാറുള്ളതു്. സാധാരണനടപടിക്രമത്തിൽ പരസ്യവണക്കം ഒരു അയോഗ്യതയാണെങ്കിൽ അസാധാരണ നടപടിക്രമത്തിലുള്ള പ്രഥമയോഗ്യത പരസ്യവണക്കമത്രെ. ക്രി. 866-ൽ ജർമ്മനിയിൽവച്ച് ദിവംഗതയായ ഇർമെൻഗാർഡ് എന്ന ആശ്രമശ്രേഷ്ഠയെ പീയൂസ് പതിനൊന്നാമൻ 1928 ഡിസംബർ 19-ലും, അമ്പതിനാലു് ഇംഗ്ലീഷ് രക്തസാക്ഷികളെ ഒത്തൊരുമിച്ച് ലേയോ പതിമൂന്നാമൻ 1888-ലും ധന്യരായി പ്രഖ്യാപിച്ചതു് അസാധാരണനടപടിക്രമം അനുസരിച്ചാണ്. സി. അൽഫോൻസായുടെ കാര്യത്തിൽ അസാധാരണനടപടിക്രമത്തിനു് സ്ഥാനമില്ലാത്തതിനാൽ ഇതിൽക്കൂടുതലായി തത്സംബന്ധമായി ഒന്നും പ്രസ്താവിക്കേണ്ടതായിട്ടില്ലെന്നു് കരുതുന്നു. സിസ്റ്റർ അൽഫോൻസായുടെ കേസു് റീത്തുകളുടെ തിരുസംഘം സ്വീകരിക്കുന്നതിനു് പ്രതിബന്ധം വരുത്തിയേക്കാവുന്ന യാതൊന്നും നേരിടാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

അടുത്തതായി വിശുദ്ധപദപ്രഖ്യാപനത്തെപ്പററിയാണ് പ്രതിപാദിക്കുവാനുള്ളതു്. ഒരാളെ വിശുദ്ധനായി പ്രഖ്യാപിക്കുക എന്നു പറഞ്ഞാൽ അയാൾ സ്വർഗ്ഗസ്ഥനായി സ്വർഗ്ഗീയസൗഭാഗ്യം അനുഭവിക്കുന്നുവെന്നു റോമാമാർപ്പാപ്പാ അദ്ധ്യവസാനം ചെയ്യുകയെന്നത്രെ മനസ്സിലാക്കേണ്ടതു്. വിശുദ്ധനായി പ്രഖ്യാപിതനായ ആളുടെ പേരു് വിശുദ്ധന്മാരുടെ പട്ടികയിൽ ചേർക്കുകയും, അയാളുടെ സ്മരണ ഒരു നിശ്ചിതതിയതിയിൽ ആഘോഷിക്കണമെന്നു് സാർവ്വത്രികസഭയോടു് ആജ്ഞാപിക്കുകയും നാമകരണവേളയിൽത്തന്നെ മാർപ്പാപ്പാ ചെയ്യുന്നുണ്ടു്. "In honour of… …we decree and define that Blessed … …(Name)… …is a saint, and we inscribe his name in the catalogue of saints, and we order that his memory be devoutly and piously celebrated yearly on… …day of… …his feast." വിശുദ്ധപദപ്രഖ്യാപനം മാർപ്പാപ്പായുടെ അപ്രമാദിത്വത്തെ സ്പർശിക്കുന്ന ഒന്നാണോ എന്നുള്ളതിനെപ്പററി വേദശാസ്ത്രപണ്ഡിതന്മാരുടെയിടയിൽ പൂർണ്ണമായ അഭിപ്രായൈക്യമില്ലെങ്കിലും മിക്കവരും വിശുദ്ധപദപ്രഖ്യാപനം പ്രമാദരഹിതമാണെന്നുതന്നെ ഖണ്ഡിച്ചുപറയുന്നുണ്ടു്. സ്വാരസ്, ബെല്ലർമിൻ, ബാനെ, വാസ്കെസ്, മെൽക്കിയോർ കാനൊ മുതൽപേർ ഇക്കൂട്ടത്തിൽ ഉൾപ്പെടുന്നവരാണ്. ധന്യപദപ്രഖ്യാപനമാവട്ടെ പ്രമാദരഹിതമാണെന്നു് ആരുംതന്നെ അഭിപ്രായപ്പെടുന്നില്ല. "ധന്യ"നെ പരസ്യമായി വണങ്ങുവാൻ സാർവ്വത്രികസഭയോടു് മാർപ്പാപ്പാ കല്പിക്കാറില്ല; അതിനു സാർവ്വത്രികസഭയെ അനുവദിക്കാറുമില്ല. പ്രാദേശികമായി വണങ്ങുവാൻ അനുവദിക്കുക മാത്രം ചെയ്യുന്നു. (ഒരുപക്ഷെ പ്രാദേശികവണക്കം ആജ്ഞാപിതമായെന്നുംവന്നേക്കാം.)

(തുടരും)

## പ്രേഷിതാർത്ഥിനികൾക്കു

### സ്വാഗതം!

വി. കുരിശിന്റെ കരുണയുടെ സഹോദരികളായ യൂറോപ്യൻ കന്യാസ്ത്രീകൾ, പാററ്നാ, റാഞ്ചി എന്നീ രൂപതകളിൽ വിവിധ പ്രേഷിതവേലകൾ ചെയ്തുവരുന്നു. സ്കൂളുകൾ, ആശുപത്രികൾ, ആതുരാലയങ്ങൾ, അനാഥശാലകൾ തുടങ്ങി ഉപവിക്കടുത്ത അനേകസ്ഥാപനങ്ങൾ അവരുടെ പ്രവർത്തനരംഗങ്ങളാണ്. ഇന്നു ഇദംപ്രഥമമായി ഹസ്സാരിബാഗിൽ ഭാരതീയ അർത്ഥിനികൾക്കായി ഒരു നൊവിസ്യാത്തു സമാരംഭിക്കുന്നു.

മിഷൻരംഗത്തു ദൈവത്തിനു സ്വയം സമർപ്പിക്കുന്നതിനാഗ്രഹിക്കുന്ന പ്രേഷിതചൈതന്യമുള്ള കേരളീയ യുവതികൾ താഴെക്കാണുന്ന മേൽവിലാസത്തിൽ അപേക്ഷിക്കട്ടെ.

The Rev. Mother Superior
Holy Cross Convent, Bettiah P. O.
Champaram Dt. N. India

മനുഷ്യനെ ഉൽകൃഷ്ടനാക്കുന്നതും നികൃഷ്ടനാക്കുന്നതും അവൻതന്നെ.

മേൽപ്രസ്താവിച്ചതിൽനിന്നും നമുക്കു മനസ്സിലാകുന്നുണ്ടു്, നമ്മിൽ ശാരീരികവും ധാർമ്മികവുമായ രണ്ടു് അംശങ്ങൾ വ്യാപിച്ചുകിടപ്പുണ്ടെന്നു്; അവയുടെ ആത്മാർത്ഥവും അഭേദ്യവുമായ സംയോജനത്താലാണു് മനുഷ്യക്ഷേമം സംജാതമാകുന്നതെന്നു്. വാസ്തവം ഇതാണെങ്കിലും "പേരെടുത്ത" മനഃശാസ്ത്രപണ്ഡിതന്മാർ പോലും ഈ സത്യത്തെ അവഗണിച്ചുകൊണ്ടു് ശാരീരികവും മാനസികവുമായ അംശങ്ങൾക്കുമാത്രം വിദ്യാഭ്യാസത്തിൽ വിലകല്പിച്ചുപോരുന്നു. ആദ്ധ്യാത്മികവും സന്മാർഗ്ഗികവുമായ വശത്തേക്കു്, സ്വഭാവശുദ്ധിയുടെ കാര്യത്തിലേക്കു് അവരുടെ ദൃഷ്ടിപതിയുന്നില്ലെന്നുള്ളതു് നിർഭാഗ്യകരംതന്നെ. തത്ഫലമായി, നമ്മുടെ



ഉദ്ദിഷ്ടകാര്യസാദ്ധ്യത്തിനു് ഉപകാരസ്മരണ.

സി. സി. കുര്യൻ,
ചോരുര, തിരുക്കോയി

കുടുംബപംക്തി

## പോര പോരാ—ജീവിക്കാനും പഠിക്കണം

ജീവിതത്തിന്റെ ഏതു തുറയിലും ഏതു പരിതസ്ഥിതിയിലും അനീതിക്കും അധർമ്മത്തിനുമെതിരായി അണിനിരന്നു്, നീതിയും ധർമ്മവും പിടിച്ചുവാങ്ങുന്നതിനു് ഇച്ഛിക്കുവാനും തദർത്ഥം ചങ്കുറപ്പോടെ—ഇടറാതെ—പതറാതെ—പ്രവർത്തിക്കുവാനും പോരുന്ന ആത്മശക്തിയുള്ള വീരാത്മാക്കളെ മുന്നണിയിലേക്കു ഇറക്കിവിടുവാൻ സൽസ്വഭാവത്തിനുള്ള കഴിവു് അനന്യസാധാരണമാണു. ഉറച്ചുതെളിഞ്ഞ സ്വഭാവത്തിന്റെ പടച്ചട്ട ഉടുത്തിരിക്കുന്ന ഒരു യുവാവിനെ വിസ്തൃതലോകത്തിന്റെ വിദൂരവിദൂരതയിലേക്കു നിർഭയം പറഞ്ഞയക്കാം. വെന്നിക്കൊടിയും പൊക്കിപ്പാറപ്പിച്ചുകൊണ്ടു് അവൻ മുന്നേറും, നിശ്ചയം.

[ശ്രീ നരിക്കുഴി]

ജനനം, മരണം. ഇവയ്ക്കു മദ്ധ്യേയുള്ള കാലഘട്ടമാണു് ജീവിതം. അതു നാം കഴിച്ചുകൂട്ടുകതന്നെവേണം. അതിൽ വിജയം പ്രാപിക്കുകയുംവേണം.

ജീവിതം: പ്രകൃതിയും പ്രകൃതിനാഥനുംകൂടി മനുഷ്യനിൽ നിക്ഷേപിച്ചിരിക്കുന്ന അനർഘനിധി. അതിനെ ധൂർത്തടിക്കുവാനോ ദുരുപയോഗപ്പെടുത്തുവാനോ നാം മുതിരുന്നതു് കഷ്ടമാണ്. പ്രത്യുത, വിവേകപൂർവ്വം ജീവിച്ച് ദൈവമഹത്വാർത്ഥം തനിക്കും മററുള്ളവർക്കും നന്മചെയ്തു് പരിപൂർണ്ണരാകുവാനുള്ള കർത്തവ്യമാണു് ഓരോ വ്യക്തിക്കുമുള്ളതു്. എന്നാൽ എങ്ങനെ ജീവിക്കണം? എന്നു ശരിക്കറിയാതെ പ്രസ്തുതോദ്യമത്തിൽ യഥാർത്ഥവിജയം കൈവരിക്കാമെന്നു വിചാരിക്കേണ്ട. ആകയാൽ സജ്ജീവിതത്തെ പരാമർശിക്കുന്ന ശാസ്ത്രത്തിന്റെ അല്ലെങ്കിൽ കലയുടെ പ്രാധാന്യം സ്പഷ്ടമാണല്ലോ. രസകരവും എന്നാൽ ഗൗരവാവഹവുമായ ഈ വിഷയത്തിന്റെ ഒരു സംഗ്രഹം പ്രസിദ്ധപ്പെടുത്തുന്നതു് പുരോഗമനപ്രിയന്മാരായ യുവസുഹൃത്തുക്കൾക്കു് ഗുണപ്രദമായിരിക്കുമെന്നു വിചാരിക്കുന്നു.

ഉത്തമജീവിതം ഒരു കലയാണു്; അതിപ്രധാനമായി ആരും അറിഞ്ഞിരിക്കേണ്ട ഒരു കല. മനുഷ്യനാണു് അതിന്റെ കലാകാരൻ. ഈ കലാകാരനാവശ്യമുള്ള ഉപകരണങ്ങൾ സകലതും അവനിൽനിന്നുതന്നെ കണ്ടെടുക്കാമെന്നുള്ളതാണു് ഒരു വിശേഷം. സുപ്രസിദ്ധവാഗ്മിയായ ലക്കോർഡയാറിന്റെ ഭാഷയിൽ "ഒരു പരമപരിശുദ്ധനോ കൊടുംപാപിയോ ആകുവാനുള്ള കഴിവുകൾ നാമോരോരുത്തരുടേയും സിരകളിൽ ഒളിഞ്ഞുകിടപ്പുണ്ടു്." മനഃശാസ്ത്രവിദഗ്ദ്ധനായ എഡ്ഗർ കപിന്നററു് പറയുന്നു: "ഓരോ മനുഷ്യനും ഒരു ശില്പിയാണു്. തനിക്കു കിട്ടിയിരിക്കുന്ന മരതകക്കല്ലിനെ അഥവാ മണ്ണാങ്കട്ടയെ ജാജ്ജ്വല്യമാനമാക്കേണ്ട ജോലി അവന്റേതാണു്. അതേ, വികൃതങ്ങളും വിഭിന്നങ്ങളുമായ വാസനകളെ ഉടച്ചുവാർത്ത് ബുദ്ധിയും സ്വാതന്ത്ര്യവും നീതിയും തെളിഞ്ഞുവിളങ്ങുന്ന ഒരു വ്യക്തിവിലാസത്തെ വാർത്തെടുക്കേണ്ട ഭാരം ആ ശില്പിക്കുണ്ടു്. ഇതേ ആശയംതന്നെ മഹാകവി ഷെക്സ്പിയർ വേറൊരു രൂപത്തിൽ പ്രകാശിപ്പിക്കുന്നതു കണ്ടാലും: "നമ്മുടെ ശരീരം ഒരു തോട്ടമാണു്. നമ്മുടെ ഇച്ഛാശക്തിയാണു് അതിന്റെ ഉടമസ്ഥൻ. ഈ തോട്ടക്കാരനു് ബുദ്ധിപൂർവ്വം തോട്ടത്തിലെ കളകളെല്ലാം പറിച്ചുകളഞ്ഞു് അതിൽ, പൊൻനിറം കലന്ന കതിർകുലയണിയുന്ന ധാന്യങ്ങൾ വിതച്ചുവിളയിക്കാം; തേൻതുള്ളി തുളുമ്പിത്തുടുത്തുനില്ക്കുന്ന ഫലവൃക്ഷങ്ങൾ നട്ടുവളർത്താം. അല്ലെങ്കിൽ, അലസമായി, വെറുതെ കാടും കളയും കയററി കല്ലും മുള്ളും നിറച്ചു് അതിനെ ഒരു പുറമ്പോക്കാക്കി കളയുവാനും സാധിക്കും. കൃഷിചെയ്താലും വെറുതെ ഇട്ടിരുന്നാലും ശരി അതിനെ രൂപാന്തരപ്പെടുത്തുവാനും നവീകരിക്കുവാനുമുള്ള പൂർണ്ണാധികാരവും ഉത്തരവാദിത്വവും ആ തോട്ടക്കാരനാണു്; ഇച്ഛാശക്തിക്കാണു്." ചുരുക്കത്തിൽ, ഇന്നത്തെ വിദ്യാഭ്യാസം അതിന്റെ ഉൽകൃഷ്ടലക്ഷ്യത്തിൽനിന്നും തെററിമാറിയിരിക്കുകയാണ്. പണസമ്പാദനത്തിനോ സ്വാർത്ഥപൂരണത്തിനോ മതിയാകുന്ന ഒരു മാർഗ്ഗമായി പരിണമിച്ചിരിക്കുകയാണതു്. അന്യൂനവിദ്യരെന്ന അഭിമാനത്തോടെ തലയുയർത്തിപ്പിടിച്ചുകൊണ്ടു് പ്രായോഗികജീവിതത്തിലേക്കിറങ്ങിവരുന്ന യുവതീയുവാക്കന്മാരുമായി ഇടപഴകുവാൻ സംഗതിയായിട്ടുള്ളവർക്കു് ഈ അഭിപ്രായത്തോടു യോജിക്കാതിരിക്കുവാൻ തരമില്ല. ആകയാൽ, ശാരീരികമാനസികാംശങ്ങൾക്കു മാത്രമല്ല, സന്മാർഗ്ഗികാംശത്തിനും അതർഹിക്കുന്ന സ്ഥാനം കൊടുത്തു് വിദ്യാഭ്യാസത്തിന്റെ ഈ ന്യൂനത പരിഹരിച്ചു പരിഷ്കരിക്കുക ഒരാവശ്യം മാത്രമായിത്തീർന്നിരിക്കുന്നു. നിലവിലിരിക്കുന്ന ക്ലാസ്സുകയററവും ബിരുദദാനവും മനഃസംസ്കാരത്തിന്റേയുംകൂടെ ഒരു മാനദണ്ഡമായിരിക്കട്ടെ. എങ്കിൽമാത്രമേ, സത്യസന്ധരും സംസ്കാരസമ്പന്നരുമായ സ്ത്രീപുരുഷന്മാരെക്കൊണ്ടു നമ്മുടെ തലമുറ പുരോഗമിക്കുകയുള്ളു; ഉന്നതഭാവി ഉയിരെടുക്കുകയുള്ളു.

(തുടരും)

*Permissu Ecclesiastico*
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam

(2-ാം പേജ് തുടർച്ച)

പ്പിച്ചാൽ സാറിന്റെ കീർത്തിക്കു വല്ലതും നഷ്ടപ്പെടുമോ?"

"അതു ശരി. എന്നാൽ സത്യാഗ്രഹം തന്നെ. ഹെഡ്മാസ്റ്റർ ഇരിക്കുന്ന ഓഫീസുമുറിയുടെ വാതിൽക്കൽ അങ്ങു മലർന്നു കിടക്കണം. ഒടുവിൽ സാറുതന്നെ തോൽക്കും. അല്ലെങ്കിൽ മററു സ്കൂളുകളിൽനിന്നും അനുഭാവികളെ സമ്പാദിച്ച് ഒരു യുദ്ധപ്രഖ്യാപനം ചെയ്യണം."

സ്കൂൾ തുറന്നു. ജയിച്ചവർ സന്തോഷഭരിതരായിട്ടാണു സ്കൂളിലേക്കുവന്നതു്. ഏതോ സംഭവവികാസങ്ങൾ ഉണ്ടാകുവാൻ പോകുന്നു എന്നു കേട്ടതുകൊണ്ടു് തോററവർക്കും ഉള്ളിൽ അല്പം സന്തോഷമുണ്ടായി. ഗോപാലപിള്ളസാർ ഗെയിററുകടന്നുവരുന്നതു നോക്കിക്കൊണ്ടു് പലരും നില്ക്കുന്നുണ്ടായിരുന്നു. അയാളെ കണ്ടപ്പോൾ ചിരിച്ചചിലർ, അട്ടഹാസങ്ങൾകൊണ്ടു് എതിരേററവരുമുണ്ടു്. അതിലൊന്നിലും അയാൾക്കു വിസ്മയം തോന്നിയില്ല. അതെല്ലാം അവിടത്തെ ദൈനംദിനപരിപാടിയായി പരിണമിച്ചിട്ടു കാലങ്ങൾ കുറേ കഴിഞ്ഞിരുന്നു. എന്നാൽ വാതിൽക്കൽ മലർന്നുകിടക്കുന്ന നാലഞ്ചു തടിയന്മാരെകണ്ടപ്പോൾ പരിഭ്രാന്തചിത്തനായി. എങ്കിലും അയാൾ ധൈര്യമവലംബിച്ചുകൊണ്ടു ചോദിച്ചു: "എന്ത്? നിങ്ങൾ എന്തിനു് ഇവിടെവന്നു കിടക്കുന്നു?" ജേംസ് ആയിരുന്നു മറുപടി പറഞ്ഞതു്. "പഠിക്കുവാൻ ഞങ്ങളെക്കാൾ മോശമായിരുന്ന പലരും ജയിച്ചിട്ടുണ്ടു്. അതുകൊണ്ടു് ഞങ്ങളെയും ജയിപ്പിക്കണം."

"ജയിപ്പിക്കണമോ! മര്യാദയായി ജീവിച്ച് നന്നായി പഠിക്കണം ജയിക്കണമെങ്കിൽ; അല്ലാതെ ഇവിടെ മലർന്നുകിടന്നാൽ നിങ്ങൾ ജയിക്കയില്ല. ഇവിടെനിന്നും എഴുന്നേററുമാറുക. ഞാൻ അകത്തേക്കു കടക്കട്ടെ."

"ഇതു സത്യാഗ്രഹമാണുസാർ. ഞങ്ങളെ ജയിപ്പിക്കാതെ സാറിനു മുറിയിൽ കയറുവാൻ സാധിക്കയില്ല. അല്ലെങ്കിൽ ഞങ്ങളുടെ ദേഹത്തു ചവിട്ടി കയറണം."

ഗോപാലപിള്ളസാർ പരാജിതനായി. ഒരു കസേര വരാന്തയിൽ ഇട്ടു് അവിടെ ഇരുന്നു് അയാൾ തന്റെ ജോലികൾ തുടർന്നു. മലർന്നുകിടക്കുന്നവരോടു സഹതാപം പ്രകടിപ്പിക്കുവാൻ തോററവർ പലർ അടുത്തുതുടങ്ങി. അദ്ധ്യാപകനും സത്യാഗ്രഹികളും ആ നാട്ടുകാരുടെ കാഴ്ചസാധനങ്ങളായി പരിണമിച്ചു സ്കൂൾ നടത്തിക്കൊണ്ടുപോകുവാൻ സാദ്ധ്യമല്ലാതായി.

ചുമയ്ക്കുന്ന ഒരു ശബ്ദം. "ആരാണു പുറത്തു്?" ഫാദർ മാത്യുവിന്റെ ചോദ്യത്തിനു് "ഗോപാലപിള്ള" എന്നായിരുന്നു മറുപടി. "ഓ നമ്മുടെ ഹെഡ്മാസ്റ്ററല്ലേ; കയറിവരാം, കയറിവരാം"—പ്രോത്സാഹജനകമായ സ്വരമാണു് ആ വാചകത്തിൽ ഓളംതല്ലിനിന്നതു്. പുറകേ, തുളഞ്ഞുകയറുന്ന ഒരു ചിരിയും. അല്പം ആശങ്കയോടുകൂടി അയാൾ മുറിക്കുള്ളിൽ കടന്നു. സൗഹാർദ്ദപൂർവ്വമായ ഒരു സ്വീകരണമാണു് അയാൾക്കു ലഭിച്ചതു്. മാനേജർ ചൂണ്ടിക്കാണിച്ച ഒരു കസേരയിൽ ഹെഡ്മാസ്റ്റർ ഉപവിഷ്ടനായി. "എന്താണു വിശേഷം, സാറേ?"

"അച്ചൻ അറിഞ്ഞുകാണും. സ്കൂൾ നടത്തിക്കൊണ്ടുപോകുവാൻ മേലാതായിരിക്കുന്നു."

"എന്താണു കാരണം?"

"ഇക്കൊല്ലം തോററ കുറേ കുട്ടികളു് ജയിപ്പിക്കണമെന്നു പറഞ്ഞു് അവിടെ മലർന്നു കിടക്കുന്നു."

"അതിനെന്താണു സർ? അവരെ അങ്ങു ജയിപ്പിച്ചേക്കണം."

"അയ്യോ, അച്ചൻ ഇങ്ങനെ പറയുമെന്നു വിചാരിച്ചില്ല. തോററ ആ കുട്ടികളെ പ്രൊമോഷൻ കൊടുത്തു കയററിവിട്ടാൽ മററനേകം പേർ സത്യഗ്രഹത്തിനു് ഒരുങ്ങും. തെമ്മാടിത്തരത്തിനു വളം ലഭിക്കയും ചെയ്യും."

"തെമ്മാടിത്തരം, നല്ലതരം എന്നു രണ്ടു തരങ്ങൾ ലോകത്തിൽ ഉണ്ടോ, സാറേ. എല്ലാം ഓരോരുത്തരുടെ അഭിപ്രായങ്ങൾ! വാസ്തവത്തിൽ തോൽവിയുമില്ല ജയവുമില്ല എന്ന രീതിയിലല്ലേ ഇന്നത്തെ ലോകത്തിന്റെ ഗതി. സാറിനു് എന്തു തോന്നുന്നു?"

"തീർച്ചയായും നന്മയും തിന്മയും ഉണ്ടച്ചാ. ഇപ്പോൾ അതു് എനിക്കു കൂടുതൽ ബോദ്ധ്യമായിവരുന്നു."

"എന്നാൽ ഞാൻ ഒരു കാര്യം ചോദിക്കട്ടെ. ആ കുട്ടികൾ ഇന്നു് അധികാരത്തെ ധിക്കരിച്ചുകൊണ്ടു് നീതിക്കെതിരായി സത്യാഗ്രഹം അനുഷ്ഠിക്കുവാൻ കാരണമെന്താണെന്നറിയാമോ?"

"ദുഷിച്ച സന്തതികൾക്കു് തിന്മ പ്രവർത്തിക്കുവാൻ പ്രത്യേകകാരണമൊന്നും ആവശ്യമില്ലച്ചാ."

"ദുഷിച്ച സന്തതികളെ നന്നാക്കി എടുക്കുകയാണു് വിദ്യാഭ്യാസത്തിന്റെ ഉദ്ദേശ്യം. അതു മി. ഗോപാലപിള്ളയ്ക്കറിഞ്ഞുകൂടേ?"

"ഇതുപോലെ അധഃപതിച്ച കുട്ടികളെ എങ്ങനെ നന്നാക്കിയെടുക്കുമച്ചാ?"

"എന്നാൽ ഞാൻ വാസ്തവം തുറന്നു പറയാം. ഇന്നു് ഈ കുട്ടികൾ ഇപ്രകാരം ചീത്തയായതിനു് പ്രധാനകാരണക്കാരൻ താങ്കൾതന്നെയാണു്. താങ്കൾ ഇതുവരെയും ഈ പിഞ്ചുഹൃദയങ്ങളിൽ നിരീശ്വരത്വം കുത്തിവയ്ക്കുവാൻ എന്തുമാത്രം ശ്രമിച്ചിട്ടുണ്ടെന്നു് സ്വയം ഒന്നു പരിശോധിച്ചുനോക്കുക. ഏതു ചീത്തത്തവും പ്രവർത്തിക്കുവാൻ ഒരുവനു പ്രേരണനൽകുന്ന ഒരു പദ്ധതിയാണു് നിരീശ്വരത്വം. ഈശ്വരവിശ്വാസമില്ലാത്തവന്റെ മുമ്പിൽ നീതിക്കും ന്യായത്തിനും ഒരു വിലയും ഉണ്ടായിരിക്കയില്ല."

"അച്ചാ, ക്ഷമിക്കണം. ഞാൻ ഒരു തെററിദ്ധാരണയിൽ അകപ്പെട്ടുപോയി. അഭ്യസ്തവിദ്യൻ എന്ന ബഹുമതി ഒരു നിരീശ്വരനേ ലഭിക്കൂ എന്ന അന്ധമായ ധാരണയിൽ ഞാൻ പലതും പ്രവർത്തിക്കയുണ്ടായിട്ടുണ്ടു്. എന്റെ സൗധത്തിന്റെതന്നെ അടിത്തറ ഞാൻ മാന്തിക്കൊണ്ടിരിക്കയാണെന്നു് അറിഞ്ഞുമില്ല. ഇന്നു് ഹൃദയംനോവുന്ന പാഠങ്ങളിൽക്കൂടി ചില പരമാർത്ഥങ്ങൾ ഞാൻ ഗ്രഹിച്ചു, ദൈവത്തെക്കൂടാതെ മനുഷ്യനെ നന്നാക്കുവാൻ സാദ്ധ്യമല്ലെന്നു്."

"മി. ഗോപാലപിള്ള സത്യംഗ്രഹിച്ചതിലും അതു തുറന്നു സമ്മതിച്ചതിലും എനിക്കു സന്തോഷമുണ്ടു്. ഇനിയെങ്കിലും ചെയ്ത തെററുകളെ പരിഹരിക്കുവാൻ നോക്കുക."




"ഇന്നു് ഹൃദയംനോവുന്ന പാഠങ്ങളിൽക്കൂടി ചില പരമാർത്ഥങ്ങൾ ഞാൻ ഗ്രഹിച്ചു......ദൈവത്തെക്കൂടാതെ മനുഷ്യനെ നന്നാക്കാൻ സാദ്ധ്യമല്ലെന്നു്."

ഹാത്തിമാബാലസമിതി

# സൻഹെദ്രിൻസഭ അന്വേഷിക്കുന്നു

പ്രിയകുട്ടികളേ,

"സൻഹെദ്രിൻ സഭയുടെ ചരിത്രം അന്വേഷിച്ചോ? തങ്കമ്മ!"

"ഉവ്വച്ചാ, അതു യൂദന്മാരുടെ ഒരു സഭയാണു്."

"ശരി! കൂടുതൽ വിവരങ്ങൾ അറിയാമോ?"

"ഇല്ല."

"പണ്ടു പണ്ടു് യൂദന്മാർക്കു് എസ്ദ്രാസ് എന്നൊരു നേതാവുണ്ടായിരുന്നു. നിയമം പാലിപ്പിക്കുന്നതിനും പൊതുക്കാര്യങ്ങൾ അന്വേഷിക്കുന്നതിനും ആയി ആ മഹാൻ ഒരു കൗൺസിൽ അഥവാ സഭ സ്ഥാപിക്കയുണ്ടായി. വലിയ സിനഗോഗ് അഥവാ മഹാസഭ എന്നു പേരു്. ഈ സംഭവം നടന്നതു് ബി. സി. 453-ൽ ആണു്."

"ബി. സി. എന്നാൽ എന്താണച്ചാ?"

"ജോൺ! പറയാം. Before Christ എന്ന വാക്കുകളുടെ ആദ്യാക്ഷരങ്ങളാണു്, ബി. സി. ക്രിസ്തുവിനുമുൻപു, ക്രിസ്തുപിറക്കുന്നതിനുമുൻപു് എന്നർത്ഥം.

"ആ സഭയുടെ അംഗങ്ങൾ പണ്ഡിതന്മാരും ജനപ്രമാണികളും ആയിരുന്നു. പ്രധാനപുരോഹിതൻ അദ്ധ്യക്ഷനും. നീതിന്യായം നടത്തേണ്ടതു് ഈ കൗൺസിൽ ആയിരുന്നു.

"കുറെനാൾ ഈ സഭ ഈവിധത്തിൽ തുടർന്നുകൊണ്ടുപോന്നു. എന്നാൽ മക്കാബിരാജവംശത്തിന്റെ ഭരണകാലത്തു് ഈ സഭയുടെ ഘടനയിൽ ചില വ്യത്യാസങ്ങൾ വരുത്തി. വലിയ സിനഗോഗിനു പകരം സൻഹെദ്രിൻസഭ സ്ഥാപിതമായി. അദ്ധ്യക്ഷൻ പ്രധാനാചാര്യനോ ഏതെങ്കിലുംപ്രമുഖവ്യക്തിയോ ആയിരിക്കും. അംഗങ്ങൾ 71 മാത്രം. പുരോഹിതപ്രമാണികൾ, വേദപണ്ഡിതന്മാർ, വിവിധഗോത്രങ്ങളിലെ മൂപ്പന്മാർ എന്നിവരുടെ പ്രതിനിധികളായിരുന്നു അവർ. അവരുടെജോലി, വേദനിയമം വ്യാഖ്യാനിക്കുക, പ്രധാനകേസ്സുകൾ വിസ്തരിക്കുക, പൊതുക്കാര്യങ്ങളുടെ മേൽനോട്ടം വഹിക്കുക എന്നിവയായിരുന്നു. ഹേറോദേശ് തുടങ്ങിയ റോമാഗവർണ്ണർമാർ പരിശ്രമിച്ചിട്ടുപോലും ഈ അധികാരങ്ങൾ അധികമൊന്നും കുറയ്ക്കാൻ സാധിച്ചില്ല. ഒരുത്തനെ മരണശിക്ഷയ്ക്കു വിധിക്കുന്നതിനുള്ള അധികാരം മാത്രമാണു് പ്രധാനമായി ആ സഭയ്ക്കു നഷ്ടപ്പെട്ടതു്. ഈശോയുടെ കാലത്തും ഈ "മഹാസഭ" വളരെ അധികാരമുള്ളതായിരുന്നു.

"ഈശോയുടെ ജ്ഞാനസ്നാനത്തിനു ശേഷവും യോഹന്നാൻ പ്രസംഗം തുടർന്നുകൊണ്ടിരുന്നു. ജ്ഞാനസ്നാനകർമ്മത്തിന്റെ പ്രചാരവും മിശിഹായുടെ വരവിനെപ്പററിയുള്ള പ്രചരണവും യഹൂദപ്രമാണികളെ ചൂടുപിടിപ്പിച്ചു അവർക്കു് ഇനിയും അലസരായി നോക്കിനില്ക്കാൻ പാടില്ല.

"മതപരമായ ആദർശത്തിലാണു് യോഹന്നാൻ മാമോദീസാമുക്കുന്നതു്. അതു് ക്രമാനുസൃതവും അധികാരസമന്വിതവും ആണോ എന്നറിയണം. അതുപോലെ തന്നെ മിശിഹായുടെ വരവിനെപ്പററിയും വ്യക്തമായി ഗ്രഹിക്കേണ്ടതുണ്ടു്. മതപരമായും ജാതീയമായും വളരെ വളരെ പ്രാധാന്യമുള്ള കാര്യങ്ങളാണവ. സൻഹെദ്രിൻസഭയുടെ കർത്തവ്യമായി അവയെപ്പററി അന്വേഷിച്ചു് അന്ത്യതീരുമാനംചെയ്യുകയെന്നതു്. ആ ഉദ്ദേശസിദ്ധിക്കായി കമ്മിററിയെ അവർ നിയമിച്ചു. പ്രീശന്മാരായ പുരോഹിതന്മാരും ലേവായക്കാരുമായിരുന്നു അതിലെ അംഗങ്ങൾ.

പ്രസ്തുതകമ്മിററിയംഗങ്ങൾ താമസംവിനാ യോഹന്നാന്റെ പക്കലെത്തി; മൊഴികൾ എടുക്കുന്നതിനും റിപ്പോർട്ടു് തയ്യാറാക്കി സമർപ്പിക്കുന്നതിനും. അന്നു് യോഹന്നാൻ യോർദനാൻനദിയുടെ കിഴക്കേക്കരയിലുള്ള ബെഥനി എന്ന സ്ഥലത്തായിരുന്നു. ഈശോ മലയിൽനിന്നും ഇറങ്ങിവന്നതിന്റെ തലേദിവസം.

"താങ്കൾ ആരാണു്?" അധികാരത്തോടെ അവർ ചോദിച്ചു.

"ഞാൻ മിശിഹായല്ല" അവരുടെ ആഗമനോദ്ദേശ്യം ഗ്രഹിച്ച യോഹന്നാൻ വിനീതമായി മറുപടി പറഞ്ഞു.

"പിന്നെ, താങ്കൾ ആരാകുന്നു?"

"ഏലിയാസ് ആണോ?"

"അല്ല."

"പ്രവാചകനാണോ?"

"അല്ല."

"എന്നാൽ പിന്നെ ആരു്? ഞങ്ങളെ അയച്ചവരോടു് ഞങ്ങൾക്കു മറുപടികൊടുക്കണം. താങ്കളെപ്പററി താങ്കൾ എന്തു പറയുന്നു?"

"കർത്താവിന്റെ വഴി ചൊവ്വാക്കുക എന്നു് വിജനപ്രദേശത്തിൽ വിളിച്ചുപറയുന്ന സ്വരമാകുന്നു ഞാൻ. ഇസയാസ് ദീർഘദർശി പ്രവചിച്ചിട്ടുള്ളതുപോലെ തന്നെ."

"താങ്കൾ മിശിഹായല്ല, ഏലിയാസല്ല, പ്രവാചകനുമല്ല, പിന്നെ എന്തുകൊണ്ടു് താങ്കൾ മാമോദീസാമുക്കുന്നു?"

"ഞാൻ നിങ്ങളെ വെള്ളംകൊണ്ടു് മാമോദീസാമുക്കുന്നു. എന്നാൽ ഒരാൾ നിങ്ങളുടെ ഇടയിൽ വന്നിട്ടുണ്ടു്. അദ്ദേഹത്തെ നിങ്ങൾ അറിയുന്നില്ല. അദ്ദേഹം തന്നെയാണു് എന്റെ പുറകിൽ വരാനുള്ളവൻ—എനിക്കുമുമ്പുള്ളവൻ! ആരുടെ ചെരുപ്പുകൾ അഴിക്കുവാൻ ഞാൻ അയോഗ്യനാണോ അദ്ദേഹം തന്നെ."

അങ്ങനെ അവരുടെ സംഭാഷണം അവസാനിച്ചു. സഭാപ്രതിനിധികളെ അദ്ദേഹം ആദരിച്ചു്, അവരുടെ ന്യായമായ ചോദ്യങ്ങൾക്കു യുക്തമായ മറുപടിനല്കി. മിശിഹായുടെ "മുന്നോടി" മാത്രമാണു് താനെന്നു് അദ്ദേഹം വിശദമാക്കി. അതോടൊപ്പം മിശിഹായെപ്പററി രണ്ടാമതും സാക്ഷിപറഞ്ഞു. "കർത്താവിന്റെ വഴി ഒരുക്കുന്നവൻ" "എനിക്കുമുമ്പുള്ളവൻ" "എന്റെ പുറകിൽവരുന്നവൻ" എന്നീ പ്രസ്താവനകൾ മിശിഹായെപ്പററിയാണല്ലോ.

പ്രതിനിധിസംഘം മടങ്ങി. അവർ പ്രതീക്ഷിച്ച വിവരങ്ങളെല്ലാം അവർക്കു ലഭിച്ചു. പക്ഷേ, അതുകൊണ്ടു് ആ പ്രമാണികൾക്കു പ്രയോജനമൊന്നും ഉണ്ടായില്ല. അവരുടെ ഇടയിൽവന്നിട്ടും അവർ അറിയാതിരുന്ന കർത്താവിനെപ്പററി, കർത്താവിന്റെവഴികളെപ്പററി കൂടുതലായി ഒന്നും അവർ തെരക്കിയില്ല. ഈ അനാസ്ഥ അവരുടെ അധഃപതനത്തിനു കാരണമായി.

സത്യദൈവമായ ഈശോയെക്കുറിച്ചും ഈശോ സ്ഥാപിച്ച സഭയെക്കുറിച്ചും പ്രതിപാദിക്കുന്ന നിരവധി ഗ്രന്ഥങ്ങൾ ഉണ്ടു്, പത്രമാസികകളുണ്ടു്. അവയെ അവഗണിക്കുന്നകാരണം എത്രയെത്ര അക്രൈസ്തവർ ഇന്നും ഈശോയെ അറിയാത്തവരായി ജീവിക്കുന്നു. അവരുടെ ബുദ്ധിക്കു പ്രകാശമുണ്ടായി, മനസ്സിനു ധൈര്യമുണ്ടായി ഈശോയെ സ്നേഹിക്കുന്നവരാകട്ടെ. അതിനായി നിങ്ങൾ ധാരാളം പ്രാർത്ഥിക്കുവിൻ. നല്ല നല്ല പുസ്തകങ്ങൾ വായിക്കാനായി നിങ്ങളുടെ കൂട്ടുകാരായ കുട്ടികൾക്കു് കൊടുക്കുവിൻ."

ഗൃഹപാഠം

അടുത്ത ദിവസത്തേക്കു്: "ആഞ്ഞൂസ് ദേയി" എന്നാൽ എന്തു്?

സ്വന്തം കൊച്ചച്ചൻ

---

## ഏകാന്തധ്യാനം വനിതകൾക്കു്

സ്ത്രീകൾക്കായുള്ള ഒരു ഏകാന്തധ്യാനം എറണാകുളം കത്തോലിക്കാ വനിതാസമാജത്തിന്റെ ആഭിമുഖ്യത്തിൽ സമാജംവക ഹോസ്റ്റലിൽവെച്ചു് ഒക്ടോബർ 26-ാംനു- വൈകുന്നേരം 5മണിക്കു് ആരംഭിച്ചു് 30-ാംനു- രാവിലെ അവസാനിക്കത്തക്കവിധത്തിൽ നടത്തുന്നതിനു് ഏർപ്പാടുചെയ്തിരിക്കുന്നു. ധ്യാനഗുരു റവ. ഫാ. മർസലിൻ ടി. ഒ. സി. ഡി. എം. എ. ആണു്. ബോർഡിംഗ്ഫീസ് 6രൂപാ. ശയ്യോപകരണങ്ങൾ അവരവർ കൊണ്ടുവരേണ്ടതാണു്.

# Sathya Deepam

Vol. 25 Ernakulam October 24, 1951 No. 11


## കമ്മലോത്തരീയം

(ബിരുദധാരി)

"ഉത്തരീയം കെട്ടിയതിൽ കുട്ടിയെയുമിട്ട
തിന്തിന-ത്തിനന-യെന്നു പാട്ടുമവൾ പാടി."
(കുറത്തിപ്പാട്ട്)

ഈ പാട്ട് പലരും കേട്ടിരിക്കുമല്ലോ. എന്റെ ചെറുപ്പത്തിൽ എന്റെ അമ്മയുടെ മടിയിൽ ഞാൻ സുഖമായിട്ട് അങ്ങനെയിരിക്കുമ്പോൾ "ധമ്മം" വാങ്ങാൻ നടന്ന ഒരു കുറത്തി ഞങ്ങളുടെ വീട്ടിൽ വന്നു ഈ പാട്ടുപാടി. എനിക്കു വളരെ സന്തോഷം തോന്നി. ഞാൻ ചോദിച്ചു. "അമ്മച്ചി, എന്തൊന്നായി ഉത്തരീയം?"

അമ്മ: "കുഞ്ഞേ, നീ കണ്ടില്ലേ ആ കുറത്തിയുടെ കഴുത്തിൽ കെട്ടിത്തൂക്കിയിട്ടിരിക്കുന്ന ചേല, അതിനുള്ളിൽ ഒരു കൊച്ചുകുഞ്ഞു സുഖമായി ശയിക്കുന്നതും. കുഞ്ഞുങ്ങളെ സുരക്ഷിതമായി കൊണ്ടുനടക്കാൻ കുറത്തികൾക്കുള്ള ഒരു സൂത്രമാണിതു്."

ഞാൻ: "അമ്മച്ചി, ഞങ്ങളെ എന്താ അങ്ങനെയൊന്നുണ്ടാക്കി, കൊണ്ടുനടക്കാത്തതു്?"

അമ്മ: "നിങ്ങളെ സംരക്ഷിക്കാൻ എന്റെ കഴുത്തിൽ അതിലും വിശേഷമായ ഒരു ഉത്തരീയം ഉണ്ടു്."

ഞാൻ: "എവിടെയാണതു്, കാണട്ടെ, അമ്മച്ചി." ഉടനേ അമ്മ കഴുത്തിൽ കിടന്ന വെന്തിഞ്ഞ എടുത്തുകാണിച്ചുകൊണ്ടു പറഞ്ഞു: "ഇതിന്റെയും പേരു ഉത്തരീയം എന്നാണു്; കണ്ടോ ഇതിലെ അമ്മയുടേയും മകന്റെയും ചിത്രം. ഇതു് ദൈവമാതാവും ഉണ്ണിമിശിഹായും ആണു്. ദൈവമാതാവു് നമ്മുടെ എല്ലാവരുടേയും അമ്മയാണു്. ആ നല്ലയമ്മ തന്നതാണു് ഈ ഉത്തരീയം. ഇതു ധരിച്ചുകൊണ്ടുനടന്നാൽ ആ കുറത്തിത്തള്ളയുടെ ഉത്തരീയത്തിൽ ആ കുഞ്ഞു് സുഖമായി കിടക്കുന്നതിനെക്കാൾ സുരക്ഷിതമായും ആത്മാനന്ദത്തോടുകൂടിയും നമുക്കു് ജീവിക്കാം."

ഞാൻ: "എന്നാൽ, അമ്മച്ചി, എനിക്കും വേണം ഒരു ഉത്തരീയം."

അമ്മ പെട്ടിതുറന്നു പട്ടുചരടു പിടിപ്പിച്ച ഒരു കസവുവെന്തിഞ്ഞ എടുത്തു് എന്റെ കഴുത്തിൽ ഇട്ടുതന്നു. എന്റെ കഴുത്തിൽ കിടന്ന പൊന്നുമാലയെക്കാൾ കാര്യമായി ഞാൻ അതു കൊണ്ടുനടന്നു. എന്നാൽ കാലക്രമത്തിൽ എനിക്കു് മനസ്സിലായി പട്ടും കസവും ഒന്നുമല്ല ഇതിനു് കാര്യമായിട്ടുള്ളതെന്നു്. ഹൃദയത്തിൽ ഉണ്ടായിരിക്കേണ്ട ആദ്ധ്യാത്മികാഗ്നി തണുത്തുപോകാതിരിക്കാനോ, തപസ്സിന്റെ [illegible] ആവിഷ്കരിക്കാനോ ഉത്തരീയം കമ്പിളികൊണ്ടുണ്ടാക്കപ്പെട്ടിരിക്കണമെന്നും എനിക്കു് മനസ്സിലായി. ലൗകികങ്ങളായ പല ബിരുദങ്ങളുടേയും ഉത്തരീയങ്ങൾ (gowns & badges) പിന്നീടു് എനിക്കു ലഭിച്ചു. വിശ്വസാഹിത്യസമിതി മുതലായ പല സംഘങ്ങളിലെ അംഗത്വവും എനിക്കു് ലഭിച്ചു. എന്നാൽ ഇവയൊക്കെ താരതമ്യേന ഫലശൂന്യങ്ങളാണെന്നും, കമ്മലോത്തരീയവും ആ സഖ്യത്തിന്റെ അംഗത്വവുമാണു് യഥാർത്ഥത്തിൽ ഐശ്വര്യദായകമെന്നും അനുഭവം എന്നെ പഠിപ്പിച്ചു.

ഉത്തരീയ ഭക്തിയുടെ ആഘോഷപരിപാടികൾ കേരളക്കരയിൽ അമലമായ മാറ്റൊലി പരത്തുന്ന ഇക്കാലത്തു് കമ്മലോത്തരീയത്തെപ്പറ്റി കൂടുതൽ ചിന്തിക്കുന്നതു് പ്രയോജനകരമായിരിക്കുമല്ലോ. വെന്തിഞ്ഞ, സ്കാപ്പുലർ, ഇസ്കാപ്പുറി എന്നും മറ്റുമാണു് മറ്റുഭാഷകളിൽ ഇതിനുള്ള പര്യായങ്ങൾ. വാക്കുകളുടെ മൂലാർത്ഥങ്ങളും ഉൽപത്തികളും പര്യാലോചിക്കുമ്പോൾ രസകരങ്ങളായ പല സംഗതികളും നമുക്കു മനസ്സിലാക്കാൻ സാധിക്കും. എന്തൊന്നാണു് ഈ വെന്തിഞ്ഞ, ഏതു ഭാഷയിൽനിന്നും വന്നു. പോർത്തുഗീസ്സു് മിഷനറിമാരാണല്ലോ ഈ ഉത്തരീയഭക്തി കേരളത്തിലേക്കു കൊണ്ടുപോന്നതു്. ആ ഭാഷയിലുള്ള ഇതിന്റെ പര്യായമായിരിക്കണം ഈ നാമം. ലത്തീനിൽ വെസ്റ്റിജ്ജ് (?) എന്നുള്ള വാക്കിന്റെ വകഭേദം തന്നെയായിരിക്കണം വെന്തിഞ്ഞ. ലാറ്റിനിൽ വെസ്റ്റു് എന്ന ധാതു ദ്യോതിപ്പിക്കുന്ന അർത്ഥം വളരെ ഉൽകൃഷ്ടമാണു്. പരിശുദ്ധി കന്യാത്വം, ബ്രഹ്മചര്യം മുതലായ പല അർത്ഥങ്ങളുമിതിനുണ്ടു്. പുരാതന റോമൻമാരുടെ പരദേവതയായ കുലദേവിക്കു പ്രതിഷ്ഠിക്കപ്പെട്ടിരുന്ന കന്യകകളുടെ നാമവിശേഷണമാണു് വെസ്റ്റൽ. ആ പരദേവതയുടെ പേരാണു് വെസ്റ്റാ.

കേരളത്തിൽ വെന്തിഞ്ഞായ്ക്കു ലഭിച്ച പര്യായം ഉത്തരീയമെന്നാണല്ലോ. പാവപ്പെട്ട കുറത്തിയുടെ കഴുത്തിലെ ചേലയുടെ നാമമേ ഇതിനു് കൊടുക്കാനുണ്ടായിരുന്നുള്ളോ? മുകളിൽ ഉദ്ധരിച്ച കുറത്തിപ്പാട്ടു് ഉത്ഭവിക്കുന്നതിനു് വളരെ വളരെ മുമ്പുപോലും ഉത്തരീയത്തിനു് ഉൽകൃഷ്ടമായ അർത്ഥം കേരളത്തിൽ കൈവന്നിരുന്നു. നാരായണീയം എന്ന മഹാകാവ്യത്തിൽ ഹൈന്ദവഭക്തനായ ഭട്ടതിരി "ഉത്തരീയ"ത്തെ പ്രയോഗിച്ചിട്ടുണ്ടു്. ഭക്തകളായ ഗോപീജനങ്ങൾ തങ്ങളുടെ ദേവനു് ശയിക്കാൻ സ്വകീയോത്തരീയങ്ങൾകൊണ്ടു ശയ്യോപകരണം തയ്യാറാക്കിയതായിട്ടു് ആ കാവ്യത്തിൽ പറയുന്നു.

"ചന്ദ്രകരസ്യന്ദലസൽസുന്ദരയമുനാ
തടാന്തവീഥീഷു
ഗോപീജനോത്തരീയേ............"
(നാരായണീയം)

അക്രൈസ്തവരായ പൂർവ്വികരോമന്മാരും ഭാരതത്തിലെ ഹൈന്ദവരും അവരുടെ മതബോധങ്ങൾ അനുസരിച്ചു സ്വീകരിച്ചു് ആദരിച്ചുപോന്ന ആദ്ധ്യാത്മികത്വത്തിന്റെ അടയാളങ്ങൾകൂടെയാണു് വെസ്റ്റിജ്ജും, ഉത്തരീയവും എന്നു കരുതിക്കൂടേ?

ഉത്തരീയത്തിനു് ഉൽകൃഷ്ടമായ മറ്റർത്ഥങ്ങളുമുണ്ടു്. ഉത്തരം, എന്നുള്ളതിൽ നിന്നാണു് ഉത്തരീയം ഉത്ഭവിച്ചിരിക്കുന്നതു്. അതായതു് ഏറ്റവും മേലെപ്പെട്ട വസ്ത്രം, മുകളിലത്തെ വസ്ത്രം, മുകളിൽനിന്നും വന്ന വസ്ത്രം, മേല്പോട്ടു കൊണ്ടുപോകുന്നതും, കൊണ്ടുപോകാവുന്നതുമായ വസ്ത്രം.

ഇത്രത്തോളം ഉൽകൃഷ്ടവും ഉപകാരപ്രദവുമായ ഈ ഉത്തരീയത്തെ തന്റെ മക്കളെല്ലാവരും ധരിച്ചു് ആ ആദർശങ്ങൾ അനുസരിച്ചു് ജീവിക്കുന്നതു കാണുമ്പോൾ നമ്മുടെ എല്ലാവരുടേയും അമ്മയായ ആ ദൈവമാതാവു് ആനന്ദഭരിതയായി പാടും, തിന്തിന-ത്തിനന-യെന്ന സന്തോഷത്തിന്റെ ഗാനം.

## റോമിൽ ശാന്തിനികേതം

ലോകമാസകലമുള്ള കത്തോലിക്കാ യുവജനങ്ങൾക്കു ഒരു പരിശീലനകേന്ദ്രമായി ഉപകരിക്കത്തക്ക ഒരു സ്ഥാപനം ആഗസ്റ്റുമാസത്തിൽ റോമിൽ ഉൽഘാടനം ചെയ്യപ്പെട്ടിരിക്കുന്നു. Domus Pacis, സമാധാനത്തിന്റെ ഭവനം എന്നാണു് അതിനു നാമം നൽകിയിരിക്കുന്നതു്. ഇറ്റലിയിലെ കത്തോലിക്കാ പ്രവർത്തനസംഘടനയുടെ യുവജനവിഭാഗത്തിന്റെ ഒരു നേർച്ചയുടെ ഫലമായിട്ടാണു് ഇതു ഉദയംചെയ്തിരിക്കുന്നതു്. 1944-ൽ സഖ്യസൈന്യം റോമിൽ പ്രവേശിച്ചപ്പോൾ വത്തിക്കാന്റെ നില അപകടത്തിലാകുമെന്നുള്ള ഭീതി സർവ്വത്ര നിഴലിച്ചു. പരിശുദ്ധപിതാവു യുദ്ധവിപത്തിൽനിന്നു വിമുക്തനാകുന്നപക്ഷം ഈദൃശമായ ഒരു സ്ഥാപനം റോമിൽ സമാരംഭിച്ചുകൊള്ളാമെന്നു മേല്പറഞ്ഞ യുവജനസമിതി അന്നു ഒരു പ്രതിജ്ഞ ചെയ്തു. ദൈവാനുഗ്രഹത്താൽ താമസംവിനാ ജർമ്മൻകാർ റോമാ ഒരു തുറന്ന നഗരമായി പ്രഖ്യാപിക്കുകയും, യുദ്ധകാർമേഘം വത്തിക്കാനിൽനിന്നു നീങ്ങുകയുമാണുണ്ടായതു്. തദനുസരണം സമിതി അതിന്റെ ശപഥം ഇപ്പോൾ പൂർത്തികരിച്ചിരിക്കുന്നു. വത്തിക്കാനിൽനിന്നു അധികം അകലെയല്ലാതെ, വിയാ അവുരേലിയായിൽ പുതിയ സ്ഥാപനം നിലകൊള്ളുന്നു. 600 മുറികളിലായി ആയിരത്തോളം ആളുകൾക്കു താമസിക്കത്തക്ക സജ്ജീകരണങ്ങൾ ഇപ്പോൾതന്നെ അവിടെ ചെയ്തിട്ടുണ്ടു്. കർദ്ദിനാളന്മാരായ മൈക്കാറ, പീയാസ്സാ എന്ന തിരുമേനിമാരാണു ഉൽഘാടനം നിർവ്വഹിച്ചതു്. 52 രാജ്യങ്ങളിൽനിന്നുമുള്ള യുവജനസമാജപ്രതിനിധികളും, അവരുടെ പതാകകളും, തദവസരത്തിൽ വന്നുചേർന്നിരുന്നു. പരിശുദ്ധപിതാവു് അവരോടായിചെയ്ത പ്രക്ഷേപണമദ്ധ്യേ ഇപ്രകാരം പ്രസ്താവിച്ചു: "സംസ്കാരം, സയൻസ്, തത്വശാസ്ത്രം, വിശ്വാസം, സന്മാർഗ്ഗം, ചരിത്രം, പ്രവർത്തനം ആദിയായ രംഗങ്ങളിൽ, സാഹോദര്യസമ്പർക്കത്താൽ ഈ കേന്ദ്രത്തിൽ വിസ്തൃതമായ അന്തരീക്ഷം പ്രത്യക്ഷമാകുകതന്നെ ചെയ്യും.

## ഭവനപ്രശ്നം

മാതാപിതാക്കന്മാരുടെ സംഘടന എന്ന പേരിൽ ഒരു കത്തോലിക്കാസമിതി ഇംഗ്ലണ്ടിൽ ഊർജ്ജിതമായി പ്രവർത്തനം നടത്തിവരുന്നുണ്ടു്. ഭവനരഹിതരായ കുടുംബങ്ങളുടെ കാര്യത്തിലേക്കു ഗവമ്മെന്റിന്റെ സത്വരശ്രദ്ധയെ ക്ഷണിക്കുന്നതിലാണു് ഇപ്പോൾ ആ സംഘടന ഉദ്യുക്തമായിരിക്കുന്നതു്. സന്മാർഗ്ഗപരമായും ആരോഗ്യപരമായും നോക്കിയാൽ ഒരു കുടുംബത്തിനു തക്ക പാർപ്പിടമില്ലാതെവരുന്നതു എത്ര ആപൽക്കരമാണെന്നു് ഗവമ്മെന്റിനെ ഉൽബോധിപ്പിക്കാൻ അവർ പരിശ്രമിച്ചുവരുന്നു. മറ്റു കത്തോലിക്കാ സംഘടനകളുടേയും സഹായസഹകരണങ്ങൾ ഇതിലേക്കു അവർ ക്ഷണിച്ചിട്ടുണ്ടു്. ആദ്യമായി അവർ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഒരു സ്ഥിതിവിവരക്കണക്കുതന്നെ ആരുടെയും കണ്ണു തുറപ്പിക്കാൻ പര്യാപ്തമാണു്. അതിൽപറയുന്നതായതു്: തക്ക പാർപ്പിടമില്ലായ്കനിമിത്തം, അഞ്ചുവയസ്സിനു താഴെയായി 15,700 ശിശുക്കൾ കഴിഞ്ഞ ഒരാണ്ടിൽ അകാലമൃത്യുവിനു ഇരയായിട്ടുണ്ടു്. അതിനുമേൽ പ്രായമുള്ള 33,000 കുട്ടികളാണു് തന്നിമിത്തം മരണം അടഞ്ഞിട്ടുള്ളതു്. കഴിഞ്ഞകൊല്ലം മുപ്പതുലക്ഷത്തോളം ഭവനരഹിതർ രാജ്യത്തുണ്ടായിരുന്നു. പത്തുകൊല്ലംമുമ്പു് അതു മൂന്നുലക്ഷം മാത്രമായിരുന്നു. യുദ്ധത്തിൽ നശിച്ചതോ, കേടുഭവിച്ചതോ ആയ 274,700 ഭവനങ്ങൾ ഇനിയും ഉപയോഗയോഗ്യമാകാതെ കിടപ്പുണ്ടു്. 1945-50 വത്സരങ്ങളിൽ ഭവനനിർമ്മാണപദ്ധതി, അതിനുമുമ്പുള്ള പഞ്ചവത്സരത്തിലേതിന്റെ പകുതിത്തോതിലേ പുരോഗമിച്ചിട്ടുള്ളു. സൗകര്യമായ പാർപ്പിടമില്ലായ്കനിമിത്തം സന്മാർഗ്ഗവും ആരോഗ്യവും എത്ര അധഃപതിക്കുന്നു എന്നു ഗവമ്മെന്റു മനസ്സിലാക്കുന്നില്ല. ഭവനനിർമ്മാണകാര്യം സർവ്വപ്രധാനമായൊരു സംഗതിയായി ഗവമ്മെന്റു പരിഗണിക്കേണ്ടതാകുന്നു. ഗവമ്മെന്റിൽനിന്നു നേരിട്ടു നടത്താതെ പ്രാദേശികസംഘടനകളെ ഏല്പിച്ചെങ്കിലല്ലാതെ ഈ കാര്യം ഫലപ്രദമായി നിർവ്വഹിക്കപ്പെടുന്നതല്ല.

## Gleanings

**An Englishwoman** who kept two cows for household use found that while her children were at School she had more milk than she needed. Knowing it was illegal to sell the surplus, she gave it away to friends in the village. Soon an official arrived to say that even giving it away was illegal, unless the recipients were in her employ.

"You surely don't want me to pour it down the drain?" asked the woman.

"Of course not," replied the official, "My ministry is against waste of any sort. You must only draw off as much as you require."

— Evening Standard, London.

* * *

**In Liechtenstein** there is a merry-go-round which a young boy rode every day. One afternoon he found the merry-go-round closed. Disappointed, he hunted up the owner and asked why it wasn't operating. "It is because the Prince is very sick," he answered.

The youngster looked baffled and replied: "Is there no one else who can make the merry-go-round work?"

— Pourquoi Pas, Brussels.

* * *

From behind the Iron Curtain:

A Hungarian Communist, who had been a movie producer in Budapest, was summoned to Moscow by the Commissar of Culture. "Comrade," said the Commissar, "we wish an epic film made of the glorious Revolution. It will depict the Cossacks and the kulaks and the vast sweeps of the steppes; it will show millions of slaves suffering in the salt mines of Siberia, put there by the Czars; it will"

"But the cost, Commissar!" broke in the Hungarian. 'Millions of actors —where will we get the rubles?'

"Rubles, bah!" roared the commissar. "We will use real slaves!"

— The Pathfinder.

